1995

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Tuesday the 15th July 1952.

VOL. VI OFFICIAL REPORT No. 14

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 15th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS.

Ameliorative work in the Prohibition area.

* 726. (1) **Shri P. S. Nataraja Pillai:** Will the Minister for Excise be pleased to state:

(a) whether ameliorative work under a separate staff was carried on in the prohibition area in 1951—52; if so, what were the results of such work; and

(b) if not, the reasons to discontinue this work which was introduced when prohibition was enforced in those areas ?

Minister for Medicine and Public Health **(Shri V. Madhavan):**

(a) No.

(b) With the formation of the Department of Public Relations and the transfer of propaganda work of the Prohibition Department to that Department, the ameliorative work attended to by the Prohibition Department was ordered to be taken up by the Village Uplift Department. A separate staff was sanctioned in the Village Uplift Department for this work. But since the Standing Finance Committee did not agree to the provision for this staff, the work had to be given up.

Shri P. S. Nataraja Pillai: Why did Government, before getting the sanction of the Standing Finance Committee, abolish the staff under the Excise Department for the ameliorative work ?

ശ്രീ. വി. മാധവൻ: പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ വന്നപ്പോൾ ഈ പ്രൊഹിബിഷനെ സംബന്ധിച്ചുള്ള പ്രൊപ്പഗൻഡാ മുതലായവയെല്ലാം ആ ഡിപ്പാർട്ടുമെന്റ മുഖേന ചെയ്യാം എന്നു ഉദ്ദേശിച്ചാണു് ആദ്യം ആ ഡിപ്പാർട്ടുമെന്റിലേയ്ക്കു് മാററിയതു്. അതിനു് ശേഷം വില്ലേജ് അപ്ലിഫ്ററ ഡിപ്പാർട്ടുമെന്റ മുഖേന നടത്തുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു കരുതി ആ ഡിപ്പാർട്ടുമെന്റിലേക്കു് മാററി. ഒടുവിൽ സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിററി ഇതിനു പ്രത്യേകം ഒരു സ്റ്റാഫിനുള്ള തുക അനുവദിച്ചില്ല. കമ്മിററി അനുവദിച്ചാൽ മാത്രമേ ഏതും നടപ്പിൽ വരുത്തുവാൻ സാദ്ധ്യമുള്ളൂ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: എനിക്കു് അറിയാനുള്ളതു്, സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിററിയുടെ അഭിപ്രായം അമീലിയോറേററീവ് വർക്ക് നടത്തേണ്ടതില്ലാ എന്നായിരുന്നോ എന്നാണു്?

ശ്രീ. വി. മാധവൻ: അതിനു് പ്രത്യേകം ഒരു സ്റ്റാഫിനെ പ്രൊവൈഡു് ചെയ്യേണ്ടാ എന്നുള്ള അഭിപ്രായമാണു് അവർ എടുത്തതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ സ്റ്റാഫിന്റെ പ്രവർത്തനം വില്ലേജ് അപ്ലിഫ്ററ് ഡിപ്പാർട്ടുമെന്റ മുഖേന വേണ്ടാ എന്നാണോ അതോ ഈ വർക്ക് തന്നെ വേണ്ടാ എന്നാണോ സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിററിയുടെ അഭിപ്രായം?

ശ്രീ. വി. മാധവൻ: സ്റ്റാഫ് പ്രത്യേകമായി വേണ്ട എന്നാണു് അവരുടെ അഭിപ്രായം.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഗവമ്മെൻറിന്റെ അഭിപ്രായം ഈ അമീലിയോറേററീവ് വർക്ക് നടത്തേണ്ടാ എന്നോ അതോ ആവശ്യമുണ്ടെന്നോ?

ശ്രീ. വി. മാധവൻ: പ്രൊഹിബിഷനെ സംബന്ധിച്ചു് പ്രൊപ്പഗൻഡാ നടത്തുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കും എന്നുള്ളതല്ലാതെ അതു് അത്യാവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നുള്ള അഭിപ്രായം ഗവമ്മെൻറിനു് ഇല്ലായിരിക്കാം. സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയുടെ അഭിപ്രായത്തെ അവഗണിച്ചുകൊണ്ടുള്ള അഭിപ്രായം അന്നത്തെ ഗവമ്മെൻറിനു് ഉണ്ടായിരുന്നില്ലായിരിക്കാം.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇന്നത്തെ ഗവമ്മെൻറിന്റെ അഭിപ്രായം ഈ അമീലിയോറേററീവ് വർക്ക് വേണമെന്നോ വേണ്ടാ എന്നോ?

ശ്രീ. വി. മാധവൻ: ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം അറിഞ്ഞതുകൊണ്ടു് ഗവമ്മെൻറ അതിനെപ്പററി ആലോചിക്കുന്നതാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ അമീലിയോറേററീവ് വർക്കിനു അധികം സ്റ്റാഫ് ഇല്ലാത്തതുകൊണ്ടു് പ്രൊഹിബിഷൻ കേസ് അധികമായിട്ടുണ്ടെന്നു് ഗവമ്മെൻറിനു് തോന്നുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല. ഇതിന് പ്രത്യേകം ഒരു സ്റ്റാഫ് ആവശ്യമുണ്ടെന്ന് ഗവണ്മെൻറിന് തോന്നിയിട്ടില്ല.

Shri M. M. Abdul Khader: May I know if the Government think illicit distilleries have to be tolerated as an ameliorative measure?

Mr. Speaker: The question is disallowed.

ശ്രീ. ആർ. കേശവപിള്ള: ഈ അമീലിയോറേററീവ് വക്ക് വേറെ ഡിപ്പാർട്ടുമെൻറ മുഖേന നടത്തുന്നുണ്ടോ?

ശ്രീ. വി. മാധവൻ: തൊഴിലില്ലാത്തവക്ക് തൊഴിൽ കൊടുക്കുന്നതിന് കമ്മ്യൂണിററി പ്രാജക്ററ് മുഖേന കുറെയൊക്കെ സാധിക്കുന്നതാണ്. പിന്നെ ചേർത്തല മുതലായ പ്രദേശങ്ങളിൽ തൊഴിലില്ലാത്തവക്ക് തൊഴിൽ കൊടുക്കുന്നതിന് ചില പ്രപ്പോസൽസും ഉണ്ട്.

ശ്രീ. കെ. സി. നൈനാൻ: അമീലിയോറേററിവു വക്കും പ്രൊഹിബിഷനും മററു ദിക്കുകളിലേക്കും വികസിപ്പിക്കുവാൻ ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

Mr. Speaker: Order, order. That is far away from this question.

ശ്രീ. എ. താണുപിള്ള: അമീലിയോറേററിവ് വക്ക് പ്രൊഹിബിഷൻ ഫലവത്താക്കിത്തീർക്കുന്ന സ്ഥിതിക്ക് പ്രൊഹിബിഷനെക്കുറിച്ച് ഗവണ്മെൻറിൻെറ നയമെന്താണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: പ്രൊഹിബിഷനെക്കുറിച്ചുള്ള ഗവണ്മെൻറിൻെറ നയമെന്തായിരിക്കുമെന്നു ഇപ്പോൾ പറയണമെന്നില്ല. അതിനെ സംബന്ധിച്ചു ചോദ്യോത്തര വേളയിൽ പലതവണ മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എ. താണുപിള്ള: പ്രൊഹിബിഷൻ നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ അതു ശരിയ്ക്കു നടത്തണമെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഉണ്ട്.

ശ്രീ. എ. താണുപിള്ള: അങ്ങനെയുണ്ടെങ്കിൽ ഈ അമീലിയോറേററിവ് വക്ക് ആവശ്യമല്ലെ?

ശ്രീ. വി. മാധവൻ: അതിനാണ് ഈ വക്ക് ഉദ്ദേശിച്ചിട്ടുള്ളത്.

Perurkada Hospital

* 727. (2) **Shri P. S. Nataraja Pillai**: Will the Minister for Medicine be pleased to state:

(a) the average number of labour cases attended in the Perurkada Hospital;

(b) whether there is a labour ward or a room to attend these cases in this Hospital;

(c) the number of beds provided in this Hospital and the average daily number of inpatients treated there;

(d) whether there is an operation theatre in this Hospital to attend surgical cases ; and

(e) whether there is a privy or urinal in this Hospital ?

Minister for Medicine and Public Health **(Shri V. Madhavan):**

(a) 437 in 1951—52.

(b) There is no labour room in this Hospital. But now a portion of the Female Ward enclosed with asbestos sheets is being used as a labour room.

(c) There are 76 beds in a permanent building. There are 5 temporary sheds which have enough space to accommodate 82 patients. The average daily number of inpatient is about 180.

(d) There is a minor operation theatre.

(e) There are 9 bore-hole latrines enclosed by bamboo thatties. Arrangements for the construction of masonry buildings are being made.

Mr. Speaker: Next question please, Mr. Gangadharan.

വെട്ടൂർ-അകത്തുമുറി വില്ലേജ് റോഡ്.

* ൧൨൮. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെന്നിക്കോട്ടെ വെട്ടൂർ അകത്തുമുറി റോഡു പൂർത്തിയായതെന്ന്;

(ബി) എത്ര രൂപ ചെലവായി;

(സി) റോഡു ഗ്രാവലിംഗ് നടത്തിയിട്ടുണ്ടോ;

(ഡി) ഗ്രാവലിംഗ് നടത്താതിരിക്കുന്നതിനാൽ മഴമൂലം റോഡിന്റെ പല ഭാഗങ്ങളും നശിച്ച് ഉപയോഗശൂന്യമായിരിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൨൬-൧൨-൧൯൫൧.
(ബി) ൯,൯൧൧ രൂപ.
(സി) ഇല്ല.
(ഡി) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: ഈ ബഡ്ജററ് വർഷത്തിൽ തന്നെ ഗ്രാവലിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ റോഡിന്റെ കുറെഭാഗം ഗ്രാവലിംഗ് നടത്തേണ്ടതുണ്ട്. അതിനു എസ്റ്റിമേററ് ആവശ്യപ്പെട്ടിട്ടുണ്ട്.

ചൂരൽ വെട്ട്.

*൧ വ-ൻ. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൂരൽ വെട്ടുന്നതിനുള്ള അധികാരം കാൺട്രാക്ട് മുഖേനയാണോ കൊടുക്കുന്നത് ;

(ബി) കാൺട്രാക്ട് മുഖേന കൊടുക്കാൻ തുടങ്ങിയിട്ട് എത്രകാലമായി ;

(സി) ചൂരൽ വെട്ടാനുള്ള അധികാരം ചൂരൽത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾ മുഖേന കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

Minister for Revenue **(Shri A. Chidambaranatha Nadar):**

(a) The large scale extraction of rattan (cane) is being done on contract basis *i. e.* the right of collection and removal is sold in public auction every year. But seigniorage passes are also being issued to *bona fide* consumers in order to encourage cottage industries.

(b) This system has been in vogue for more than a decade.

(c) There is no proposal for getting the work done by Co-operative Societies of cane workers so far.

ശ്രീ. ആർ. ഗംഗാധരൻ : പറഞ്ഞത് ഒന്നും കേട്ടില്ല.

Mr. Speaker: The right of collecting these materials is being given on contract and that has been in vogue for over a decade and no proposal has been made for getting this work done through Co-operative Societies.

ശ്രീ. ആർ. ഗംഗാധരൻ : ചൂരൽ വെട്ടുവാനുള്ള അധികാരം കാൺട്രാക്ടറം പ്രകാരം കൊടുക്കുന്നതുകൊണ്ട് ചൂരലിന്റെ വില കൂടി വരുന്നതായി ഗവണ്മെന്റിന് അറിയാമോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. ആർ. ഗംഗാധരൻ: ആ സ്ഥിതിക്ക് അത് വെട്ടുവാനുള്ള അധികാരം ഈ തൊഴിലാളികളുടെ സൊസൈററിക്ക കൊടുത്താൽ അതു തൊഴിലാളികൾക്ക് ഗുണകരമായിരിക്കുമെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

Shri A. Chidambaranatha Nadar: So, if the Government find it highly essential, it will be considered.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഗവണ്മെന്റിനു ചൂരൽ ആവശ്യമുണ്ടെങ്കിൽ ആ ചൂരൽ വെട്ടുന്നതും ഈ കാൺട്രാക്ടറമുഖേനയാണോ?

Shri A. Chidambaranatha Nadar: From this question that supplementary question does not arise.

ശ്രീ. എൻ. രാജഗോപാലൻ നായർ: ചൂരൽ വളരെ ആവശ്യമുള്ള ഡിപ്പാർട്ടുമെൻറുകൾ ഉണ്ട്. ചില ഡിപ്പാർട്ടുമെൻറുകളിൽ ചൂരൽ ധാരാളം വളർത്തിയതായും ചില മന്ത്രിമാർ ഇവിടെ പറഞ്ഞു കേട്ടു. അങ്ങനെ ഗവണ്മെൻറിന് ആവശ്യമുള്ള ചൂരലുകൾ എല്ലാം ഈ കാൺട്രാക്റ്ററിൽ നിന്നാണോ വാങ്ങുന്നത്?

Shri A. Chidambaranatha Nadar: If the hon. Member sends another question, I can supply him with full details.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പോലീസുകാരെ ചൂരൽ തൊഴിലാളികളായി ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ? (ചിരി.)

Mr. Speaker: Next question please.

അടിസ്ഥാനനികുതി.

*൧൩൦. [൫] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് അടിസ്ഥാനനികുതി ചുമത്തിയിട്ടില്ലാത്ത ഭൂമികളുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

Minister for Revenue (**Shri A. Chidambaranatha Nadar**):

(a) Yes.

(b) (1) Edavaka lands.

(2) Sri Pandaravaka lands.

(3) Sripadam lands.

(4) Kandukrishi lands.

ശ്രീ. വി. ശ്രീധരൻ: ഈ സംസ്ഥാനത്തുള്ള എല്ലാ ഭൂമികൾക്കും അടിസ്ഥാന നികുതി ചുമത്തുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That is a very comprehensive question. We have discussed that question sufficiently well in this House. Do you want to pursue that further?

Shri P. S. Nataraja Pillai: May I know whether there are lands on which basic tax and other taxes are also realised ?

Mr. Speaker: I can appreciate the question. But what is the main question ?

Shri P. S. Nataraja Pillai: May I know whether there are lands on which basic tax and other taxes are levied ?

Mr. Speaker: The main question is :

"ഈ സംസ്ഥാനത്ത് അടിസ്ഥാനനികുതി ചുമത്തിയിട്ടില്ലാത്ത ഭൂമികളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ?

Order, order. Next question please.

Drinking Water.

※ 731. [6] **Shri P. V. Avira Tharakan**: Will the Minister for Public Health be pleased to state whether it is a fact that the people of Neendakara in Shertallai Taluk are not getting good drinking water ?

Minister for Works and Transport **(Shri Kalathil Velayudhan Nair)**:

There is scarcity of good drinking water in Neendakara.

ശ്രീ. പി. വി. അവിരാ തരകൻ: അതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നടപടി എടുത്തിട്ടുണ്ട്. അവിടെ കുഴൽ കിണർ കുഴിച്ച് വെള്ളം കൊടുക്കുവാനുള്ള ഒരു പദ്ധതിയുണ്ട്.

ശ്രീ. പി. വി. അവിരാ തരകൻ: അവിടെ കുഴൽ കിണർ കുഴിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: പൊതുവെ അന്വേഷണം നടത്തുക മാത്രമേ ഗവൺമെന്റിനു ഉദ്ദേശമുള്ളോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷണത്തിന്റെ ഫലമായി ചില സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നില്ലെന്നു ഗവൺമെന്റിനു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ശുദ്ധജലം ഇല്ലാത്ത സ്ഥലങ്ങളിൽ ശുദ്ധജലം കൊടുക്കുന്നതിനു ഗവൺമെന്റ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷണത്തിന്റെ ഫലമായി ഇന്നയിന്ന ദിക്കിൽ ആദ്യമായി കുഴൽ കിണറുകൾ കുഴിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: കുട്ടനാട് എന്ന സ്ഥലം കുഴൽ കിണറുകൾ കുഴിക്കുവാൻ തീരുമാനിച്ചിരിക്കുന്ന ഏരിയായിൽ ഉൾപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏറ്റവും ആദ്യം കുഴൽ കിണർ കുഴിക്കുന്നതിനു എടുത്തിട്ടുള്ള പ്രദേശങ്ങളിൽ കുട്ടനാട് ഉൾപ്പെടുമെങ്കിൽ അവിടേയും കുഴൽ കിണർ കുഴിക്കുന്നതാണ്.

Shri M. M. Abdul Khader: May I know, Sir, if the supply of pure water in coastal taluks is delayed out of political revenge for returning leftist candidates ?

Mr. Speaker: That is disallowed.

കുഷ്ഠരോഗികൾ.

* ൧൩൨. [൧] ശ്രീ. എ. എൽ. ജേക്കബ്ബ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) എറണാകുളം-മട്ടാഞ്ചേരി മുതലായ പട്ടണങ്ങളിൽ കുഷ്ഠരോഗികളുടെ ശല്യം വളരെ വർദ്ധിച്ചിരിക്കുന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സാംക്രമിക രോഗബാധിതരായ ഇവർ മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗസംക്രമണത്തെ തടയുന്നതിന് എന്തു നടപടിയാണു ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്നത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.

(ബി) ഈ സംഗതി ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. എ. എൽ. ജേക്കബ്ബ് : ഈ കാര്യത്തിൽ ഗവണ്മെൻറ് ഇത്രത്തോളം മൌനം ദീക്ഷിക്കുന്നതിൻെറ കാരണമെന്ത് ?

ശ്രീ. വി. മാധവൻ : കുഷ്ഠരോഗം എറണാകുളത്തും മട്ടാഞ്ചേരിയിലും മാത്രമല്ല ബാധിച്ചിരിക്കുന്നത്. സംസ്ഥാനം ഒട്ടാകെ അവിടവിടെയായി ഈ രോഗികൾ ഉണ്ട്. കുഷ്ഠരോഗികളെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനായി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ട്. ആ ആഫീസറുടെ റിപ്പോർട്ടിനെ ആസ്പദമാക്കി നടപടി നടത്തുന്നതായിരിക്കും.

ശ്രീ. ഒ. സി. നൈനാൻ : കുഷ്ഠരോഗികളെ സംബന്ധിച്ചിടത്തോളം നാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കാതിരിക്കാൻ വേണ്ടി ഒരു നിയമം ആവശ്യമാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ ?

ശ്രീ. വി. മാധവൻ : അതിലേക്കു നിയുക്തനായ സ്പെഷ്യലാഫീസറുടെ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കാമെന്നു വിചാരിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ : ഇതരസംസ്ഥാനങ്ങളിൽ ഇതേ സംബന്ധിച്ചു നിയമങ്ങൾ നിലവിലിരിക്കുന്നതായി അറിയാമോ ?

ശ്രീ. വി. മാധവൻ : അറിയാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിനുള്ള പ്രത്യേകതരം നടപടികൾ മുൻപു കൊച്ചിയിൽ ഉണ്ടായിരുന്നില്ലേ ?

ശ്രീ. വി. മാധവൻ : ഉണ്ടായിരുന്നിരിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഇതിനുവേണ്ടി ശക്തിയായി നടപടികൾ എടുക്കുന്നപക്ഷം, ഈ രോഗത്തെ തടയാൻ സാധിക്കുകയില്ലേ ?

ശ്രീ. വി. മാധവൻ: സംസ്ഥാനത്തുള്ള രോഗികളെ ഓരോ സ്ഥാപനത്തിൽ കൊണ്ടുവന്നു ചികിത്സിക്കാനുള്ള സൗകര്യം ഇപ്പോൾ ഇല്ലാതിരിക്കുകയാണ്.

ശ്രീ. വാറുണ്ണി പുളിക്കൽ: അന്യസ്ഥലങ്ങളിൽ നിന്നു കുഷ്ഠരോഗികൾ എറണാകുളം, തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ വന്നു അലഞ്ഞുതിരിയുന്നതായി, എറണാകുളം മുനിസിപ്പാലിററിയിൽ നിന്നും അറിവുകിട്ടിയിട്ടില്ലേ?

ശ്രീ. വി. മാധവൻ: അന്യരാജ്യങ്ങളിൽ നിന്നും കുഷ്ഠരോഗികൾ നമ്മുടെ സംസ്ഥാനത്ത് അലഞ്ഞുതിരിയുന്നുവെന്നു അറിവു കിട്ടിയിട്ടുണ്ട്.

ശ്രീ. വാറുണ്ണി പുളിക്കൽ: ഈ ഏർപ്പാടു തടയുന്നതിനു വല്ല നടപടിയും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ തടയുന്നതിനുള്ള വ്യവസ്ഥകളൊന്നും ഇപ്പോൾ ഇല്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കുഷ്ഠരോഗസ്പെഷ്യലാഫീസറെ നിയമിച്ചതെന്നാണ്?

ശ്രീ. വി. മാധവൻ: തീയതി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. കെ. രാമകൃഷ്ണൻ: സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു എന്നത്തേക്കു തയ്യാറാകുമെന്നാണു പ്രതീക്ഷിക്കുന്നതു്?

ശ്രീ. വി. മാധവൻ: താമസിയാതെ തയാറാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കുഷ്ഠരോഗത്തെപ്പററി അന്വേഷണം നടത്താൻ നിയമിതനായ സ്പെഷ്യലാഫീസർ മററു സാംക്രമിക രോഗബാധിതരുടെ സ്ഥിതിവിവരങ്ങളും റിപ്പോർട്ടു ചെയ്യണമെന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഇപ്പോൾ കുഷ്ഠരോഗത്തെപ്പററി മാത്രം റിപ്പോർട്ടു ചെയ്യാനാണു നിയമിച്ചിട്ടുള്ളതു്.

ഡാക്ടറന്മാർക്കു അലവൻസ്.

* ൭൩൩. [വ] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുള്ള ഗ്രാൻറു ഇൻ എയിഡ് ഡിസ്പെൻസറിയിലെ ഡാക്ടറന്മാർക്ക് എന്തുവീതം അലവൻസു കൊടുത്തുപോരുന്നു;

(ബി) ടി ഡാക്ടർമാർ മെഡിക്കൽ പരീക്ഷായോഗ്യതയുള്ളവരാണോ; ഉണ്ടെങ്കിൽ എന്തു യോഗ്യതകളാണ്;

(സി) കല്ലേററുങ്കര ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറിയിൽ ഇപ്പോൾ ഡാക്ടറുണ്ടോ; ഉണ്ടെങ്കിൽ ആരാണ്;

(ഡി) ടി ഡാക്ടർക്കുള്ള അലവൻസു കൊടുക്കുന്നതിൽ വലിയ താമസം വന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരാണതിനുത്തരവാദി ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) കൊച്ചി പ്രദേശത്തു ഗ്രാന്റ്-ഇൻ-എയിഡ് ഡിസ്പെൻസറികളിലെ ഡാക്ടറന്മാർക്ക് ൧൦ രൂപ അലവൻസും ൨൫ രൂപ ക്ഷാമബത്തയും കൊടുക്കുന്നു. തിരുവിതാംകൂർ പ്രദേശത്തു ഡാക്ടറന്മാർക്ക് അലവൻസ് കൊടുക്കുന്നില്ല. ആസ്പത്രികൾക്കു ഗ്രാന്റുകൊടുക്കുന്നു.

(ബി) അതെ. ചിലർ എൽ. എം. പി. യും, മററു ചിലർ എം. ബി. ബി. എസ്സുമാണ്.

(സി) ഉണ്ട്. ഡാക്ടർ കെ. അപ്പുമേനോൻ.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

Nagercoil District Hospital.

* 734. [9] **Shri C. Sankar:** Will the Minister for Medicine and Public Health be pleased to state:

(*a*) when and why the Nagercoil District Hospital was degraded into a dispensary;

(*b*) whether there is any special maternity ward there at present;

(*c*) for how many beds has provision been made there at present;

(*d*) is it a fact that a palacious two storied building of the above Hospital has been given for the use of only one European Nurse who is not in the services of the above Hospital;

(*e*) whether any suggestions have been made by any doctor of the above Hospital for the increase of the number of beds and other medical facilities;

(*f*) if so, what are the suggestions?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) The District Hospital, Nagercoil, was never degraded into a dispensary. It is still a Hospital.

(*b*) Yes.

(*c*) 9 beds.

(*d*) There is a two storied building formerly occupied by the Nursing Sisters. Now the Sister Health Visitors attached to the Nagercoil Municipality are residing in this building.

(*e*) No.

(*f*) Does not arise.

Shri C. Sankar: Is it a District Hospital now?

Shri V. Madhavan: It is not a District Hospital now. It is a hospital. പേരിനു വ്യത്യാസമുണ്ടെന്നുമാത്രമേയുള്ളൂ.

Shri C. Sankar: Is the Minister aware that it was a District Hospital?

ശ്രീ. വി. മാധവൻ: കുറച്ചു മുൻപു ഡിസ്ട്രിക്റ്റ് ആശുപത്രിയെന്നു പേരായിരുന്നു ഇതിനുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ 'ഹോസ്പിററൽ' എന്ന പേരുമാത്രമെയുള്ളൂ.

Lemon Grass Growers Co-operative Society.

✻ 735. [10] Shri N. P. Varghese: Will the Minister for Local Self Government be pleased to state:

(*a*) is there a lemon grass growers' Co-operative Society at Kuruppumpady;

(*b*) do such society pool lemon grass oil produced by the cultivators and arrange for exporting it without intermediaries;

(*c*) do the Government propose to help the society by loans and a Government paid Secretary to organise it on an All Travancore-Cochin basis; and

(*d*) has the Co-operative Department taken any steps in the matter?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) Yes. But it has not started work.

(*b*) (*c*) &(*d*) These questions do not arise in view of the answer to (a).

ശ്രീ. എൻ. പി. വറഗീസ്: പുൽതൈലം എററമതി ചെയ്യാൻ സൗകര്യമില്ലാത്തതു നിമിത്തമാണ് ഈ സൊസൈററിയുടെ പ്രവർത്തനം മാന്ദ്യപ്പെട്ടിട്ടുള്ളതെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

Dispensary at Kulanada.

✻ 736. [11] Dr. M. Sivaraman Nair: Will the Minister for Medicine be pleased to state:

whether it is a fact that the dispensary at Kulanada is housed in a rented building now?

Minister for Medicine and Public Health **(Shri V. Madhavan):** The dispensary is not housed in a rented building.

ഡാക്ടർ എം. ശിവരാമൻനായർ: ഇപ്പോൾ ആശുപത്രി നടക്കുന്ന കെട്ടിടം സ്ഥലസൗകര്യമില്ലാത്തതാണെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ഡാക്ടർ. എം. ശിവരാമൻനായർ: ഈ കെട്ടിടത്തിനുവേണ്ടി—

Mr. Speaker: Order, order. It is purely a local matter.

കള്ളുഷാപ്പ് ലേലം.

*൧൩൧. [൧൨] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൭-ലേയ്ക്കുള്ള കള്ളുഷാപ്പു ലേലം ഇളവു ചെയ്യുവാനാവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ-കൊച്ചി കള്ളുഷാപ്പുടമസ്ഥസംഘത്തിന്റെ വല്ല നിവേദനവും ഗവണ്മെന്റിലേയ്ക്കു ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ ലേലസംഖ്യ ഇളവുചെയ്യണമെന്നു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.
(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.
(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : കഴിഞ്ഞ മാർച്ച് അസംബ്ലിയിൽ ഒരു ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി, കള്ളുഷാപ്പു ലേലംചെയ്തവകയിൽ ൧,൨൪,൦൦,൦൦൦ രൂപ ഉണ്ടായിരുന്നുവെന്ന് എന്നാൽ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു് ൧,൭൩,൦൦,൦൦൦ രൂപയാണ്. ഈ വ്യത്യാസത്തിനു കാരണമെന്താണ് ?

Mr. Speaker: The question is whether any representation has been made for the reduction of the auction amount by the Tappers' Association. You are putting a question without any bearing on the main question.

ശ്രീ. കെ. പി. പ്രഭാകരൻ : ആ വ്യത്യാസം എന്തുകൊണ്ടു വന്നു എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. വി. മാധവൻ : ബഡ്ജററു നോക്കാതെ ഈ സംഗതിയെപ്പററി ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

Mr. Speaker: What is the relation between this question and that which the hon. Member has put as the main question?

ശ്രീ. കെ. പി. പ്രഭാകരൻ : പുതിയ കള്ളുഷാപ്പു തുടങ്ങുന്നതിനു മൂന്നു തവണകളുടെ സംഖ്യ അഡ്വാൻസുചെയ്യണമെന്നിരിക്കെ, രണ്ടു തവണകൾ മാത്രം അഡ്വാൻസു ചെയ്താൽ മതിയെന്നു പറയാൻ കാരണമെന്തു് ?

ശ്രീ. വി. മാധവൻ : ഷാപ്പു നടത്തിക്കൊണ്ടു പോകുന്നതിനു വളരെ വൈഷമ്യമുള്ള ഒരു ഘട്ടമാണിതു് എന്നു പരാതി ലഭിച്ചു. അതുകൊണ്ടു് ഒരു തവണത്തെയ്ക്കുള്ള അഡ്വാൻസു സംഖ്യയ്ക്കു ഒരു സാവകാശം കൊടുക്കണമെന്നു് ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് അങ്ങനെ ചെയ്തതു്.

ശ്രീ. സി. ജി. സദാശിവൻ : മുന്നുതവണകളിലെ സംഖ്യ കൂടി പ്പോയതുകൊണ്ടാണോ രണ്ടുതവണയായി കുറച്ചതു് ?

ശ്രീ. വി. മാധവൻ : അതുകൊണ്ടല്ല.

ആശുപത്രികളിൽ രോഗികളുടെ അസൗകര്യങ്ങൾ.

* ൭൩൮. [൧൫] ശ്രീ. കെ. സദാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവണ്മെൻറു് ആശുപത്രികളിൽ പലതിലും രോഗികൾക്കു് മലമൂത്ര വിസർജ്ജനത്തിന വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാതിരിക്കുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ചിറയിൻകീഴിലും ആലപ്പുഴയിലും (വിമൻസ് ആൻറു് ചിൽഡ്രൻസ്) നിന്നു് ഇതേപ്പററി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ :)

(എ) ചില ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കാവുന്നതാണു്.

(ബി) ചിറയിൻകീഴ് ആശുപത്രിയിൽ നിന്നു പരാതി ലഭിച്ചിട്ടുണ്ടു്. ആലപ്പുഴ ആശുപത്രിയിൽ നിന്നും പരാതി കിട്ടിയിട്ടില്ല. ഈ രണ്ടു ആശുപത്രികളിലും മലമൂത്രവിസർജ്ജനത്തിനു് സൗകര്യമുണ്ടാക്കുവാൻ വേണ്ട നടപടികളെടുക്കുന്നതാണു്.

ശ്രീ. കെ. സദാനന്ദൻ : ആലപ്പുഴ ആശുപത്രി അധികാരിയിൽ നിന്നും ഈ കാര്യത്തെപ്പററി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : കിട്ടിയിട്ടില്ല.

ശ്രീ. കെ. സദാനന്ദൻ : ചിറയിൻകീഴ് ആശുപത്രിയിൽ ഉണ്ടായിട്ടുള്ള അസൗകര്യത്തെ ആസ്പദമാക്കി എന്നാണു നിവേദനം കിട്ടിയിട്ടുള്ളതു് ?

ശ്രീ. വി. മാധവൻ : ഈ അടുത്ത കാലത്തു ചിറയിൻകീഴിൽ നിന്നും ഒരു നിവേദനം കിട്ടുകയുണ്ടായി. അതനുസരിച്ചു ഞാൻ സ്ഥലത്തു ചെന്നു സന്ദർശിച്ചതിൻെറ ഫലമായി വേണ്ട നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു് : കടയ്ക്കൽ ആശുപത്രിയിൽ മലമൂത്രവിസർജ്ജനത്തിന അസൗകര്യമുള്ളതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അതു മറെറാരു ചോദ്യമായി ചോദിച്ചാൽ വിവരം ശേഖരിച്ചു മറുപടി പറയാം.

Bifurcation of Tiruvella Taluk.

* 739. [16] **Dr. M. Sivaraman Nair:** Will the Minister for Revenue be pleased to state:

(*a*) whether representations have been received before for bifurcating Chengannoor from Tiruvella taluk; and

(*b*) if so what action was taken on them?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) Yes.

(*b*) The representation for bifurcating Chengannur from Tiruvella Taluk was received in the year 1946. It was then decided that the matter might lie over till the question of delimitation of constituencies is taken up. But in the new set-up, after the integration of the States of Travancore and Cochin, Government have decided that the questions relating to the re-shuffling and regrouping of Taluks and Pakuthies can be considered only after the unification of Land Revenue and Land Record Systems and Treasury procedure in the State is completed.

ഡാക്ടർ എം. ശിവരാമൻനായർ: തിരുവല്ലാതാലൂക്കിൽ ൨൮ പകുതികളുള്ളതിനാൽ താലൂക്ക് അധികൃതന്മാർക്കു റവന്യൂസംബന്ധമായ കാര്യങ്ങളിൽ വലിയ വൈഷമ്യം നേരിടുന്നതിനാൽ ചെങ്ങന്നൂർ പകുതിയെ ഒരു പ്രത്യേക താലൂക്കായി പരിഗണിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

Shri A. Chidambaranatha Nadar: Government will consider that.

പട്ടികവർഗ്ഗക്കാർ.

* ൧൮൦. [ഫ ൧] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിൽ നിന്നും ഭൂമി കൃഷിക്കു നൽകുന്നതിൽ പട്ടികവർഗ്ഗക്കാർക്കു പന്ത്രണ്ടര ശതമാനം കൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ നൽകിയിട്ടുള്ള ഭൂമിയിൽ പന്ത്രണ്ടരശതമാനം പട്ടികവർഗ്ഗക്കാർക്കു കൊടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) വനത്തിൽ നിന്നും കൃഷിക്കു് നൽകുന്ന ഭൂമിയിൽ നിന്നു് പന്ത്രണ്ടര ശതമാനം പിന്നാക്കസമുദായക്കാർക്കു് കൊടുക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടു്.

(ബി) അപ്രകാരം നൽകിയിട്ടുള്ള ഭൂമിയിൽ നിന്നു് പന്ത്രണ്ടര ശതമാനം പിന്നാക്കസമുദായക്കാർക്കു് കൊടുത്തിട്ടുണ്ടെന്നാണു് ഗവൺമെൻറിൻെറ അറിവു്.

ശ്രീ. കൊച്ചുകുഞ്ഞു്: പിന്നാക്കസമുദായക്കാരുടെ പേരിൽ കൊടുത്തിട്ടുള്ള ഭൂമി മററുള്ളവർ കൈവശം വച്ചുകൊണ്ടിരിക്കുന്നതായി ഗവൺമെൻറിനറിയാമോ:

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. കൊച്ചുകുഞ്ഞു്: അപ്രകാരം ഉണ്ടെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ വേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അനർഹമായി ആരെങ്കിലും അപ്രകാരം വസ്തു കൈവശപ്പെടുത്തിയിരിക്കുന്നതായി ബോദ്ധ്യമായാൽ അതു സംബന്ധിച്ചു് നടപടി നടത്താവുന്നതാണു്.

ശ്രീ. കൊച്ചുകുഞ്ഞു്: പിന്നാക്കസമുദായക്കാർക്കു് ഇനിയും ഭൂമി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മററുള്ളവർക്കു് കൊടുക്കണമെന്നു് തീരുമാനിക്കുന്ന പക്ഷം പിന്നാക്കസമുദായക്കാരെ സംബന്ധിച്ചും ആ അവസരത്തിൽ പരിഗണിക്കുന്നതാണു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: പിന്നാക്കസമുദായക്കാർക്കു് നൽകിയിട്ടുള്ള ഭൂമികളിൽ ചിലതു് അവർ വിററിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചിലർ ഭൂമി വിററതായി ഗവണ്മെൻറിനു അറിവു ലഭിച്ചിട്ടുണ്ടു്.

ശ്രീ. കെ. ജെ. തോമസ്: ഇപ്പോൾ നൽകിയിട്ടുള്ള ഭൂമി പുനർവിഭജനം ചെയ്യുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വേറൊരു ചോദ്യമായി ചോദിച്ചാൽ അതു സംബന്ധിച്ചു് മറുപടി പറയാവുന്നതാണു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: പിന്നാക്കസമുദായക്കാർ വിററുവെന്നു് പറഞ്ഞ ഭൂമികളെ സംബന്ധിച്ചു് ഗവണ്മെൻറു് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി ഗവണ്മെൻറു് അന്വേഷണം നടത്തി വരികയാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: മററാളുകൾ സ്ഥലം പതിച്ചു കിട്ടണമെന്നു് കാണിച്ചു് ഗവണ്മെൻറിനു അപേക്ഷകൾ ബോധിപ്പിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്ഥലങ്ങൾ കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിച്ചിട്ടില്ലാത്തതിനാൽ അങ്ങനെയുള്ള അപേക്ഷകൾ ഇപ്പോൾ പെൻഡിങ്ങിൽ വെച്ചിരിക്കുകയാണു് ചെയ്തിരിക്കുന്നതു്.

ഇല്ലിക്കോട്ടയിലെ ലേലം.

* ൧൮ ഫ. [ഫ്യ] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂറിന്റെ അതിരായി കരുതിവന്ന 'ഇല്ലിക്കോട്ട'യിലെ വൃക്ഷങ്ങളും മററും ലേലം ചെയ്തു സ്ഥിരപ്പെടുത്തിയവ നു പ്രാവശ്യം ആവർത്തിച്ചു ലേലം ചെയ്തതു വാസ്തവമാണോ;

(ബി) ഇങ്ങനെ ലേലം ചെയ്തതിൽ ഓരോ ലേലത്തിനും ഉള്ള കാരണങ്ങളും തുകയും വ്യക്തമാക്കാമോ ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாதநாடார்):

(ஏ) திருவிதாங்கூரின் எல்லையாக கருதப்பட்டு வருகிற இல்லிக் கோட்டையில் மரங்களை லேலம் செய்ததுண்டு. திரும்பத் திரும்ப இரண்டு தரம் லேலம் செய்ததுண்டு. 25-8-51-ல் முதல் லேலம். ஏக்கர் ஒன்றுக்கு 150 ரூபாய் வீதம் 11,884 ரூபாய் 8 அணா லேலம் கூப்பிடப்பட்டது.

(பி) இந்த லேலத்தில் கூப்பிடப்பட்ட தொகையை விட 1500 ரூபாய் அதிகம் கிடைக்குமென்று இருந்ததினால் இரண்டாம் தரம் லேலம் செய்யப்பட்டது. மேலும் பல விண்ணப்பங்கள் அரசாங்கத்திற்குக் கிடைத்ததினால் முதல் லேலம் ரத்து செய்யப்பட்டு இல்லிக்கோட்டையை பிளாக்குகளாகப் பிரித்து விற்கவேண்டுமென்று அரசாங்கம் உத்தரவிட்டது. அதன்படி 26-2-52-ல் நாலு பிளாக்குகளாகப் பிரித்து லேலம் செய்ததில் 13,542 ரூபாய் 7 அணா 8 பைசாவிற்கு லேலம் செய்யப்பட்டது. இந்த துகைக்கு லேலம் ஸ்திரப்படுத்தப்பட்டது.

ശ്രീ. സി. കെ. വിശ്വനാഥൻ : ആദ്യം കൺട്രാക്ട് എടുത്ത ആളിന്റെ പേർ എന്താണെന്ന് പറയാമോ ?

Shri A. Chidambaranatha Nadar: May I request the hon. Member to raise his voice ?

ശ്രീ. സി. കെ. വിശ്വനാഥൻ : ആദ്യം കൺട്രാക്ട് എടുത്ത ആളിന്റെ പേർ എന്താണെന്ന് പറയാമോ ?

Shri A. Chidambaranatha Nadar : I claim notice.

ശ്രീ സി. കെ. വിശ്വനാഥൻ : ആദ്യത്തെ ലേലം എന്നായിരുന്നു എന്ന് പറയാമോ ?

Shri A. Chidambaranatha Nadar : For that also I claim notice.

ശ്രീ. സി. കെ. വിശ്വനാഥൻ : പുതിയ മന്ത്രിസഭ വന്നതിനുശേഷമാണ് ലേലം ചെയ്തതെന്ന് അറിയാമോ ; രണ്ടാമത്തെ ലേലം ചെയ്ത തീയതി എന്നാണ് ?

Shri A. Chidambaranatha Nadar : That was already read out.

ശ്രീ. സി. കെ. വിശ്വനാഥൻ ; മൂന്നാമത്തെ ലേലം ചെയ്തതെന്നാണെന്ന് അറിയാമോ?

Shri A. Chidambaranatha Nadar : For that also, I claim notice.

ശ്രീ. സി. കെ. വിശ്വനാഥൻ : രാജ്യത്തിന്റെ മുതലെടുപ്പിനെ ബാധിക്കുന്ന ഈ മാതിരി സംഗതികളിൽ നോട്ടീസ് വേണമെന്ന് പറയുന്നത് ശരിയല്ല.

Mr. Speaker : Are you going to sum up all the questions ?

ശ്രീ. സി. കെ. വിശ്വനാഥൻ: അല്ല. ലേലംചെയ്ത തീയതിയെങ്കിലും അറിഞ്ഞാൽകൊള്ളാം?

Shri A. Chidambaranatha Nadar: If a separate question is put, details can be given.

ശ്രീ. ചെങ്ങരപ്പള്ളി പി. നാരായണൻപോററി: ഇല്ലിക്കോട്ട എന്നു പറയുന്നതു് തിരുവിതാംകൂറിന്റെ ഏതു് അതിർത്തിയിലാണു്?

Shri A. Chidambaranatha Nadar: *Malayala Nadu* according to the hon. Member.

ശ്രീ. പി. വി. അവിരാ തരകൻ: ഇല്ലിക്കോട്ട മലയാളനാട്ടിലാണോ തമിഴ്നാട്ടിലാണോ?

Shri A. Chidambaranatha Nadar: In *Malayala Nadu*.

ശ്രീപണ്ടാരവകവസ്തുക്കൾ.

* ൧൮൨. [൧൬] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപണ്ടാരവക വസ്തുക്കളിൽനിന്നും പാട്ടം ഈടാക്കുന്നതിനു ഗവണ്മെന്റ എക്സിക്യൂട്ടീവു് അധികാരം ഉപയോഗിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർവക ഭൂമിയല്ലാത്ത ഇത്തരം വസ്തുക്കളിൽനിന്നും പാട്ടം ഈടാക്കുന്നതിനു് എക്സിക്യൂട്ടീവു് അധികാരം ഉപയോഗിക്കുന്നതു ഏതടിസ്ഥാനത്തിലാണു്;

(സി) ബേസിക്ടാക്സു് നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി സർക്കാർവക വസ്തുക്കളിൽനിന്നും കരംപിരിക്കുവാൻ ശ്രീപണ്ടാരവക ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) ஸ்ரீ பண்டாரவகை வஸ்துக்களிலிருந்து பாட்டம் ஈடாக்க சர்க்கார் எக்ஸிக்யூட்டிவ் அதிகாரம் உபயோகிப்பதுண்டு.

(பி) ரெவன்யூ ஆக்ட் பிரகாரம்.

(ஸி) சர்க்கார் வஸ்துக்களில் ஸ்ரீ பண்டாரவகை உத்தியோகஸ்தர்களை பொறுப்பு ஏற்படுகின்றது இல்லை.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: റവന്യൂ ഉദ്യോഗസ്ഥന്മാരാണോ ശ്രീപണ്ടാരവക കരം ഈടാക്കുന്നതു്?

Shri A. Chidambaranatha Nadar: There is no office. There is a Sanketham Taluk Office, and the Tahsildar in that office is recovering them.

Mr. Speaker: There was a lot of discussion about these matters even during the discussion of the revenue budget. Of course, you can put questions.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഈ വസ്തുക്കളിൽനിന്നും കരം ഈടാക്കുന്നതു സംബന്ധിച്ച് ഗവൺമെൻറിലേക്കു വല്ല കമ്മീഷനും ലഭിക്കുന്നുണ്ടോ ?

Shri A. Chidambaranatha Nadar : No commission.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : കമ്മീഷൻ ലഭിക്കുന്നില്ലെങ്കിൽ ഇപ്രകാരം ഒരു പ്രത്യേക പരിഗണന നൽകുവാൻ കാരണമെന്താണ് ?

Shri A. Chidambaranatha Nadar : That is a question of expediency.

ശ്രീ. എ. കുഞ്ഞൻനാടാർ : ശ്രീ പണ്ടാരവക വസ്തുക്കളിൽനിന്നു ചില സ്ഥലങ്ങളിൽ ബേസിക് ടാക്സും ഈടാക്കുന്നതായി അറിയാമോ ?

Shri A. Chidambaranatha Nadar : I claim notice.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ശ്രീപണ്ടാരവക കരം ഗവൺമെൻറു പിരിക്കുമ്പോൾ അതിൽനിന്നും കമ്മീഷൻ വേണ്ടായെന്ന് ഒരു പ്രത്യേക പരിഗണന നൽകിയതിൻെറ ഉദ്ദേശമെന്താണ് ?

Shri A. Chidambaranatha Nadar : Even though these lands do not belong to the Sirkar, there is an agreement to collect the tax.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ജന്മിക്കരം വസ്തുക്കളിൽനിന്ന് കമ്മീഷൻ വാങ്ങുമെങ്കിൽ ഈ വസ്തുക്കളിന്മേൽമാത്രം ഇപ്രകാരം ഒരു പ്രത്യേക പരിഗണന നൽകിയിരിക്കുന്നതെന്തുകൊണ്ടാണ് ?

Shri A. Chidambaranatha Nadar : Government will consider this with particular attention.

ശ്രീ. എൻ. രംഗഗോപാലൻനായർ : ഇതിൻെറ എസ്റ്റാബ്ളിഷ്മെൻറു ചിലവു വഹിക്കുന്നതു ഗവൺമെൻറാണോ ?

Shri A. Chidambaranatha Nadar: No.

ஸ்ரீ. ஸி. சங்கர் : லேலம் போடப்பட்ட ஸ்ரீ பண்டாரவகை நிலம் ஏதாவது விலக்கு விற்கப்பட்டிருக்கிறதா ?

ஸ்ரீ. எ. சிதம்பரநாத நாடார் : மெம்பருக்குத் தெரிந்ததுபோல தான் எனக்கும் தெரியும்.

കൊല്ലം—എറണാകുളം റെയിൽവേമൂലം വീടും പറമ്പും

നഷ്ടപ്പെടുന്നവർ.

* ൧൪൩. [വ. ၀] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം—എറണാകുളം റെയിൽവെ ലയിൻ നീട്ടുന്നതോടുകൂടി അനേകം സാധുക്കൾക്ക് താമസസ്ഥലവും വീടും നഷ്ടപ്പെടുമെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അങ്ങനെ താമസസൗകര്യമില്ലാതായിത്തീരുന്നവർക്ക് അതു ഉണ്ടാക്കിക്കൊടുക്കുന്നതിനു ഗവണ്മെൻറിനു് എന്തെങ്കിലും പദ്ധതികളുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) കൊല്ലത്തുനിന്നും, താമസസ്ഥലവും വീടും നഷ്ടപ്പെട്ടു എന്നു് കാണിച്ചു രണ്ടുമൂന്നു വ്യക്തികളുടെ പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇങ്ങനെ താമസസൗകര്യം ഇല്ലാത്തവർക്ക് താമസിക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഗവണ്മെൻറിനുള്ളതല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : റെയിൽവെ ലയിൻനീട്ടുന്നതുകൊണ്ടു് വീടു നഷ്ടപ്പെട്ടിട്ടുള്ളവർക്ക് മാത്രമല്ല, താമസിക്കുവാൻ വീടില്ലാത്ത എല്ലാവർക്കും, വീടുണ്ടാക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : റെയിൽവെ ലയിൻ ഉണ്ടാക്കുന്നതുമൂലം വീടു നഷ്ടപ്പെട്ടിട്ടുള്ളവർക്ക് വീടുണ്ടാക്കികൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അവർക്കും വീടുണ്ടാക്കികൊടുക്കുകയെന്നുള്ളതാണു് ഗവണ്മെൻറിൻെറയെയും.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാൻ വല്ല പദ്ധതിയും ഗവണ്മെൻറ തയ്യാറാക്കിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : റെയിൽവെ ലയിൻ നീട്ടുന്നതുകൊണ്ടു് വീടു നഷ്ടപ്പെടുവുന്നവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാൻ പ്രത്യേക പദ്ധതിയൊന്നുമില്ല.

ശ്രീ. പി. വി. അച്ചിരാത്തരകൻ : അതിനുള്ള ചുമതല ഗവണ്മെൻറിനില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വീടില്ലാത്തവർക്കെല്ലാം വീടുണ്ടാക്കിക്കൊടുക്കേണ്ടതായ ചുമതല ഗവണ്മെൻറിനാണുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഉള്ള വീടു നഷ്ടപ്പെടുത്തിയതിനു പകരം വീടുണ്ടാക്കി കൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മതിയായ പ്രതിഫലം നൽകിയിട്ടാണു് ഈ സ്ഥലങ്ങൾ എടുക്കുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഇപ്രകാരം എടുക്കുന്ന വസ്തുക്കൾക്ക് പൊന്നുംവില കൊടുക്കുമെന്നു പറയുന്നുണ്ടെങ്കിലും അതു കൃത്യസമയത്തു് കൊടുക്കുന്നില്ലെന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: താമസംകൂടാതെ പൊന്നും വില കൊടുക്കുന്നതിനു ഗവണ്മെൻറ ഏർപ്പാടു ചെയ്യുന്നതായിരിക്കും.

ശ്രീ. സി. കെ. വിശ്വനാഥൻ: വീടില്ലാത്തവർക്കു് വീടു് ഉണ്ടാക്കിക്കൊടുക്കുന്നതിനു ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുസംബന്ധിച്ചു മുൻപു പ്രസ്താവിച്ചു കഴിഞ്ഞു.

Shri P. S. Nataraja Pillai: May I know whether the Government is taking possession of the land only after paying the compensation or before that?

Shri Kalathil Velayudhan Nair: Sometimes, Government take possession of land even without payment of compensation. That depends upon the exigencies.

ശ്രീ. ആർ. ഗംഗാധരൻ: പൊന്നുംവില കിട്ടുവാൻ വളരെ കാലതാമസം നേരിടുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: താമസമുണ്ടെന്നു് ഗവണ്മെൻറിനറിയാം. എന്നാൽ താമസംകൂടാതെ കൊടുക്കുന്നതു നല്ലതാണെന്നും ഗവണ്മെൻറിനറിയാം. ഇക്കാര്യത്തിൽ ഗവണ്മെൻറു് കൂടുതൽ ശ്രദ്ധിക്കുന്നതാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ പണംകിട്ടാതെ പുതിയ വീടു് വാങ്ങുവാൻ നിവൃത്തിയില്ലെന്നു് ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം. ഈ തുകകൾ എത്രയും വേഗത്തിൽ കൊടുക്കുവാൻ ഗവണ്മെൻറു് ശ്രമിക്കുന്നതാണു്.

ശ്രീ. എം. എം. അബ്ദുൾഖാദർ: പൊന്നുംവില കിട്ടുവാൻ അവകാശമില്ലാത്ത കുടികിടപ്പുകാരെ ഇറക്കിവിടുമ്പോൾ അവർക്കു് വീടുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രദ്ധിക്കാമെന്നു് നേരത്തെ പറഞ്ഞുകഴിഞ്ഞു.

കണ്ടുകൃഷി നിലങ്ങൾ.

*൧൪൮. [൨൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ഭൂനികുതി വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

കണ്ടുകൃഷി നിലങ്ങൾക്കു്, ഇന്നു നിലവിലുള്ളതിൽനിന്നും വിഭിന്നമായ ഒരു Tenure ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ?

Minister for Revenue **(Shri A. Chidambaranatha Nadar)**: It is under the consideration of the Government.

ശ്രീ. കെ. കെ. കുമാരപിള്ള : ഏതു രീതിയിലുള്ള ഒരു ടെനൃവറാണ് ഗവണ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു് ?

Shri A. Chidambaranatha Nadar: Sir, with your permission I will read this note for the information of the House:

"The Kandukrishi lands were the farm lands of His Highness the Maharaja of Travancore and the holders were tenants-at-will. His Highness has relinquished all his rights over the lands and surrendered them to Government. Government have leased out these lands on Kuthakapattom and proposals have been submitted to Government to bring these leases also under provisions of the Kuthakappattom Rules."

ശ്രീ. ചെന്താരപ്പള്ളി പി. നാരായണൻപോററി : ഈ രാജ്യത്തെ കണ്ടുകൃഷി നിലങ്ങളുടെ ഏക്കറെജ് ആകെ എത്ര വരുമെന്നു കണക്കെടുത്തിട്ടുണ്ടോ ?

ஸ்ரீ எ. சிதம்பரநாத நாடார்:— கணக்கு எடுத்ததுண்டு. இப்போது சொல்ல முடியாது. ரிக்கார்டுகளை பார்த்துதான் கணக்குச் சொல்ல முடியும்.

ശ്രീ. ചെന്താരപ്പള്ളി പി. നാരായണൻപോററി : കണ്ടുകൃഷി നിലം ഗവണ്മെന്റിലേക്കു സറണ്ടർ ചെയ്യുമ്പോൾ പൊന്നുംവില കൊടുക്കേണ്ടതു നിയമമുണ്ടോ ?

ஸ்ரீ. எ. சிதம்பரநாத நாடார்: ரிக்கார்டுகளைப் பார்த்துதான் சொல்லமுடியும்.

Shri P. S. Nataraja Pillai: May I know whether the tax realised on Kandukrishi lands so far is tax or rent ?

Shri A. Chidambaranatha Nadar: It is rent.

Shri P. S. Nataraja Pillai: What is the law under which Government were realising this tax so far?

Shri A. Chidambaranatha Nadar: Under the Revenue Recovery Act.

Shri P. S. Nataraja Pillai: May I know whether it is collected as rent or as tax ?

Shri A. Chidambaranatha Nadar: The whole question of moniam rent is engaging the attention of Government.

ശ്രീ. ചിത്രാഹോം.

* ൧൪൫. [ഫ-ഫ] ശ്രീ. ഓ. സി. നൈനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ ചുമതലമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ ചിത്രാഹോമിൽ എത്ര ആളുകൾ താമസമുണ്ട്;

(ബി) അതിനു് കഴിഞ്ഞകൊല്ലം എന്തു ചെലവുണ്ടായിരുന്നു ;

(സി) അവിടെ എത്ര ജോലിക്കാർ ഉണ്ട് ? അവരുടെ ജോലിയും ശമ്പളവും എന്തു് ;

(ഡി) അതു മേൽനോട്ടം ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ൨൩൧

(ബി) രൂപ ൩൯൧൧൯—൧—൩

(സി) ൨൩. അവരുടെ ജോലിയും ശമ്പളവും താഴെ ചേർക്കുന്നു.

സൂപ്രണ്ട്	൧.	രൂ. ൧൯൫—൧൦—൨൨൫
ക്ലാർക്ക്ടൈപ്പിസ്റ്റ്	൧	൩൦-൩-൪൫
സ്റ്റോർക്ലാക്ക്	൧	൩൦-൩-൪൫
പ്യൂൺ	൨	൨൦ രൂപാ വീതം
മെയിൽവാർഡേഴ്സ്	വ്വ	ടി
സീനിയർ ഫീമെയിൽ വാർഡൻ	൧	൨൫ രൂപാ
ഫീമെയിൽ വാർഡേഴ്സ്	൩	൨൦ രൂപാവീതം
വീവിംഗ് ഇൻസ്റ്റ്രക്റ്റർ	൧	൩൦-൩-൪൫
ടെയിലറിംഗ് ഇൻസ്റ്റ്രക്റ്റർ	൧	൨൫ രൂപാ
അരിവെപ്പുകാർ	൨	൨൦ രൂപാ വീതം
മെഡിക്കലാഫീസർ (പാർട്ട്ടൈം) അലവൻസ്		൨൫ രൂപാ
മെഡിക്കൽവാർഡൻ ആൻഡ് ഇൻസ്റ്റ്രക്റ്റർ ൧)		൨൦ രൂപാ

(ഡി) ഇതിന്റെ മേൽനോട്ടം ഗവണ്മെന്റിൽ നിന്നും നിയമിക്കുന്ന ഒരു കമ്മിററിക്കാണ്. കമ്മിററിയുടെ കീഴിൽ എക്സിക്യൂട്ടീവ് ആഫീസറായി ഒരു സൂപ്രണ്ട് ഉണ്ട്.

ശ്രീ. ഓ. സി. നൈനാൻ : മൊത്തത്തിൽ അതിലെ ജോലിക്കാർക്കായി എന്തു ചെലവാകുന്നുണ്ടെന്നു പറയാമോ ?

Mr. Speaker: Have you got the figures ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. ഓ. സി. നൈനാൻ : കമ്മിററിക്കാർ ആരാണെന്നു പറയാമോ?

Shri K. Kochukuttan :

The Ministar for Local Self Government—President.
The Secretary to Government, Education & Miscellaneous.
Superintendent, General Hospital.
District Collector, Trivandrum.
Finance Secretary, and
Commissioner, Trivandrum City Corporation.

ശ്രീ. ഓ. സി. നൈനാൻ: ഇവരിൽ ആരെങ്കിലും എൻ ഒ വ.ൽ അവിടം സന്ദർശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ഓ. സി. നൈനാൻ: അവിടെ താമസിക്കുന്നവരിൽ ആരെങ്കിലും അധികൃതരോട് പരാതി പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസു വേണം.

ശ്രീ. ഓ. സി. നൈനാൻ: ശ്രീചിത്രാഹോമിനു ചെലവു നിശ്ചയിച്ചിട്ടുള്ള സംഖ്യ മുഴുവനും അവിടെ താമസിക്കുന്നവരുടെ ആവശ്യത്തിനായി ചെലവു ചെയ്യുന്നില്ലെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഗവണ്മെൻറിന് അറിവില്ല.

ശ്രീ. ഓ. സി. നൈനാൻ: ഇതിൻെറ കണക്ക് ആഡിററു ചെയ്യാറുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ഓ. സി. നൈനാൻ: ആഡിററുറിപ്പോർട്ടിൽ അതിനെപ്പററി എന്തെങ്കിലും പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് അന്വേഷിച്ചു പറയാം.

ശ്രീ. ഏ. കുഞ്ഞൻനാടാർ: അവിടെ താമസിപ്പിക്കുന്ന ആളുകളെ ജീവിതകാലം മുഴുവൻ അവിടെ താമസിപ്പിക്കുകയാണോ ചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പുറത്തിറങ്ങി നടക്കാൻ പാടില്ലാത്തവരെ ജീവിതകാലം മുഴുവനും അവിടെ താമസിപ്പിക്കും. ആഹാരവും വൈദ്യസഹായവും കൊടുത്തു ആരോഗ്യം ഉണ്ടെന്നു കാണുന്നവരെ പുറത്തു വിടുന്നുമുണ്ട്. ആരെങ്കിലും അങ്ങനെയുള്ളവരെ കൊണ്ടുപോകാൻ തയ്യാറാവണം.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: ഈ വ ം ശ്രപാ ശമ്പളക്കാർക്കു് അലവൻസു് കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി അന്വേഷിച്ചു പറയാം.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: അവിടെ താമസിക്കുന്നവരെക്കൊണ്ടു ജോലി വല്ലതും ചെയ്യിപ്പിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: എന്തെല്ലാം ജോലികളാണു് അവിടെ നടക്കുന്നതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വസ്ത്രം നെയ്യുന്നുണ്ട്, കൂടാതെ തയ്യൽ പഠിപ്പിക്കുന്നുമുണ്ട്. ഗാർഡനിങ്ങും ഉണ്ട്.

വഞ്ചിപൂവർ ഫണ്ട്.

* ൧൪൩. [൨൩] ശ്രീ. ഓ. സി. നൈനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഞ്ചിപൂവർഫണ്ടിന്റെ തുക എന്താണ്;

(ബി) അതു എവിടെ നിക്ഷേപിച്ചിരിക്കുന്നു;

(സി) അതിന്റെ പലിശ ഇപ്പോൾ എന്തിനായി വിനിയോഗിക്കുന്നു;

(ഡി) അതു സംബന്ധിച്ചുള്ള മേൽനോട്ടവും ചുമതലയും ആരു വഹിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ കെ. കൊച്ചുകുട്ടൻ) :

(എ) രൂപ ൨൨,൦൦൦.

(ബി) അതു താഴെ കാണിച്ചിരിക്കുന്ന പ്രകാരം നിക്ഷേപിച്ചിരിക്കുന്നു.

(൧)	ഗവണ്മെന്റ കടപ്പത്രങ്ങൾ	രൂപാ	൨,൦൯൮,൦൦൦
(൨)	ഇൻഡ്യൻ ബാങ്കിൽ	,,	൯൪,൦൦൦
(൩)	തിരുവിതാംകൂർ–കൊച്ചിയിലെ ഷെയറികളിൽ	,,	൧൪,൦൦൦
(൪)	ഭൂമി, കെട്ടിടം, ഉപകരണങ്ങൾ	,,	൭൯,൦൦൦

(സി) പലിശ താഴെ പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കുന്നു.

(൧) തിരുവനന്തപുരത്തു സാധുക്കളായ കുട്ടികൾക്ക് ഉച്ചഭക്ഷണച്ചെലവിന്.

(൨) വെളിയിൽ ചില സ്കൂളുകൾക്ക് അതേ ആവശ്യത്തിന് ഗ്രാന്റ നൽകാൻ.

(൩) ചിത്രാ പൂവർഹോമിലേയും ഉള്ളൂർ ധർമ്മാലയത്തിലേയും താമസക്കാർക്ക് ഒരു നേരത്തെ ആഹാരം കൊടുക്കുവാൻ.

(൪) ആലപ്പുഴയിലും കോട്ടയത്തും പൂവർഹോം നടത്തുന്നതിന്.

(ഡി) ഫണ്ടിലെ മെമ്പറന്മാരിൽനിന്നും മൂന്നു വർഷത്തിലൊരിക്കൽ വാർഷികപൊതുയോഗത്തിൽവച്ചു തിരഞ്ഞെടുക്കുന്ന പ്രവർത്തകസമിതിയാണ്.

ശ്രീ. ഓ. സി. നൈനാൻ : ഇതിന് മൊത്തം പലിശ എന്തു കിട്ടുന്നുണ്ടെന്നു പറയാമോ :

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. ഓ. സി. നൈനാൻ : തിരുവനന്തപുരത്തു കൂടാതെ വേറെ ഉച്ചഭക്ഷണം ഏതു സ്കൂളുകളിലാണു കൊടുക്കുന്നതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തിരുവനന്തപുരത്തുള്ള മിക്ക സ്കൂളുകളിലും കൊടുക്കുന്നുണ്ട്. കൂടാതെ കോട്ടയം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള സ്കൂളുകളിലും കൊടുക്കുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : എന്തു തോതനുസരിച്ചാണ് ഇങ്ങനെ ഉച്ചഭക്ഷണം കൊടുക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : തീരെ പാവപ്പെട്ട കുട്ടികൾക്കാണ് ഉച്ചഭക്ഷണം കൊടുക്കുന്നതു്.

ശ്രീ. ഒ. സി. നൈനാൻ : പാവപ്പെട്ട കുട്ടികൾ എല്ലാ സ്കൂളുകളിലും ഉള്ള സ്ഥിതിക്ക് എന്തുകൊണ്ടാണ് എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം കൊടുക്കാത്തതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ കിട്ടുന്ന പലിശ അത്രമാത്രമില്ല.

വെൽഫെയർ ആഫീസർ.

✻ ൧൪൧. [ഫ ൪] ശ്രീ. പി. കെ. രാമചന്ദ്രദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിലെ വെൽഫെയർ ആഫീസർമാർ ആരെല്ലാം; ഏതേതു് സമുദായത്തിൽപ്പെട്ടവർ;

(ബി) വെൽഫെയർ ആഫീസർമാരുടെ Starting pay എന്തായിരുന്നു;

(സി) ഇപ്പോൾ അതിൽ കുറവുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു്;

(ഡി) കഴിഞ്ഞ ബഡ്ജററിൽ അവക്ക് ഏതു ഗ്രേഡ് കണക്കാക്കിയാണ് തുക കൊള്ളിച്ചിട്ടുള്ളതു്;

(ഈ) പ്രസ്തുത ബഡ്ജററുപ്രകാരമുള്ള തുക അനുസരിച്ചു് അവക്ക് ശമ്പളം കൊടുത്തിട്ടില്ലെങ്കിൽ കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ശ്രീ. എം. സി. ദാസ്, സാംബവർ ക്രിസ്ത്യൻ; ശ്രീമതി. പി. കെ. ചിന്നമ്മ, സാംബവർ ഹിന്ദു; ശ്രീമതി. സി. കെ. ഭാരതി, പുലയ.

(ബി) ൭൦ രൂപ.

(സി-യും ഇ-യും) ശ്രീ. ദാസിൻെറ ശമ്പളത്തിനു കുറവില്ല. എന്നാൽ ശ്രീമതി ചിന്നമ്മയുടേയും, ശ്രീമതി ഭാരതിയുടേയും ശമ്പളത്തിൽ കുറവു വരുത്തിയിട്ടുണ്ട്. സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയുടെ ശുപാർശയനുസരിച്ചാണു ഈ കുറവു വരുത്തിയിട്ടുള്ളതു്.

(ഡി) ൭൦—൫൦൦.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററി ശമ്പളത്തിൽ കുറവു വരുത്താൻ പറഞ്ഞതിനു വല്ല കാരണവുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവരുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചിട്ട് ആ പ്രവർത്തനങ്ങൾക്ക് ൮൦—൧൦൦ രൂപാവരെയുള്ള ഗ്രേഡ് ആവശ്യമില്ലെന്നു കണ്ടതുകൊണ്ട് അങ്ങനെ ചെയ്യുതു്.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : ആണ്ടുതോറും ലക്ഷക്കണക്കിനു രൂപാ ചെലവാകുന്ന ഈ ഡിപ്പാർട്ടുമെൻറിൽ പട്ടികജാതിക്കാരിൽപ്പെട്ട മൂന്നുപേരുടെ പ്രവർത്തനം മാത്രമാണോ മോശമായതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവരുടെ പ്രവർത്തനം മോശമാണെന്നു ഞാൻ പറഞ്ഞില്ല. അവരുടെ പ്രവർത്തനത്തിന് ആ ഗ്രേഡിൻെറ ആവശ്യമില്ലെന്നു കണ്ടു എന്നാണു പറഞ്ഞതു്.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : അവർക്കു മുമ്പുള്ളഗ്രേഡ് കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു ഗവണ്മെൻറിൻെറ പുനരാലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. സി. അയ്യപ്പൻ : ഈ വെൽഫയർ ആഫീസറന്മാരെല്ലാം ഒരു സ്ഥലത്തുതന്നെയാണോ ജോലിചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അല്ല.

ശ്രീ. സി. സി. അയ്യപ്പൻ : അവരുടെ പ്രവർത്തനപരിധി ഈ സംസ്ഥാനം മുഴുവനാണോ അതോ ചില പ്രത്യേക സ്ഥലം മാത്രമേയുള്ളോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില പ്രത്യേക സ്ഥലം മാത്രമേയുള്ളു.

ശ്രീ. സി. സി. അയ്യപ്പൻ : അങ്ങനെ പ്രത്യേക സ്ഥലം മാത്രം പ്രവർത്തനപരിധിയായിക്കൊടുക്കുവാൻ കാരണമെന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൂന്നുപേരെയുള്ളു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ അവരുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അവർക്ക് ഒരിടത്തും ഒന്നും ചെയ്യാൻ സാദ്ധ്യമല്ലാതെവരും.

ശ്രീ. സി. സി. അയ്യപ്പൻ : അവർക്ക് ആഫീസ് വല്ലതുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രത്യേകം ആഫീസ് ഇല്ല.

ശ്രീ. സി. സി. അയ്യപ്പൻ : ആഫീസില്ലാതെ പിന്നെ അവർ എന്തു ജോലിയാണു ചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത്യാവശ്യമായ എഴുത്തുകുത്തുകൾ വീട്ടിലിരുന്നു ചെയ്യുമ്പോൾ മതിയാകും.

ശ്രീ. സി. സി. അയ്യപ്പൻ : വീട്ടിനു് അടുത്തുള്ള സ്ഥലത്താണോ ഇവരോടു ജോലിചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : വീട്ടിന് ദൂരെയും അവർ പോകുന്നുണ്ടു്.

ശ്രീ കൊച്ചുകുഞ്ഞ്: ഇവരുടെ ജോലി തൃപ്തികരമല്ലെന്ന ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. കൊച്ചുകുഞ്ഞ്: അതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെടുത്തിയാൽ ശ്രദ്ധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശ്രദ്ധിക്കാം.

Shri A. A. D. Luiz: May I know whether there is a Special Officer for the Advancement of Backward Communities?

Shri K. Kochukuttan: There is a Special Officer for the Advancement of Backward Communities.

Shri A. A. D. Luiz: Is he expected to attend to all the communities?

Shri K. Kochukuttan: Not at present.

പിന്നാക്കസമുദായ കമ്മീഷണരാഫീസിലുള്ള ഉദ്യോഗസ്ഥന്മാർ.

*൧൮൫. [൨൭] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പിന്നാക്കസമുദായ കമ്മീഷണരാഫീസിൽ എത്ര പട്ടികജാതി ഉദ്യോഗസ്ഥന്മാരുണ്ടു്;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൨.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: അവിടെ ആകെ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

ലൈസൻസ്.

*൧൮൬. [൨൯] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൩൦-൩൧-ൽ ബീഡി തെറുപ്പിനും, ബീഡിക്കച്ചവടത്തിനും ലൈസൻസ് ഏർപ്പെടുത്തിയതിനെ തുടർന്നു് എത്രപേർ ലൈസൻസ് എടുക്കുകയുണ്ടായി;

(ബി) ഈ വകയിൽ ആകെ എത്ര രൂപാ ലൈസൻസ് ഫീസ് ലഭിച്ചിട്ടു "

(സി) ഈ ലൈസൻസ് സമ്പ്രദായം നിർത്തലാക്കിയതിനുശേഷം എത്രപേരുടെ ലൈസൻസുഫീസ് മടക്കിക്കൊടുത്തിട്ടുണ്ട്;

(ഡി) ശേഷിക്കുന്നവരുടെ ലൈസൻസ് ഫീസ് എത്ര നാളിനുള്ളിൽ മടക്കിക്കൊടുക്കും?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ഈ ചോദ്യത്തിന് ഇതിനു മുമ്പും ഉത്തരം പറഞ്ഞിട്ടുണ്ട്. അത്യാവശ്യമാണെങ്കിൽ ഉത്തരം പറയാം.

Mr. Speaker: Yes, you may give the answer.

ശ്രീ. വി. മാധവൻ:

(എ) ബീഡി നിർമ്മാണത്തിനുള്ള ലൈസൻസ് ഏർപ്പെടുത്തിയതു് കേന്ദ്രഗവണ്മെന്റും, ലൈസൻസ് ഫീ ഈടാക്കിയതു കേന്ദ്ര എക്സൈസ് ഡിപ്പാർട്ടുമെന്റ് അധികാരികളുമാണ്. അതുകൊണ്ട് എത്രപേർ പ്രസ്തുത ലൈസൻസ് എടുത്തു എന്നു ഈ ഗവണ്മെന്റിന് അറിവില്ല.

(ബി-യും, സി-യും, ഡി-യും) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

Co-operative Societies.

※ 750. [27.] **Shri O. C. Ninan:** Will the Minister for Local Self Government be pleased to state:

(*a*) how many Co-operative Societies are under liquidation;

(*b*) for how many Societies the liquidation proceedings are pending for more than three years;

(*c*) for how many societies the liquidation proceedings are pending for more than six years; and

(*d*) what is the cause for such delay?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) 644.
(*b*) 525.
(*c*) 461.
(*d*) (i) Delay in execution proceedings; and
(ii) pressure of work for the Inspectors who are to attend to other duties also under the Act and Rules and Government's orders.

Shri O. C. Ninan: Who are the liquidators?

ശ്രീ. കെ. കെ. കൊച്ചുകുട്ടൻ: മററ് ഇൻസ്പെക്ടറന്മാർ തന്നെയാണ് ഈ ജോലിയും നിർവ്വഹിക്കുന്നതു്.

மலைஜாதியாரின் கல்வி.

※751. [30] ஸ்ரீ கணபதி: கீழ்க் காணும் வினாவுக்கு கனம் பின்னுக்க சமுதாய மந்திரியவர்கள் விடை பகர்வார்களாக:

மலைஜாதியார் படிப்பில் முன்னேற என்ன ஏற்பாடுகள் செய்கிறீர்கள்?

Minister for Local Self Government (**Shri K. Kochukuttan**): All the students belonging to Scheduled Tribes who are studying in schools and colleges, are granted full fee concession. They are awarded lump sum grants for the purchase of books and dress and monthly stipends for their boarding and lodging expenses. Five lodges have been opened wherein the students belonging to Scheduled tribes are also given admission. Six pial schools have been opened for the benefit of the children belonging to Scheduled tribes. The Sardar Kader Kendram, Orukkombankutty, has been granted financial assistance for rendering educational help to the scheduled tribes.

ஸ்ரீ. கணபதி: தேவிகுளம் தாலுகாவில் ஷெடியூல் வகுப்பினருக்கு ஒன்றும் செய்யாமலிருப்பதற்குக் காரணம் என்ன?

ശ്രീ. കെ. കൊച്ചുകുട്ടൻ: ദേവികുളത്ത് ഇപ്പോഴും പയൽസ്കൂളും നടത്തിവരുന്നുണ്ട്.

ஸ்ரீ. கணபதி: எத்தனை பைல் ஸ்கூல்கள் நடத்தப்பட்டு வருகின்றன?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസുവേണം.

WRITTEN ANSWERS.

Co-operative Societies.

***752.** [36] **Shri R. Kesava Pillai:** Will the Minister for Local Self Government be pleased to state:

(*a*) How many Co-operative Societies have been ordered to cease functioning in the State in 1952;

(*b*) The reasons for stopping them;

(*c*) The period from which they have ceased to function?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Registration of 15 societies has been cancelled in 1952.

(*b*) Being defunct and not working;

(*c*) 3 to 6 months.

Excise Department.

***753.** (37) **Shri R. Kesava Pillai:** Will the Minister for Excise be pleased to state:

(*a*) whether the re-organisation of the Excise Department has contributed to the efficiency in the working of the department; and

(*b*) what is the additional expenditure which the State has incurred by the re-organisation?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) The re-organisation of the Excise Department has taken effect only on 26-6-1952. It is therefore too premature to say whether the scheme has contributed to the efficient workino of the Department. The working of the Department has to be watched for sometime more.

(*b*) No additional expenditure is incurred in the re-organisation scheme; but the expenditure on account of the staff sanctioned in the scheme is less by about Rs. 4500|— per annum than that of the staff which existed before the implementation of the scheme.

UNSTARRED QUESTIONS.

കുഴൽക്കിണറുകൾ.

൧൮൬. [൧] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

കാർത്തികപ്പള്ളി താലൂക്കിൽ "തറയിൽ കടപ്പുറത്ത്" ഒരു കുഴൽക്കിണർ സ്ഥാപിച്ചു കിട്ടുന്നതിന് നാട്ടുകാരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി എടുത്തുവെന്ന് പറയുമോ?

ഉത്തരം.

ഉണ്ട്. തീരപ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള ലിസ്റ്റിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊന്മനയിലെ പണി പൂർത്തിയായാലുടൻ ഈ ജോലി ആരംഭിക്കും.

Muvattupuzha Hospital.

187 [3] **Shri N. P. Varghese:** Will the Minister for Medicine be pleased to state:

(*a*) the number of maternity cases in Muvattupuzha hospital in May and June 1952;

(*b*) the number ot beds earmarked for maternity cases; and

(c) have Government any proposal for providing an additional maternity ward in view of the increasing number of maternity cases?

Answer.

(*a*) 71.

(*b*) 10.

(*c*) No. Additional ward is not necessary at present.

ചെത്തു തൊഴിലാളികൾ.

൧൮൮. [൪] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിററൂർ താലൂക്കിലെ എക്സൈസ് ഇൻസ്പെക്ടർ മിസ്റ്റർ കൃഷ്ണൻ ചെത്തുതൊഴിലാളികളെ അന്യായമായി ദേഹോപദ്രവമേല്പിച്ചതായി വല്ല പരാതിയും ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിന് എന്ത് നടപടി എടുത്തു?

ഉത്തരം.

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

<u>മദ്യനിരോധനം.</u>

൧൮൯. [൭] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളിതാലൂക്കിൽ മദ്യനിരോധനം നടപ്പിലാക്കിയതിനുശേഷം തൃശ്ശൂർ താലൂക്കിൽനിന്നും മദ്യപിച്ച് തലപ്പിള്ളിയിൽ പ്രവേശിച്ചുവെന്ന കുററത്തിന് എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്;

(ബി) ശിക്ഷ അനുഭവിച്ചവരിൽ ഭൂനികുതി കൊടുക്കുന്നവരുടെ എണ്ണം താഴെ കാണുംവിധം ഇനംതിരിച്ച് കാണിക്കുവാൻ ദയവുണ്ടാകുമോ?

(൧) ൫൦ (അൻപതു്) രൂപയിലധികം ഭൂനികുതി കൊടുക്കുന്നവർ;

(൨) ൧൦ (പത്തു്) മുതൽ ൫൦ (അൻപതു്) രൂപവരെ ഭൂനികുതി കൊടുക്കുന്നവർ;

(൩) ൧ ക. (ഒരുരൂപ) മുതൽ ൧൦ (പത്തു്) രൂപവരെ ഭൂനികുതി കൊടുക്കുന്നവർ;

(൪) ഭൂനികുതി കൊടുക്കാത്തവർ.

<u>ഉത്തരം.</u>

(എ) ൩൦൧ പേരെ ശിക്ഷിച്ചിട്ടുണ്ട്.

(ബി) അപ്രകാരം തരംതിരിച്ചുള്ള യാതൊരു വിവരവും സൂക്ഷിച്ചുവരുന്നില്ല.

Trivandrum Corporation.

190 [8] Shri A. Samraj: Will the Minister for Local Self Government be pleased to state:

(a) whether the Government have received complaints about the Trivandrum Corporation Commissioner;

(b) what are the details of the complaints; and

(c) what steps Government have taken to enquire into those complaints?

Answer.

(a) The articles in certain newspapers containing allegations against the Commissioner have come to the notice of Government.

(b) & c) The matter is under enquiry.

കുടിപാർപ്പും കൃഷിയും.

൧൱൧. [൯] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൱൨൭ ജൂലൈമാസത്തിൽ പത്തനംതിട്ട താലൂക്കിൽ കോന്നി, അരുവാപ്പുലം, മുളപേഴക്കൽ, മുരുപ്പേൽ പുത്തൻപറമ്പിൽ പി. ആർ. രാമൻ മുതൽപേർ ചേർന്നു് കുടിപാർപ്പിനും കൃഷിക്കും വേണ്ടി ഭൂമി നൽകണമെന്നു കാണിച്ചു് ഗവണ്മെൻറിലേക്കു് അപേക്ഷ നൽകിയിരുന്നോ;

(ബി) പ്രസ്തുത അപേക്ഷയെ സംബന്ധിച്ചു് വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ൧൱൨൭ ജൂലൈമാസത്തിൽ ടി ചോദ്യത്തിൽ പറയുന്ന മാതിരി ഒരു അപേക്ഷ കിട്ടിയിട്ടില്ല.

(ബി-സി) ചോദ്യം ഉദിക്കുന്നില്ല.

ഡിസ്പെൻസറി.

൧൱൨. [൧൦] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം എന്ന സ്ഥലത്തു് ഒരു ഡിസ്പെൻസറി സ്ഥാപിച്ചു കിട്ടണമെന്നുകാണിച്ചു് നാട്ടുകാരിൽ നിന്നും ഗവണ്മെൻറിനു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചുള്ള നടപടി എന്തായി?

ഉത്തരം.

(എ) ഉണ്ടു്.
(ബി) ചടയമംഗലത്തു് ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടു്.

പിന്നാക്കസമുദായക്കാരുടെ മന്ദിരം.

൧൱൩. [൧൰] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മാവേലിക്കര താലൂക്കിൽ പന്തളം തെക്കേക്കര പകുതിയിൽ പെരുമ്പുള്ളിക്കൽ മുറിയിലുള്ള പിന്നാക്കസമുദായക്കാരുടെ ശ്രമഫലമായി നിർമ്മിച്ചിട്ടുള്ള പൊതുമന്ദിരത്തിൽ ഒരു പയൽസ്കൂൾ തുടങ്ങുന്നതിനു് അനുവാദത്തിനു ടി സ്ഥലവാസികൾ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) അപേക്ഷിച്ചിട്ടുണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇരിക്കയാണ്.

Backward Communities.

194 [13] **Shri A. K. Chelliah:** Will the Minister for Local Self Government be pleased to state:

(*a*) How many colonies are there in the taluks of Thovala, Agastiswaram and Kalkulam under the department for the advancement of Backward Communities;

(*b*) How many Harijan cheries were expanded till the end of 1951 by granting more lands;

(*c*) What is the total area granted; and

(*d*) What is the number of families settled in the land?

Answer.

(*a*) There are two colonies.

(*b*) 16 Harijan cheries were expanded.

(*c*) 19 acres 77½ cents.

(*d*) 407 families.

ഫീൽഡാഫീസർമാർ.

൧൯൫. [൧൪] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പിന്നോക്ക സമുദായോദ്ധാരണ വകുപ്പിൽ എത്ര പട്ടികജാതി ഫീൽഡാഫീസർമാർ ഉണ്ടെന്ന് സദയം മറുപടി പറയുമോ;

(ബി) ഇന്ന് ആകെ എത്ര ഫീൽഡാഫീസർമാർ ഉണ്ടെന്നും അവരുടെ ജാതിതിരിച്ചും ഉള്ള പട്ടിക പറയുവാൻ ദയവുണ്ടാകുമോ;

പട്ടിക ജാതികളിൽ പറയർ (സാമ്പവർ) പുലയർ (ചേരമർ) കുറവർ(സിദ്ധനാർ) എന്നീ സമുദായങ്ങളിൽനിന്നും എത്ര ഫീൽഡാഫീസർമാർ ഉണ്ടെന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ഡി) ഇല്ലെങ്കിൽ അവരെ നിയമിക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ഉത്തരം.

(എ) ൨.

(ബി) ൧൬, അവരുടെ ജാതിതിരിച്ചുള്ള പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

എൽ. എം. എസ്. ക്രിസ്ത്യൻ	൧
മാർത്തോമാ	൧
കൃഷ്ണവക	൧
ഈഴവൻ	൪
നായർ	൨
ക്ഷത്രിയർ	൧
കുറവൻ	൧
വെട്ടുവൻ	൧
ബ്രാഹ്മണൻ	൧
(സി)— പറയർ	ഇല്ല
പുലയർ	ഇല്ല
കുറവർ	൧

(ഡി) പ്രത്യേക കാരണമൊന്നുമില്ല. നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിന്മേലാണ് നടത്തുന്നത്.

Government Hospital.

196 [18] **Shri Ganapathy**: Will the Health Minister be pleased to answer the following questions:

(*a*) why is it that no Government Hospital has been opened in the Munnar Town, Deviculam Taluk;

(*b*) why do Government leave out the Deviculam taluk in the matter of expenditure, while they look up to it for the revenue therefrom;

(*c*) will the Government take steps to open a Government Hospital in the Munnar Town?

Answer.

(*a*) There is a grant-in-aid dispensary at Munnar. So another hospital is not necessary.

(*b*) Dispensary is sanctioned according to the necessity of the place and not based on the revenue.

(*c*) Does not arise in view of the answer to (*a*).

Kottayam Municipality.

197 [20] **Shri P. T. Thomas**: Will the Minister for Local Self Government be pleased to state:

(*a*) how many Joint Stock companies have their head offices within the Municipality;

(*b*) what is the rate at which the Kottayam Municipal Council assesses the income of the Joint Stock campanies for profession tax; and

(*c*) what is the rate of assessment of profession taxes of Joint Stock companies in the Trivandrum Municipality?

Answer.

(*a*) 95.

(*b*) and (*c*) Schedules are placed on the table. *

* Please see Appendix.

ADJOURNMENT MOTION *re*: LABOUR TROUBLE AT PUNALOOR.

[12 Noon]

Mr. Speaker: I have received an adjournment motion regarding some labour trouble at the Plywood Factory at Punalur. I wish to know whether the Minister in charge has any information on that matter, and whether he can place the facts before the House.

അഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വറുഗീസ്): അവിടെയുള്ള ൧൫൱ തൊഴിലാളികളിൽ ൨൱ പേരെ കാരണമില്ലാതെ പിരിച്ചുവിട്ടു എന്നാണ് കാര്യം. അവിടെ ജോലി ധാരാളം ഉണ്ടെന്നും കടിശ്ശിക തന്നെ ഉണ്ടെന്നും ആ സ്ഥിതിക്ക് അവരെ പിരിച്ചുവിടേണ്ട ആവശ്യമില്ലായിരുന്നെന്നും അതുകൊണ്ട് അകാരണമായിട്ടാണ് അവരെ പിരിച്ചുവിട്ടത് എന്നുമാണ് മോഷനിൽ കാണുന്നത്. കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടില്ല. ഇതിനെക്കുറിച്ച് അന്വേഷിച്ച് അടുത്ത ദിവസംതന്നെ സഭയെ വിവരം അറിയിക്കുന്നതാണ്.

Mr. Speaker: After getting the necessary information I will decide whether the adjournment motion could be admitted or not.

Shri P. V. Avira Tharakan: Sir, I have given notice of an adjournment motion.

Mr. Speaker: I want hon. Members to remember what I have already stated regarding adjournment motions. There is no obligation on my part to mention the names of all Members who have sent in adjournment motions or to read the adjournment motions, unless it is very necessary to do so. The hon. Member has given notice of an adjournment motion regarding the invasion of the sea at some place. The Member has put questions regarding this subject and answers have been given. It is not an urgent matter.

Shri P. V. Avira Tharakan: It is a very urgent matter.

Mr. Speaker: I have explained the position clearly. For admitting an adjournment motion, certain ingredients as laid down in the Rules have to be satisfied. If the Member cannot read and understand those rules, I am helpless. (Laughter.)

VOTING OF DEMANDS FOR GRANTS

Demand [XIX—Medical (*contd.*)

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാൻ ഇന്നലെ നാഗർകോവിൽ ക്ഷയരോഗാശുപത്രിയെ സംബന്ധിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. അവിടെ കൂടുതലായി രണ്ടു വാർഡുകൾകൂടി ഉണ്ടാക്കാനുള്ള ഏർപ്പാട് നല്ലതുതന്നെ. പക്ഷെ ഇന്നത്തെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കുന്ന യാതൊരു നിർദ്ദേശങ്ങളും ചെയ്തിട്ടില്ലെന്നുകൂടി ഇതോടൊന്നിച്ച് പ്രസ്താവിക്കേണ്ടതായിട്ടാണിരിക്കുന്നത്. ക്ഷയരോഗാശുപത്രിയിലെ ചികിത്സകളിൽ പ്രധാനപ്പെട്ട മൂന്നു രീതികളിൽ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ഏററവും പ്രധാനപ്പെട്ട ഒന്നാണു് ടിക്കോപ്ലാസ്റ്റിക്ക് പ്രയോഗം. ടിക്കോപ്ലാസ്റ്റിക്ക് ഉപകരണങ്ങൾ നാഗർകോവിലിൽ ഇല്ല എന്നതാണു് പരമാർത്ഥം. എന്നാൽ അവിടത്തെ ഡാക്ടരുടെ മനോധർമ്മവും ബുദ്ധിസാമർത്ഥ്യവുംകൊണ്ടു് അദ്ദേഹം ഒരുമാതിരി ചികിത്സിച്ചുവരുന്നു. ഈ ക്ഷയരോഗാശുപത്രിയിൽനിന്നും രോഗം ഭേദമായി എന്നു പറഞ്ഞു് പോകുന്ന ആളുകളിൽ ൧൫ ശതമാനവും അവിടെത്തന്നെ ചികിത്സക്കു തിരിയെ വരുന്നതായിട്ടാണു് കാണുന്നതു്. ഇതിൽനിന്നും അനുമാനിക്കേണ്ടതു് അവിടത്തെ ഏർപ്പാടു് തീരെ തൃപ്തികരമല്ലെന്നാണു്. നമ്മുടെ നാട്ടുകാരുടെതന്നെ ജനങ്ങളുടെ ആരോഗ്യനിലവാരം കുറഞ്ഞുകുറഞ്ഞാണു് വരുന്നതു്. നമ്മോടു യുദ്ധത്തിനുവന്ന ഡച്ചുകാരെ കുളച്ചൽ യുദ്ധത്തിൽ പരാജിതരാക്കുവാൻ വേണ്ടവണ്ണം ഉള്ള കരുത്തുണ്ടായിരുന്നവരാണു് നമ്മുടെ കേരളീയർ. ഇരവിക്കുട്ടിപ്പിള്ളയെപ്പോലുള്ള നിരവധി ശക്തന്മാരും പരാക്രമികളുമായ സേനാനികളുടെ പിന്തുടർച്ചക്കാരായ കേരളീയർ ഇന്നു് കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ ഫലംകെട്ട എങ്ങാപിശാചുക്കളായിത്തീർന്നിരിക്കുന്നു. അവരുടെ ആരോഗ്യനിലവാരം ഇന്നു് അധഃപതിച്ചു വരികയാണു് ചെയ്യുന്നതു്. നമ്മുടെ ജനങ്ങളുടെ ആരോഗ്യ നിലവാരത്തെപ്പററി അന്വേഷിച്ചു് വേണ്ടതു ചെയ്യുന്നതിനു് ഒരു മെഡിക്കൽ കമ്മിഷൻ രൂപീകരിക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്. ആകപ്പാടെ ഇവിടത്തെ ചികിത്സാ സമ്പ്രദായത്തിനു് ഒരു പരിവർത്തനം വരുത്തേണ്ട കാലം അത്യാസന്നമായിരിക്കുന്നു. അങ്ങിനെയുള്ള സന്ദർഭത്തിലാണു് കാൺഗ്രസ്സ് സർക്കാർ മെഡിക്കൽ വകുപ്പിലുള്ള വകയിരുത്തലുകളിൽ പല കുറവുകളും വരുത്തിയിരിക്കുന്നതു്. ഞാൻ ചില കണക്കുകൾ ഇവിടെ ഉദ്ധരിക്കാം. ൧൦൨ ലക്ഷംരൂപ മെഡിക്കൽ വകുപ്പിനായി മാററിവച്ചിരുന്നു. എന്നാൽ ഈയ്യാണ്ടു് അതു് ൨൫ ലക്ഷം ആക്കിയിരിക്കുകയാണു്. മെഡിക്കൽ കാളേജിനുള്ള ൧൧ ലക്ഷംരൂപ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേയ്ക്കു് കൊള്ളിച്ചിട്ടുള്ളതുകൊണ്ടാണു് ഇതിൽ കുറവുവന്നതെന്നു് പറയപ്പെടുന്നു. കഴിഞ്ഞകൊല്ലം പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേയ്ക്കു് മാററിവച്ചിട്ടുള്ള ൧൦ ലക്ഷംരൂപ ഇത്തവണ ൨൧ ലക്ഷം രൂപയായിട്ടുള്ളതു് നോക്കിയാൽത്തന്നെയും ൧൦൨ ലക്ഷത്തിനും ൨൫ ലക്ഷത്തിനും ഉള്ള വ്യത്യാസം നികരുവാൻ സാദ്ധ്യമല്ല. അതുപോലെ തന്നെ മരുന്നില്ലെന്നുള്ള പരാതി എല്ലായിടത്തനിന്നും വന്നുകൊണ്ടിരിക്കെ കഴിഞ്ഞകൊല്ലം ൧൩ ലക്ഷംരൂപ ആ ഇനത്തിൽ മാററിവച്ചതു് ഇത്തവണ ൧൦ ലക്ഷംരൂപയാക്കിയിരിക്കുന്നു. അങ്ങിനെ അതിലും ൩ ലക്ഷംരൂപാ കുറവുചെയ്തു. അതുപോലെ ബെഡ്ഡിംഗിനും ക്ലോത്തിംഗിനും കഴിഞ്ഞവർഷം ൫,൨൨,൦൦൦ രൂപാ മാററിവച്ചിരിക്കെ ഈ വർഷം ൪൫,൦൦൦ രൂപാമാത്രമെ കൊള്ളിച്ചിട്ടുള്ളു. അതുപോലെ ഓരോ ഇനവും ആലോചിച്ചു നോക്കുകയാണെങ്കിൽ കഴിഞ്ഞകൊല്ലത്തേക്കാൾ കുറച്ചിട്ടുള്ളതല്ലാതെ യാതൊരു തുകയും കൂടുതൽ ചേർത്തിട്ടില്ല. ൧൯൪൧-ലെ സെൻസസ്സ് റിപ്പോർട്ടും ൧൯൫൧-ലെ സെൻസസ്സ് റിപ്പോർട്ടും പരിശോധിച്ചു നോക്കിയാൽ ശിശുമരണം ഇവിടെ വർദ്ധിച്ചു വരുന്നുണ്ടെന്നു് കാണാവുന്നതാണു്. കൊല്ലം ഡിസ്ട്രിക്ടിൽ ൫൧-ലെ സെൻസസ്സ് റിപ്പോർട്ടിൻപ്രകാരം ശിശുമരണം ൪൯.൧൭ ആയി വർദ്ധിച്ചിട്ടുണ്ടെന്നാണു് കാണുന്നതു്. ഇങ്ങനെ ഓരോ കാര്യത്തിലും പരാതികളും പരാധീനതകളും വർദ്ധിച്ചു വരുമ്പോൾ

കാൺഗ്രസ്സ് ഭരണത്തിൻകീഴിലുള്ള ആശുപത്രികളിൽ ഏതു രോഗത്തിനും ഒരേ ഒരു മരുന്നു കൊടുക്കുന്നതുപോലെ, കാൺഗ്രസ്സ് മന്ത്രിമാർക്ക് ഒരു പല്ലവി മാത്രമേ പാടാനുള്ളു. "പണമില്ല, പണമില്ല". പ്രൈമറി വിദ്യാഭ്യാസത്തിനും ചികിത്സകൾക്കും ആയി വേണ്ടപണം കണ്ടുപിടിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞില്ലെങ്കിൽ അതു് ഈ സർക്കാരിന്റെ പാപ്പരത്വമാണ്. പണമുണ്ടാക്കാൻ നിരവധിമാർഗ്ഗങ്ങളുണ്ടു്. വേണമെങ്കിൽ പറയാം. അതു് പാവപ്പെട്ടവന്റെ മേൽ നികുതിചുമത്തിയല്ല ഈടാക്കേണ്ടതു്. ഇന്നു് നമ്മുടെനാട്ടിൽ ഏററവും വലിയ കമ്പനിയായ കണ്ണൻദേവൻ കമ്പനിയിലെ തേയിലവിററ് അവർക്ക് നമ്മുടെ നാട്ടിൽ ആകെയുണ്ടാകുന്ന വരുമാനത്തെക്കാൾ കൂടുതൽ വരുമാനം ഉണ്ടാകുന്നുവെന്നു മലയാളമനോരമയിലെ ഒരു വിദഗ്ധന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. അധികാരത്തിൽ വരുന്നതിനു മുമ്പു് കണ്ണൻദേവൻ കമ്പനിയല്ല കൃഷ്ണൻദേവൻ കമ്പനിയായാലും ജനകീയസർക്കാർ ദേശവൽക്കരിക്കുമെന്നു് വീമ്പു പറഞ്ഞിരുന്നു. ഇന്നു് മററു പ്രഖ്യാപനങ്ങളെപ്പോലെ ഇതും ലംഘിച്ചിരിക്കുകയാണ്. കാൺഗ്രസ്സുകാർ ഇപ്പോൾ സകലതിനും കേന്ദ്രഗവണ്മെൻറിന്റെ മറപററി നിൽക്കുകയാണ് നമുക്ക് ഒന്നും ചെയ്യുവാൻ അധികാരമില്ല. ഭരണഘടനയിൽ വിദേശമൂലധനത്തിന് പരിപൂർണ്ണരക്ഷനൽകുന്നുണ്ടു്. ഇതു് സ്റ്റേററ് ഗവണ്മെൻറിന്റെ പരിധിയിൽപ്പെട്ടതല്ല എന്നൊക്കെപ്പറഞ്ഞാൽ, സർ, എനിക്കു പറയാനുള്ളതു് ഞങ്ങൾ ഇതിനുത്തരവാദികളല്ലെന്നാണ്. ഈ രാജ്യത്തു് കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ അജ്ഞരും രോഗികളുമായി ദുരിതങ്ങളനുഭവിക്കുന്ന ജനലക്ഷങ്ങൾ അതിനുത്തരവാദികളല്ല. നമ്മുടെ വിഭവങ്ങൾ വിദേശികൾക്കടിയറവച്ച കേന്ദ്രകാൺഗ്രസ്സുകാരും അവരുടെ അനുയായികളായ ഇവിടത്തെ കാൺഗ്രസ്സുകാരും ആണുത്തരവാദികൾ. നമ്മുടെ സംസ്ഥാനത്തെ ഏററവും പ്രധാനപ്പെട്ട ഈ വ്യവസായം വിദേശികൾക്ക് കൊള്ളയടിക്കാനനുവദിച്ചുകൊണ്ടു്, നമ്മുടെ സ്റ്റേററിന്റെ ആകെ വരുമാനമുള്ള ഈ കമ്പനിക്ക് എന്തും ചെയ്യാൻ അധികാരം കൊടുത്തുകൊണ്ടു്, ലക്ഷക്കണക്കിനു രൂപ കടൽ കടത്തിക്കൊണ്ടുപോകാൻ വിട്ടുകൊണ്ട് പണമില്ല പണമില്ല എന്നു് വിലപിക്കുന്നതു് അസംബന്ധമാണ്. പണക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, പുരോഗമനപരമായ ഒരു നികുതിവ്യവസ്ഥ ഏർപ്പെടുത്തിയും വിദേശമൂലധനം കണ്ടുകെട്ടിയും വരുമാനം വർദ്ധിപ്പിക്കണം. അങ്ങിനെ രോഗത്തിലും, അജ്ഞതയിലും, ദാരിദ്ര്യത്തിലും ആണ്ടുകിടക്കുന്ന നമ്മുടെ ജനതയ്ക്കാശ്വാസം കൊടുക്കുന്ന സാമൂഹ്യസേവനപദ്ധതികൾ ആസൂത്രണം ചെയ്തു് നടപ്പിലാക്കണം. അതിനുള്ള ധീരതയും, ദേശാഭിമാനവും ജനസ്നേഹവും ഉള്ള ഒരു സർക്കാർ വരണം എന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. വാറങ്ങി പുളിക്കൽ: മെഡിക്കൽ വകുപ്പിനെ കുറിച്ച് രണ്ടു വാക്കു പറയുവാൻ തുടങ്ങുമ്പോൾ ആ വകുപ്പിന്റെ ചില പോരായ്മകളേയും അതിന്റെ നടത്തിപ്പിലുള്ള ചില ക്രമക്കേടുകളെയുംപററി പറയേണ്ടതായി വരുന്നു. മെഡിക്കൽ വകുപ്പിനു ഈ കൊല്ലത്തേക്ക് ൫൮ ലക്ഷം രൂപയാണ് കൊള്ളിച്ചിട്ടുള്ളതു് കൂടാതെ ൨൦ ലക്ഷത്തോളം രൂപ കെട്ടിടങ്ങളും മററും പണിയിക്കേണ്ട ആവശ്യങ്ങൾക്ക് കൊള്ളിച്ചി

[ശ്രീ. വാറങ്ങി പളിക്കൽ]

ട്ടുണ്ടു്. അങ്ങനെ ൨൦ ലക്ഷംരൂപ കെട്ടിടങ്ങൾക്കുവേണ്ടിയുള്ളതു് മെഡിക്കൽകാളേജിനു പ്രത്യേകമായി ചെലവാക്കുവാനുള്ളതാണു്. അങ്ങനെ ൭൮ ലക്ഷംരൂപ ബാക്കിയുള്ളതു ഡാക്ടർമാരുടെ ശമ്പളം, മരുന്നുകൾ ഇവയ്ക്കുവേണ്ടി മാത്രം ചെലവാക്കേണ്ടതായിട്ടുതന്നെയാണു് ഇരിക്കുന്നതു്. അതുകൊണ്ടു് സൃഷ്ടിപരമായി നോക്കുമ്പോൾ നമ്മുടെ ഗ്രാമങ്ങളിൽ ഓരോ ആസ്പത്രിയോ ഇല്ലെങ്കിൽ Grant-in-aid ഡിസ്പെൻസറിയോ സ്ഥാപിക്കാനുള്ളതിനു് ഒരു പദ്ധതി തുടങ്ങുവാനെങ്കിലും മതിയായ സംഖ്യ നമ്മുടെ ബഡ്ജററിൽ കൊള്ളിക്കാൻ സാധിച്ചിട്ടില്ല. ഈ സംഗതി ആലോചിക്കുമ്പോൾ നമ്മുടെ വരുമാനത്തിൽ നാലുകോടി രൂപയോളം വിദ്യാഭ്യാസത്തിനായി ചെലവാക്കിക്കൊണ്ടിരിക്കേ ജനങ്ങളുടെ ആരോഗ്യത്തെ പരിരക്ഷിക്കുന്നതിനുവേണ്ടി ഒരു കോടി രൂപയെങ്കിലും ചെലവാക്കാത്തതു ശോചനീയംതന്നെയാണു്. അതിനുള്ള കാരണം എന്താണു്? പക്ഷെ, അതിനുവേണ്ടി ഞാൻ ഗവണ്മെന്റിനെ മുഴുവൻ കുററപ്പെടുത്തുവാൻ ശ്രമിക്കുന്നില്ല. മറുഭാഗത്തുനിന്നും ഒരു സ്നേഹിതൻ പറഞ്ഞു ഈ ഗവണ്മെന്റു് ആവശ്യപ്പെടുന്ന സംഖ്യ കിട്ടുവാൻ പാവങ്ങളുടെമേൽ നികുതി ചുമത്തരുതെന്നാണു്. എനിക്കു പറയുവാനുള്ളതു് പുരോഗമനപരമായ നയതന്ത്രപരിപാടികൾക്കു് സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ജനങ്ങളുടെ അടുക്കൽനിന്നും വരവിനം കൂട്ടാതെ കഴിയുകയില്ല. ചില രാജ്യങ്ങളിൽ എഡ്യൂക്കേഷൻ നികുതി പോലും ചുമത്തുന്നുണ്ടു്. അങ്ങനെയാണെങ്കിൽ ആരോഗ്യത്തിനുവേണ്ടി ഒരു പ്രത്യേക നികുതി ചുമത്തിയാലും തരക്കേടില്ല. നമ്മുടെ ശോചനീയ സ്ഥിതി അവസാനിപ്പിക്കണമെന്നാണു് എന്റെ അഭിപ്രായം.

ഗവണ്മെന്റിൽനിന്നു് ഇപ്പോൾ നടത്തിവരുന്ന പ്രത്യേക നയങ്ങളെ സംബന്ധിച്ചു് ഒന്നു രണ്ടു വാക്കുകൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ സഭയിൽ പല പ്രാവശ്യവും ആസ്പത്രികൾ പല സ്ഥലങ്ങളിലും വേണമെന്നു മെംബർമാർ ഉന്നയിച്ചപ്പോൾ അതാതു സ്ഥലങ്ങളിലെ ദാനശീലന്മാരെ കണ്ടുപിടിച്ചു് അവരെക്കൊണ്ടു് കെട്ടിടത്തിനു് കുറെ സെൻറുസ്ഥലവും ഒരു കെട്ടിടവും പണിതു് കൊടുക്കുകയാണെങ്കിൽ ഒരു ഡാക്ടറെയും കുറെ മരുന്നുകളും ഗവണ്മെന്റിൽനിന്നും കൊടുക്കാമെന്നും മററും പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഈ നയമാണു് പൊതുവേ ഗവണ്മെന്റിനുള്ളതു്. ആ കാര്യത്തിൽ എനിക്കു് സ്വല്പം അഭിപ്രായവ്യത്യാസമുണ്ടു്. Metropolitan area കളിൽ അവിടെയുള്ള ധനികന്മാർ കെട്ടിടങ്ങളും മററും ആസ്പത്രിക്കുവേണ്ടി കൊടുക്കുമ്പോൾ വലിയ ധനികന്മാരില്ലാത്ത ഗ്രാമങ്ങളിൽ ഡിസ്പെൻസറിയുടെ ആവശ്യത്തിനു് ആരും ഒന്നും കൊടുത്തിട്ടില്ലായെന്നു വിചാരിച്ചു് അവിടെ ഡിസ്പെൻസറികൾ സ്ഥാപിക്കാതിരിക്കുന്നതു് ശരിയല്ല. സാധാരണയായി നഗരങ്ങളിലാണു് ഇങ്ങനെയുള്ള പണക്കാരും ദാനശീലന്മാരും കാണുന്നതു്. ഇങ്ങനെ ഗ്രാമങ്ങളെ ആ കാരണം പറഞ്ഞുകൊണ്ടു് വിഗണിക്കരുതെന്നാണു് എന്റെ അഭിപ്രായം.

വേറെ ഒരു കാര്യംകൂടി പറയുവാനുണ്ടു്. മുളംകുന്നത്തുകാവു് ക്ഷയരോഗ ആസ്പത്രിയെ സംബന്ധിച്ചു് ഇയ്യിടെ ഒരു പരാതിയുണ്ടായി.

അവിടെ ടി ആസ്പത്രിയിൽ കിടന്നിരുന്ന ആസന്നമരണനായ ഒരു രോഗിയെ പണസ്വാധീനമുള്ള ഒരു ആൾക്കു bed ഒഴിച്ചുകൊടുക്കുവാൻ വേണ്ടി ആസ്പത്രിയിൽനിന്നും പുറത്താക്കുകയും കൊടുങ്ങല്ലൂർ സ്വദേശിയായ ആ രോഗി വഴിമദ്ധ്യേ തൃശ്ശൂർതെരുവീഥിയിൽ നിസ്സഹായനായി കിടന്നു മരിക്കുകയും ഉണ്ടായി. ഇതിനെ സംബന്ധിച്ചു പല പത്രങ്ങളും റിപ്പോർട്ട് ചെയ്യുകയും ഈ ദയനീയവാർത്തയെക്കുറിച്ചു ഫൻ ൧൨ ജൂലായ് ൪-ാംനു- വെള്ളിയാഴ്ച തൃശ്ശൂരിലെ എക്സ്പ്രസ്സ് പത്രം ഒരു editorial തന്നെ എഴുതുകയും ചെയ്തിട്ടുണ്ട്.

Mr. Speaker: Is the speech made on the strength of that report in that newspaper?

Shri Varunni Pulikkal: It is a true fact. It is also my personal knowledge that there was such a grievance.

ദാനശീലനും ഉദാരനുമായ മെഡിക്കൽമന്ത്രി അവർകൾ ആ സ്ഥലത്തെത്തി ആ ഡാക്ടരുടെ പെരുമാററത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വേറൊരു പ്രത്യേകകാര്യംകൂടി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. അതു് Mobile ഡിസ്പെൻസറികളെക്കുറിച്ചാണ്. ഒരു വാനിൽ ഒരു ഡാക്ടരും, Nurse-ും, കുറെ മരുന്നുമായി ആഴ്ചയിൽ ഇത്രദിവസം ഒരു ഗ്രാമത്തിൽ, എന്ന ഒരു പരിപാടിയോടുകൂടെ ഗ്രാമങ്ങളിൽ സഞ്ചരിക്കുന്ന പക്ഷം ആസ്പത്രിക്കു് കെട്ടിടം പണിയുവാൻ സംഖ്യയില്ലാതെ കഴിയുന്ന ഇക്കാലത്തു് ഗ്രാമീണക്കു് അതൊരു വലിയ ഭാഗ്യമായിരിക്കും. ഈ വക Mobile ഡിസ്പെൻസറികൾ ഡെൽഹിയിൽ തുടങ്ങിയിട്ടുള്ളതായി പത്രങ്ങളിൽ കാണുന്നു. അങ്ങിനെയുള്ള ഡിസ്പെൻസറികൾ ഉടനെ തുടങ്ങുന്നപക്ഷം അതു ഗ്രാമീണക്കു് വളരെ ഉപകാരപ്രദമായിരിക്കും.

ഡാക്ടർ എം. ശിവരാമൻനായർ: സർ, ഈ ഡിമാൻറിനെപ്പററി സംസാരിക്കുമ്പോൾ മെഡിക്കൽസർവീസസ്സ് എന്ന പദം ഉപയോഗിക്കണമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. മെഡിക്കൽസർവ്വീസസ്സ് എന്നുപറയുമ്പോൾ മെഡിക്കലും, പബ്ളിക്കുഹെൽത്തും, ആയുർവ്വേദവും ഡിപ്പാർട്ടുമെൻറുകൾ ഉൾപ്പെടുന്നുണ്ട്. ഒരേ ഉദ്ദേശത്തോടുകൂടി വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവയാണു ഇവ. ഇവയെല്ലാംകൂട്ടിച്ചേർത്തു ഒരു ഡിപ്പാർട്ടുമെൻറായി സംയോജിപ്പിച്ചാൽ ഈ ഡിപ്പാർട്ടുമെൻറിൻെറ സൂപ്പർവിഷനുള്ള ചെലവു കുറയുമെന്നുള്ളതും പ്രാപ്തിയുള്ള ആഫീസറന്മാരുടെ സേവനം എല്ലാ തുറകൾക്കും ലഭ്യമാകുമെന്നുള്ളതും, തദ്വാരാ പ്രവർത്തനശേഷിവർദ്ധിക്കുമെന്നുള്ളതും പ്രസ്താവ്യമാണു്. വിവിധതുറകളുടെ ചാർജ്ജു വഹിക്കുവാൻ ഓരോ അസിസ്റ്റൻറിനെയും, പൊതു ഡയറക്ഷനു ഒരു ഡയറക്ടർജനറലിനെയും നിയമിച്ചു മെഡിക്കൽസർവ്വീസു ഇൻറിഗ്രേഷൻ നടപ്പിലാക്കേണ്ടതാണു്. ഇതു നടപ്പിൽവരുമ്പോൾ ഡിസ്ത്രിക്ട് സൂപ്പർവിഷനു് ഡിസ്ത്രിക്ട് മെഡിക്കൽആഫീസറെ നിയോഗിക്കാവുന്നതും അവക്കു പബ്ളിക്കുഹെൽത്തു ക്വാളിഫിക്കേഷൻ ഉണ്ടായിരിക്കുമെന്നു് നിർദ്ദേശിക്കാവുന്നതുമാണു്. എല്ലാ ആതുരപത്രികളിലും കൂടുതൽ വിദഗ്ദ്ധന്മാരെ നിയമിക്കുവാൻ തക്കവണ്ണം ആളുകളെ കിട്ടുന്നില്ലെന്ന പരാതിക്കു ഉപശാന്തിയായി ആണററി സർജൻ, ആണററി അസിസ്റ്റൻറ

[ഡാക്ടർ എം. ശിവരാമൻനായർ.]

സർജൻ എന്നിവരെ നിയമിക്കുന്ന പദ്ധതി ഇവിടെയും നടത്താവുന്നതാണ്. രോഗികൾക്കും ഇപ്രകാരം നിയമിക്കപ്പെടുന്ന ഡാക്ടർമാർക്കും ഒരുപോലെ ഗുണപ്രദമായിട്ടുള്ള ഈ പദ്ധതി വളരെ വിജയകരമായി മദ്രാസ്സ്‌സ്റ്റേറ്റിൽ നടപ്പിലിരിക്കുന്നുവെന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

ഇപ്പോൾ ഡിസ്പെൻസറികളിൽ ജോലിയിലിരിക്കുന്ന മെഡിക്കൽ ആഫീസറന്മാർക്ക് ആധുനികചികിത്സാസമ്പ്രദായത്തിൽ പരിശീലനം നൽകുന്നതു അവർക്കും, പ്രത്യേകിച്ചു അവരുടെ ശുശ്രൂഷണത്തിൽവരുന്ന രോഗികൾക്കും അനുഗ്രഹമാണ്. അതിനുവേണ്ടി കൂടക്കൂടെയുള്ള ഒരു റിഫ്റഷർകോഴ്സ് അവർക്കു നൽകത്തക്കവണ്ണം ഏർപ്പാടു ചെയ്യേണ്ടതാണ്.

എല്ലാ ഡിസ്ട്രിക്ടു ആശുപത്രികളിലും ഹൗസ് സർജന്റെ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്. ഒരുസ്ഥലത്തു മൂന്നുകൊല്ലത്തിൽ കൂടുതൽ ഒരു ആഫീസറെയും വച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്നവ്യവസ്ഥ സശ്രദ്ധം പാലിക്കേണ്ടതാണ്. ഇതുകൊണ്ടു സാമർത്ഥ്യം കൂടുതലുള്ള ഒരാളിന്റെ ഗുണം പല സ്ഥലക്കാർക്കും അനുഭവമാകുകയും അതുപോലെ സാമർത്ഥ്യം കുറഞ്ഞ ഒരാളിന്റെ ദോഷം ഒരു നാടിനുതന്നെ ബാധകമാകാതിരിക്കുകയും ചെയ്യുന്നതാണ്.

അതുപോലെ ഇപ്പോൾ ഉള്ള രീതിമാറ്റി എല്ലാ ഡിസ്ട്രിക്ടു ഹോസ്പിററലിലും നേഴ്സസ് ട്രെയിനിംഗ്സെൻറർ ആരംഭിക്കേണ്ടതാണ്. ആശുപത്രികളിൽ എല്ലായിടത്തും നഴ്സുകളെ ലഭ്യമാകുമെന്നുള്ളതുകൂടാതെ അത്യാവശ്യമായിരിക്കുന്ന ട്രെയിൻഡ്നഴ്സ്സിനെ രാജ്യത്തു് വർദ്ധിപ്പിക്കുവാനും ഈ പദ്ധതി ഉപയുക്തമാണ്. ഇപ്രകാരം മദ്രാസിൽചെയ്യുന്നുണ്ടെന്നുള്ള വസ്തുതയും അറിയിച്ചുകൊള്ളട്ടെ.

എല്ലാ ഡിസ്ട്രിക്ട് ആശുപത്രികളും ഒന്നാംകിട ആശുപത്രികളാക്കേണ്ടതാണ്. ആധുനികമായ രോഗനിർണ്ണയോപകരണങ്ങൾ— ക്ലിനിക്കൽ ലാബറട്ടറി, എക്സറേ, ഫിസിയോതെറാപ്പി, ആപ്പറേഷൻ തിയേററർ, ആംബുലൻസ് മുതലായ എല്ലാ സജ്ജീകരണങ്ങളും അവിടെ ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ഡിസ്പെൻസറികളിലും കുറഞ്ഞതു ആംബുലൻസുകളെങ്കിലും ഉണ്ടാക്കി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

പബ്ളിക്കുഹെൽത്തു ലാബറട്ടറി, മെഡിക്കൽഡിപ്പാർട്ടുമെൻറിന്റെയും, പബ്ളിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിന്റെയും മദ്ധ്യേ സ്ഥിതി ചെയ്യുന്നതും ചെയ്യേണ്ടതുമായ ഒരു സ്ഥാപനമാണ്. ഡിപ്പാർട്ടുമെൻറുകളുടെ ഇൻറിഗ്രേഷനോടുകൂടി ആ സ്ഥാപനവും ഇതിന്റെ ഒരു ഘടകമാക്കേണ്ടതാണ്.

സ്റ്റേററിന്റെ തെക്കും വടക്കുമെങ്കിലും വിപുലവും എല്ലാ സജ്ജീകരണങ്ങളോടുകൂടിയതുമായ ഓരോ ഐസൊലേഷൻ ആശുപത്രികൾ ഉണ്ടായിരിക്കേണ്ടതാണ്.

ആയുർവ്വേദത്തെപ്പററി പറയുകയാണെങ്കിൽ, ആയുർവ്വേദവൈദ്യശാലകൾക്കും വിഷവൈദ്യശാലകൾക്കും ഉദാരമായ ധനസഹായം നൽകി

അവരെ പ്രോത്സാഹിപ്പിക്കേണ്ടതു വളരെ ആവശ്യമുള്ള സംഗതിയാണ്.

സർ, ആശുപത്രികളിൽ മരുന്നു സംഭരിക്കുന്നതു സാധുക്കൾക്കുവേണ്ടിയാണ്. സാധുക്കൾക്കു സൗജന്യവൈദ്യസഹായം നൽകിയും പണക്കാരിൽനിന്നും അതിന്റെ വില വസൂൽചെയ്തും ചികിത്സിക്കേണ്ടതാണ്. ഈ കാര്യത്തിൽ കൃത്യവിലോപം വരുത്തുന്നവരെ നിർദ്ദാക്ഷിണ്യം ശിക്ഷിക്കേണ്ടതാണ്. അതുപോലെ ആശുപത്രിയിൽ രോഗികൾക്കു കിട്ടുന്ന ആഹാരത്തിനെ സംബന്ധിച്ചും ഒരു വാക്ക്. പോഷകപ്രധാനമായ ആഹാരം ഔഷധംപോലെതന്നെ രോഗചികിത്സയിൽ പ്രാധാന്യംവഹിക്കുന്നുണ്ട്. അർഹിക്കുന്ന രോഗികൾക്കു ശരിയായ തോതിൽ ആഹാരം കൊടുക്കേണ്ടതാണ്. ഈ വിഷയത്തിൽ എവിടെയെങ്കിലും ചൂഷണം നടത്തുന്നുണ്ടെങ്കിൽ ദയാലേശമില്ലാതെ കാരണക്കാരെ ശിക്ഷിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട മന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

മൊബൈൽ ഡിസ്പെൻസറികളെപ്പററി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അമേരിക്കയിലും മററും വളരെ വിജയകരമായ ഒരു പ്രവർത്തനരംഗമാണിത്. ഒരു മോട്ടോർവാനിൽ അതിനുള്ള ഉപകരണങ്ങളും വഹിച്ചുകൊണ്ടു നാട്ടിൻപുറങ്ങളിൽ രോഗികളുടെ സമീപത്തേക്കു വൈദ്യസഹായം എത്തിച്ചുകൊടുക്കുന്ന പദ്ധതിയാണിതു്.

പട്ടണപ്രദേശങ്ങൾ എന്നു പറയുന്ന സ്ഥലങ്ങൾപോലും ഏതാണ്ടു നാട്ടിൻപുറങ്ങളുടെമാതിരിയുള്ള നമ്മുടെ നാട്ടിൽ ഇതു വളരെ ഉപകാരംചെയ്യാവുന്ന ഒരു ഉപകരണമാണ്. ഇതു് എല്ലാ ഡിസ്ട്രിക്ടിലും പ്രവർത്തിപ്പിക്കുന്നതു നന്നായിരിക്കുമെന്നാണു എനിക്കു പറയുവാനുള്ളതു്.

ആശുപത്രികളിലെ പ്രവർത്തനത്തെപ്പററി സാധാരണക്കാരനുള്ള അഭിപ്രായം രേഖപ്പെടുത്താൻ ഒരു അഡൈ്വസറിബോർഡുപോലെ എല്ലാ ആശുപത്രികളിലും 'വിസിറേറഴ്സുബോർഡു' രൂപവൽക്കരിക്കാവുന്നതാണ്.

സർ, മെഡിക്കൽഡിപ്പാർട്ടുമെൻറിനെപ്പററി പറയുമ്പോൾ ആദ്യമായി പറയുവാനുള്ളതു് സർജൻജനറലിനു് ആപേക്ഷികമായ ശമ്പളനിരക്കില്ല എന്ന വസ്തുതയാണ്. നല്ല പ്രാക്ടീസുള്ള ഒരു ഫസ്ററ ഗ്രേഡ് സിവിൽസർജൻ സർജൻ ജനറലാകുമ്പോൾ മുൻപുണ്ടായിരുന്ന ൪൫൦–൭൫൦ ക. സ്കെയിലും പ്രാക്ടീസിന്റെ പരിപൂർണ്ണനഷ്ടവും മാത്രമാണു കിട്ടുന്നതു. അദ്ദേഹത്തിനു് കാമ്പൻസേററി അലവൻസെങ്കിലും കൂടി നൽകുന്നതു വെറും ന്യായംമാത്രമാണ്.

സർജൻജനറൽ ആഫീസിൽ സൂപ്രണ്ടിനാണു ആഫീസിന്റെ സർവ്വ ചുമതലയും. മറെറാരുരാജ്യത്തും ഈ പതിവില്ല. ഒരു മെഡിക്കൽ ആഫീസർ പേഴ്സനൽ അസിസ്റ്റൻറായിരിക്കേണ്ടതും, സൂപ്രണ്ടു പേഴ്സനൽ അസിസ്റ്റൻറിന്റെ കീഴിൽ പ്രവർത്തിക്കേണ്ടതുമാണ്.

ഡിസ്ട്രിക്ടു മെഡിക്കൽആഫീസറിനു് ഇപ്പോൾ ഡിസ്ട്രിക്ടു മുഴുവൻ അധികാരപരിധിയായിരിക്കുന്നതുകൊണ്ടു മാസം പത്തുദിവസമെങ്കിലും അവരവരുടെ ഡിസ്ട്രിക്ടിലുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്.

[ഡാക്ടർ എം. ശിവരാമൻ നായർ]

മെഡിക്കൽ ആൻറ നേഴ്സസ് കൗൺസിൽ കുറേക്കൂടി ഊർജ്ജിതമായും കർശനമായും പ്രവർത്തിച്ച് പ്രൊഫഷണൽ എതിക്സിൻെറ മാനദണ്ഡം ഉയർത്തുവാൻ യത്നിക്കേണ്ടതാണ്. ഒരു ഫുൾടൈം രജിസ്റ്റ്രാർ ഇവയുടെ ചുമതല വഹിക്കേണ്ടതാണ്.

മെഡിക്കൽ സ്റ്റോറിൻെറ ചുമതല ഒരു ഫാർമക്യൂട്ടിക്കൽ കെമിസ്റ്റിനെ നിയമിച്ച് അദ്ദേഹത്തിൻെറ കീഴിലാക്കേണ്ടതാണ്. സിവിൽസർജൻസിനും സ്പെഷ്യലിസ്റ്റിനും വിവിധ ഗ്രേഡുകൾ ഉണ്ടായിരിക്കെ, അസിസ്റ്റൻറ സർജനുമാത്രം അതില്ലാത്തതിൻെറ കാരണം അജ്ഞാതമാണ്. അവക്കും ഗ്രേഡുനൽകി വേണ്ട പ്രോൽസാഹനം നൽകേണ്ടതാണ്.

കുട്ടികൾക്കും സ്ത്രീകൾക്കുംവേണ്ടിയുള്ള അവിട്ടംതിരുനാൾ ഹോസ്പിററലിൽ സർജൻസും അസിസ്റ്റൻറസർജന്മാരുമുണ്ട്. കൂടാതെ ഏററവും ജൂനിയറായി ഒരു പീഡിയാട്രിഷ്യൻ കൂടിയുണ്ട്. കുട്ടികളുടെ ആശുപത്രിയിൽ കുട്ടികളുടെ രോഗചികിത്സാവിദഗ്ദ്ധനായ ഈ പീഡിയാട്രിഷ്യന് ഈ സ്റ്റേയിൽ ആയിരിക്കുന്നതിൻെറ ഔചിത്യബോധത്തെ ചോദ്യം ചെയ്യേണ്ടതാണ്. ഒരു സ്പെഷ്യലിസ്ററ ഗ്രേഡുകൊടുത്തു സ്റ്റേയിൽ വ്യത്യാസംവരുത്തി ഈ അനീതി പരിഹരിക്കേണ്ടതാണ്. മലേറിയാ ഡിസ്പെൻസറികളും, ഇപ്പോഴുള്ള ടെമ്പററി ഡിസ്പെൻസറികളും സ്ഥിരമാക്കി പ്രവർത്തിക്കേണ്ടതാകുന്നു.

നാലുകൊല്ലത്തെകോഴ്സ് കഴിഞ്ഞു വരുന്ന ഒരു നേഴ്സിനു ഒരു കൊല്ലത്തെ കോഴ്സ് കഴിയുന്ന മിഡ്വൈഫിനു കിട്ടുന്ന ശമ്പളത്തെക്കാൾ കുറവായിരിക്കുന്നതു ക്ഷന്തവ്യമല്ല. അതിനുവേണ്ട പരിഹാരം ചെയ്യേണ്ടതാണ്.

ചെങ്ങന്നൂർ ഡിസ്പെൻസറി അവിടെയുള്ള ജനബാഹുല്യത്തെ പരിഗണിച്ച് വിപുലപ്പെടുത്തേണ്ടതും ഒരു ലേഡീഡാക്ടരെ കൂടി അവിടെ നിയമിക്കേണ്ടതുമാകുന്നു. കുളനട ആശുപത്രിക്കുവേണ്ടി നാട്ടുകാർ വളരെ ക്ലേശവും ധനവ്യയവും സഹിച്ച് ഉണ്ടാക്കിയിരിക്കുന്ന കെട്ടിടത്തിൽ ഉടനടി ഒരു ഫുൾടൈം ഡാക്ടറെയും മററു സിൽബന്തികളെയും നിയമിച്ചു പ്രവർത്തനം നടത്തേണ്ടതാണെന്നും ബഹുമാനപ്പെട്ട മന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി കെ. ആർ. ഗൌരി: സർ, ബഡ്ജററ് അവതരിപ്പിച്ചുകഴിഞ്ഞ പ്രാവശ്യം ഇവിടെ സംസാരിച്ചപ്പോൾ ഇക്കൊല്ലം മെഡിക്കൽ വകുപ്പിലേയ്ക്കു സംഖ്യ കുറച്ചിരിക്കുന്നതായി കാണുന്നു എന്നു ഞങ്ങളുടെ ഭാഗത്തുനിന്നു പറഞ്ഞപ്പോൾ ധനകാര്യമന്ത്രി ഇവിടെ പറഞ്ഞതു് അതിലേയ്ക്കു സംഖ്യ കുറച്ചിട്ടില്ല; ഈ വകുപ്പിലേക്കുള്ള സംഖ്യ കുറെ സിവിൽ വർക്കിസിൽ കൂട്ടിയിരിയ്ക്കുന്നു അതുകൊണ്ടാണ് കുറവു കാണുന്നതു് എന്നാണ്. ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതുപോലെ മെഡിക്കൽ വകുപ്പിൽ കെട്ടിടനിർമ്മാണത്തിനുള്ള സംഖ്യ മുഴവൻ മെഡിക്കൽ കാളേജിനു വേണ്ടിയുള്ള ചെലവിനാണ് ചേർത്തിരിക്കുന്നതു്. അതിനുള്ള വമ്പിച്ച തുക ചെലവാക്കിക്കഴിഞ്ഞാൽ വളരെ കുറഞ്ഞസംഖ്യ മാത്രമേ ആശുപത്രിയ്ക്കുള്ള കെട്ടിടങ്ങൾ പണിയുന്ന ഇനത്തിലേയ്ക്കു പോകുന്നുള്ളൂ. കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും ഒരുപോലെ സംഖ്യ മെഡിക്കൽ വകു

പ്പിലേയ്ക്ക് നീക്കിവച്ചിരിക്കുന്ന എന്നു സമ്മതിക്കാമെങ്കിൽ തന്നെ ആ സംഖ്യ പര്യാപ്തമാണോ എന്നു നോക്കണം. ഈ രാജ്യത്ത് ൯൨ ലക്ഷം ജനങ്ങൾ ഉണ്ട്. ജനസംഖ്യ അനുസരിച്ച് ഓരോരുത്തർക്കും ഓരോ രൂപ വീതം പോലീസിനുവേണ്ടി ചെലവാക്കുന്നു; എന്നാൽ ഒരു കൊല്ലത്തേക്കു ഒരാളിന് ൧൨ അണപോലും ആരോഗ്യ വകുപ്പിലേക്കുവേണ്ടി ചെലവാക്കുന്നില്ല. ഓരോ ദിവസം ചെല്ലുന്തോറും രോഗികളുടെ എണ്ണം കൂടിക്കൂടി വരികയാണ്. ആ സ്ഥിതിക്കു് മെഡിക്കൽ വകുപ്പിലേയ്ക്കു് കൊള്ളിച്ചിരിക്കുന്ന സംഖ്യ ഒരു വ്യക്തിക്കു് ഒരു കൊല്ലത്തേയ്ക്കു് വെറും ൧൨ ണയ്സ താഴെ മാത്രമാണ്. ആസ്പത്രികളെ സംബന്ധിച്ച് നാട്ടിൽ പരക്കെ രണ്ടു പരാതികൾ, ഒന്നു മരുന്നില്ല എന്ന്, രണ്ടാമത്തേത് സ്ത്രീകൾക്കു പ്രസവത്തിനു സൗകര്യമില്ല എന്ന്. എല്ലാ സ്ഥലത്തും സ്ത്രീകൾക്കു പ്രസവസമയത്തുള്ള ശുശ്രൂഷയ്ക്കു സൗകര്യം ചെയ്തുകൊടുത്തിട്ടില്ല. ഇന്ന് ആസ്പത്രികളിൽ ചെല്ലുന്ന രോഗികൾക്കു് ടൈഫോയിഡിനും ഡിസൻട്രിക്കും, ക്ഷയത്തിനുമെല്ലാം ഒരു മരുന്നാണ് കൊടുത്തുവരുന്നത്. പാവപ്പെട്ട രോഗികൾ വൈകുന്നേരംവരെ കാത്തിരുന്നാൽ ഒരു ജാതി മരുന്നുതന്നെയാണ് ഏതുരോഗിക്കും ആസ്പത്രിയിൽ നിന്നു കൊടുക്കുന്നത്. അവർ അതു വാങ്ങിക്കൊണ്ടുപോകയും ചെയ്യും. ഇന്ന് ആവശ്യത്തിനുള്ള മരുന്ന് ആസ്പത്രിയിൽ ഇല്ല. ആസ്പത്രി ഒരു വിജനപ്രദേശമല്ലാതെ ആസ്പത്രിയായി മാറണമെങ്കിൽ ആവശ്യത്തിനുള്ള മരുന്നു വാങ്ങി വയ്ക്കണം. സർ, ആസ്പത്രിയിൽ മരുന്നില്ലാത്തതിനാൽ പാവപ്പെട്ട രോഗികളുടെ കഷ്ടപ്പാടും, അപകടവും അനേകമാണ്. ഇരിങ്ങാലക്കുട ആസ്പത്രിയിൽ ഒരു തൊഴിലാളിയുടെ കാൽ മുറിഞ്ഞതിനു ശേഷം കൊണ്ടുചെന്നു. അതു് ടെററനസ് poison ആയി. പാവപ്പെട്ട ഒരു രോഗിയാണ്. ആ രോഗിയോടു ഡാക്ടർ പറഞ്ഞു ഇൻജക്ഷനു മരുന്നു വാങ്ങിക്കണമെന്ന്. മരുന്നുവാങ്ങാൻ ആ രോഗിയെക്കൊണ്ടു സാധിച്ചില്ല. അത്യാവശ്യമായ anti-tetenus injections കൊടുക്കാതിരുന്നതിനാൽ അതിനുള്ള സൗകര്യം ആസ്പത്രിയിൽ ഇല്ലായിരുന്നതിനാൽ രോഗി അപകടപ്പെട്ടുപോയി, അയാളുടെ ഭാര്യ, പ്രസവിച്ചിട്ട് ൩൦ ദിവസം തികയാത്തവർ കിണററിൽ ചാടി ആത്മഹത്യ ചെയ്തു. അതുപോലെതന്നെ തൃശ്ശിവപേരൂർ ആസ്പത്രിയിൽ ഉരുണ്ടുവീണ ഒരു കുട്ടിയെകൊണ്ടു ചെന്നു. fracture ഉണ്ടായ ഭാഗത്തു പ്ലാസ്റ്റർ ഇടണമെന്നു പറഞ്ഞു് അതു വാങ്ങാൻ ഡാക്ടർ എഴുതി കൊടുത്തു. പ്ലാസ്റ്റർ ഇടാതെ ഇരുന്നതിനാൽ കുട്ടിയുടെ കൈയിൽ നീരുവന്നു. വേദനകൊണ്ടു രണ്ടു ദിവസം കരഞ്ഞു. കുട്ടി കരയുന്നതിന്റെ കാരണം അന്വേഷിച്ചു അതിനടുത്തു കിടന്നിരുന്ന അവിടത്തെ മുനിസിപ്പൽ വൈസ് ചെയർമാനായ ഒരാൾ കാശുകൊടുത്തു് പ്ലാസ്റ്റർ വാങ്ങിക്കൊടുത്തു. അതുവച്ചു കെട്ടിയപ്പോൾ കുട്ടിയുടെ കരച്ചിൽ മാറി. അന്നു സുഖമായി ഉറങ്ങി. വേറെ ഒരു ആസ്പത്രിയിൽ പ്രസവത്തിന് സ്ത്രീയെ പ്രവേശിപ്പിച്ചപ്പോൾ പലതും ഇല്ല എന്നു പറഞ്ഞ കൂട്ടത്തിൽ പ്രസവിച്ചാൽ ഒരു കുട്ടിക്കു പൊക്കിളിൽ കെട്ടുവാൻ ഒരു ചരടുപോലുമില്ലെന്ന് അറിഞ്ഞു. ഇങ്ങനെയുള്ള ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് നമ്മുടെ ആസ്പത്രികൾക്കു കാശില്ല. അതുകൊണ്ടു് മെഡിക്കൽ വകുപ്പിലേയ്ക്കു നീക്കിവച്ചിരിക്കുന്ന തുക വളരെ കൂട്ടേണ്ടതാണ്. ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അടുത്തകാലത്തു് ചേർത്തല ആസ്പത്രിയിൽ ഒരു വാർഡു തുറക്കുന്നതിന് ചീഫ്മിനിസ്റ്ററും മെഡി

[ശ്രീമതി കെ. ആർ ഗൗരി.]

ക്കൽമന്ത്രിയുംകൂടി വന്നിരുന്നു. ആ വാർഡ് സർ. സി. പി.-യുടെ കാലത്തു പണിയുവാൻ തുടങ്ങിയതാണ്. ൧൧൨൩ മുതൽ അതിൽ ആളുകളെ പ്രവേശിപ്പിച്ചു ചികിത്സിക്കുന്നുണ്ട്. അതു് ഉൽഘാടനം ചെയ്തു. ഉൽഘാടനം ചെയ്തു കഴിഞ്ഞതിനുശേഷം ഞാൻ ഒരിക്കൽ അവിടെ പോകുകയുണ്ടായി. ഞാൻ ചെന്നു കണ്ടപ്പോൾ ആ ആശുപത്രി ഉണ്ടായ കാലത്തു് ഓപ്പറേഷനു കൊടുത്തിരുന്ന സാധനങ്ങൾ അല്ലാതെ വേറെ ഓപ്പറേഷൻ സാധനങ്ങൾ ഒന്നും അവിടെ കൊടുത്തിട്ടില്ല. അവിടെ രോഗികൾക്കു കട്ടിലിൽ വിരിക്കുന്നതിന് ഒരു ജമുക്കാളംകൂടി ഇല്ല. രോഗികൾക്കു തുപ്പുന്നതിന് ഒരു പാട്ടപോലും അവിടെയില്ല. നേഴ്സുമാർതന്നെ അവിടെ വന്നാൽ ഇതെല്ലാം കണ്ട് എന്തു ചെയ്യണമെന്നറിയാതെ അവർ നിൽക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം മെഡിക്കൽ കാളേജിൽ പ്രവേശനത്തിന് അപേക്ഷിച്ചപ്പോൾ ൨൦ സ്ത്രീകളെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു എന്നു പറഞ്ഞു. എല്ലാ സ്ഥലത്തു നിന്നും പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നതു കൂടുതൽ ലേഡീഡാക്ടർമാരെ വേണമെന്നാണ്. മെഡിക്കൽ മന്ത്രി പറഞ്ഞു ൨൦ സ്ത്രീകളെ മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളു; അതു് കാൺസ്റ്റിററ്യൂഷനിൽ ഉള്ളതാണ് എന്ന്. അതായതു് ൨൦ പേക്കു മാത്രമേ അഡ്മിഷൻ കൊടുക്കുന്നുള്ളു എന്നു പറഞ്ഞു. ലേഡീഡാക്ടറന്മാരെ കൂടുതൽ വേണമെന്നിരിക്കെ മെഡിക്കൽ കാളേജിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളേയും പ്രവേശിപ്പിക്കണം. സ്ത്രീകളെ discriminate ചെയ്യുന്ന institution ഉണ്ടെങ്കിൽ അതു ഭേദപ്പെടുത്തേണ്ടതാണ്. ഇന്നു സ്ത്രീകളെ പ്രസവകാലത്തു ശുശ്രൂഷിക്കുന്നതിനായി ഡിസ്പെൻസറിയോ ആശുപത്രിയോ ഇല്ല. എല്ലാ സ്ഥലത്തും ആശുപത്രിയും ഡിസ്പെൻസറിയും സ്ഥാപിക്കാൻ ഗവണ്മെൻറിനു പണം കാണുകയില്ല. എന്നാൽ ആ ആവശ്യങ്ങൾക്ക് നാട്ടിൻെറ നാനാഭാഗങ്ങളിലും ഹെൽത്തുയൂണിററുകൾ ഉണ്ടാക്കുവാൻ സാധിക്കും. സ്ത്രീകളുടെ കാര്യത്തിൽ അവരുടെ ജീവിതത്തിൽ ഏററവും അത്യാവശ്യമായി ഡാക്ടർ വേണ്ട സമയമാണ് പ്രസവം. ആ കാലത്തു് അവരെ സഹായിക്കുന്നതിനു വേണ്ടി ലേഡി ഡാക്ടർമാർ വേണം. അതുകൊണ്ട് സ്ത്രീകളിൽ നിന്നു ൨൦ പേരെ മാത്രമേ മെഡിക്കൽകാളേജിൽ എടുക്കുകയുള്ളു എന്നുള്ള സംപ്രദായം മാററണം. സ്ത്രീകൾക്ക് കുറഞ്ഞതു് ൩൦ സീററെങ്കിലും വേണം. ലേഡീഡാക്ടർമാരെ നാട്ടിൽ ആവശ്യമാണ്. പുരുഷന്മാർ എത്ര നല്ല മാർക്കോടുകൂടി ജയിച്ചുവന്നാലും അവർ ലേഡീഡാക്ടർമാർ ആകയില്ല. ഈ സ്ത്രീകൾ ജയിച്ചു വന്നാൽ ഡിസ്പെൻസറികൾ തുറക്കുന്നതിനു ഗവണ്മെൻറിനു പണം ഉണ്ടാകയില്ലായിരിക്കാം. പക്ഷെ ഡിസ്പെൻസറികൾ ഇല്ലെങ്കിലും അവരെക്കൊണ്ട് ഹെൽത്തുയൂണിററുകൾ ഉണ്ടാക്കാവുന്നതാണ്. ഹെൽത്തുയൂണിററുകൾ ഉണ്ടെങ്കിൽ പ്രസവകാലത്തു് സ്ത്രീകൾക്കു പ്രത്യേക ശുശ്രൂഷ ചെയ്യുവാൻ സാധിക്കും. അതിനു ഗവണ്മെൻറു മുൻകൈ എടുത്തു പ്രവൃത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇപ്പോൾ പ്രസവത്തിന് ആശുപത്രിയിൽ ചെന്നാൽ, അവിടെ പ്രസവത്തിനു സൗകര്യമില്ല; അല്ലെങ്കിൽ പ്രസവവാർഡിൽ ഒഴിവില്ലാ, അല്ലെങ്കിൽ പ്രസവത്തിനു കാലമായിട്ടില്ല എന്നു പറഞ്ഞു സ്ത്രീകളെ മടക്കി അയയ്ക്കുകയാണ് ചെയ്യുന്നതു്. ഇതുപോലെ ഒരു സ്ത്രീ പ്രസവിക്കുന്നതിന് ചിറയിൻകീഴ് ആശുപത്രിയിൽ ചെന്നപ്പോൾ പ്രസവത്തിനു സമയമാ

യിട്ടില്ല എന്നു പറഞ്ഞു തിരിച്ചയച്ചു. അവർ വീട്ടിലേയ്ക്കു് മടങ്ങുന്ന വഴി മുരുക്കുംപുഴ റെയിൽവേ സ്റ്റേഷനിൽ കിടന്നു പ്രസവിച്ചു. പ്രസവത്തിനു കൂടുതൽ സൌകര്യമുണ്ടാക്കുവാനായിട്ടാണു് ലേഡീഡാക്ടർമാരെ ധാരാളം ട്രെയിൻ ചെയ്യിക്കണമെന്നു പറയുന്നതു്. എന്റെ നിയോജകമണ്ഡലമായ വയലാർ മേക്കു് പകുതിയിൽ പതിനയ്യായിരം വോട്ടർമാരുണ്ടു്. ഇരട്ടിജനങ്ങളുമുണ്ടു്. ഈ സ്ഥലത്തു ഗവൺമെന്റു വക ഒരു ഡിസ്പെൻസറിയോ ആശുപത്രിയോ പോലുമില്ല. ഇതെല്ലാം പരിഹരിക്കുന്നതിനു ഡാക്ടർമാരെയും ഹെൽത്തു യൂണിററുകളേയും തയ്യാറാക്കുന്നതിനു ഗവൺമെന്റു വേണ്ട നടപടികൾ എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, എനിക്കു് നാഗർകോവിൽ ടി. ബി. ആശുപത്രിയെ സംബന്ധിച്ചാണു് ചില സംഗതികൾ ഇവിടെ പറയുവാനുള്ളതു്. അതിനുമുമ്പു് ഇവിടത്തെ മെഡിക്കൽ ഭരണത്തെ സംബന്ധിച്ചു് ഒന്നുരണ്ടു വാക്കു് പറയാതിരിക്കാൻ നിവൃത്തിയില്ല. ആശുപത്രികളെ അഭയം പ്രാപിക്കുന്ന പാവപ്പെട്ട രോഗികൾക്കു് മരുന്നില്ലെന്നുള്ള പരാതി തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ആശുപത്രികളിലും ഇന്നുണ്ടു്. എന്നാൽ ആശുപത്രിയിലേയ്ക്കു് ഇപ്പോൾ അനുവദിച്ചുകൊടുക്കുന്ന മരുന്നുതന്നെ രോഗികൾക്കു് കൊടുക്കുന്നുണ്ടോ എന്നു നോക്കിയാൽ അതും ലഭിക്കുന്നില്ല. പല ആശുപത്രികളിലെ ഡാക്ടർമാരും അടുത്തുള്ള മരുന്നുകടക്കാരുമായി ഒരു കൂട്ടുകച്ചവടം നടത്തുകയാണു്. ആശുപത്രിയിലെ മരുന്നു് മരുന്നുകടകളിൽ പോയിട്ടു തിരിയെ വരുകയെന്നുള്ളതു് ഒരു പതിവായിത്തീർന്നിട്ടുണ്ടു്. മൊഫ്യൂസിൽ ആശുപത്രികളിൽ പോയാൽ അവിടെ ഡാക്ടർമാരുടെ ജോലി നോക്കുന്നതും രോഗികൾക്കു് മരുന്നു് കൊടുക്കുന്നതുംമററും നേഴ്സുതന്നെയാണു് എന്നു കാണാം. പല ആശുപത്രികളിലും ഈ വിധത്തിലാണു് നടക്കുന്നതെന്നു് എനിക്കറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. മുമ്പു് രോഗികൾക്കു് മരുന്നു് വിലകൊടുത്തു വാങ്ങേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഡയററും വാങ്ങേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ആശുപത്രികളിൽ ഇന്നു് അനുവദിച്ചിട്ടുള്ള ഡയററു് രോഗികൾക്കു് കിട്ടുന്നുണ്ടോ എന്നു സംശയമാണു്. ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള പാൽ രോഗികൾക്കല്ലാ അവിടത്തെ ജോലിക്കാരുടെ ആവശ്യത്തിനാണു് വിതരണം ചെയ്യുന്നതു്.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഏതാശുപത്രിയിലാണു് ഇങ്ങനെ നടക്കുന്നതെന്നു് പറയാമോ ?

ശ്രീ. എ. കുഞ്ഞൻനാടാർ : തിരുവനന്തപുരത്തെ ആശുപത്രിയിൽ തന്നെ കയറി ഇറങ്ങി പരിശോധിച്ചാൽ അതു് രോഗികൾ തന്നെ പറയും.

ശ്രീ. എൻ. പി. വർഗ്ഗീസ് : തിരുവനന്തപുരത്തെ ഏതു ആശുപത്രിയിലാണെന്നു് പറയാമോ ?

ശ്രീ. എ. കുഞ്ഞൻനാടാർ : തിരുവനന്തപുരത്തു് ജനറൽ ആശുപത്രിയിലും തൈക്കാട്ടു് ആശുപത്രിയിലും ഇപ്രകാരം ചെയ്യുന്നുണ്ടു് എന്നുള്ളതു്

[ശ്രീ. ഏ. കുഞ്ഞൻ നാടാർ]

എല്ലാവൎക്കും അറിയാവുന്ന ഒരു പരസ്യമാണു്. ഡാക്ടർ എൻ. എസ്സ്. പിള്ള ഈ ആശുപത്രികളുടെ പേരു മാററി ഹെൽത്തുഡിപ്പാർട്ട്മെൻറ് എന്നു് വേണമെന്നു് പറഞ്ഞു. എനിക്കു് പറയുവാനുള്ളതു് ഈ ആശുപത്രികളുടെ പേരു് കുമാരനാശാൻെറ കവിതയിൽ പറഞ്ഞിട്ടുള്ള അദ്ധ്യാത്മവിദ്യാലയം എന്നു് മാററണമെന്നാണു്. കാരണം പാവപ്പെട്ട രോഗികൾ ആശുപത്രിയുടെ ഒരുവശത്തു് മരുന്നു കിട്ടാതെയും ഡയററു് കിട്ടാതെയും കിടന്നു് നരകിക്കുമ്പോൾ, ശുശ്രൂഷിക്കാൻ ആളില്ലാതെ മരണവേദനയിൽ കിടന്നുവിളിക്കുമ്പോൾ മറുവശത്തു് പ്രണയനാടകങ്ങളും മററു് അനാശാസ്യനടപടികളും നടക്കുകയായിരിക്കും. ഞാൻ ആരേയും ആക്ഷേപിച്ചു പറയുന്നതല്ല. ഇന്നു് ഒരു പാവപ്പെട്ടവൻ തൻെറ മകളെ അല്ലെങ്കിൽ ഭാൎയ്യയെ പ്രസവത്തിനു് കൊണ്ടുചെന്നിട്ടു് വീട്ടിൽ ചെന്നു ഡാക്ടരെ അറിയിച്ചാൽ, കാലത്തു് അറിയിച്ചാൽ വരുന്നതു് വൈകുന്നേരമായിരിക്കും. നേരെമറിച്ചു് പണമുള്ള ഒരാളാണെങ്കിൽ അദ്ദേഹം ഉടനെവന്നു് മരുന്നു് കൊടുക്കും. അതിനു് ഒരു ഉദാഹരണം നാഗർകോവിൽ ഡിസ്ട്രിക്ട് ആശുപത്രിയാണു്. നാഗർകോവിലിൽ വിദഗ്ദ്ധന്മാരായ ഡാക്ടറന്മാർ നടത്തിവരുന്ന പ്രൈവററു് ആശുപത്രിയുണ്ടു്. മിക്കവാറും ജനങ്ങൾ ഗവണ്മെൻറു് ആശുപത്രിയിൽ പോകാതെ പ്രൈവററു് ഡാക്ടരുടെ അടുത്താണു് പോകുന്നതു്. കാരണം ആശുപത്രിയിൽ ചെല്ലുന്ന രോഗികൾക്കു് മരുന്നു് വേണമെങ്കിൽ, ചികിത്സ വേണമെങ്കിൽ കൂടുതൽ വില കൊടുക്കണം. പ്രൈവററു് ഡാക്ടരുടെ അടുത്തുപോയാൽ ചെലവു് കുറവാണു്. നാഗർകോവിൽ ടി. ബി. ആശുപത്രിയെ സംബന്ധിച്ചു് ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ ആക്ഷേപം പറയുകയുണ്ടായി. ആ ടി. ബി. ആശുപത്രിയിൽ രോഗികൾക്കു് മലമൂത്രവിസർജ്ജനത്തിനു് സൌകൎയ്യമില്ലായെന്നു് പല അംഗങ്ങളും സഭയെ അറിയിച്ചു. രണ്ടു കൊല്ലങ്ങൾക്കുമുമ്പു് അതിനു് അവിടെ സൗകൎയ്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള പണം ഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടെന്നും അതിലേക്കു് ചില സാധനങ്ങൾ വരുത്തിയിട്ടുണ്ടെന്നും എന്നാൽ അതു് വരുത്തിയതിനുശേഷം ആ സാധനങ്ങൾ അവിടെ നൽകാതെ വടക്കൻതിരുവിതാംകൂറിലെ ചില സ്ഥലങ്ങളിലേയ്ക്കു് കൊണ്ടുപോയിട്ടുണ്ടെന്നും ലജ്ജയോടുകൂടി ഈ സഭയെ അറിയിക്കേണ്ടിയിരിക്കുന്നു. ഈ ടി. ബി. ആശുപത്രിയിൽ അത്യാവശ്യമായി വേണ്ട സൗകൎയ്യങ്ങൾ ചെയ്തുകൊടുക്കാത്തതുനിമിത്തം ക്ഷയരോഗം അവിടെ പടൎന്നുപിടിക്കുന്നുണ്ടു്. ആശുപത്രിയ്ക്കകത്തും പരിസരങ്ങളിലും മാത്രമല്ല, ടൌണിലും പടൎന്നുപിടിക്കുന്നുണ്ടു്. അടുത്തകാലത്തു് പ്രൈമറി വിദ്യാൎത്ഥികളുടെയിടയിൽ ഒരു സൎവ്വേ നടത്തിയതിൽ മററു് സ്ഥലങ്ങളെ അപേക്ഷിച്ചു് താരതമ്യേന അവിടെ ക്ഷയരോഗബാധിതരായ വിദ്യാൎത്ഥികൾ വളരെ കൂടുതലാണെന്നാണു് എനിക്കു് അറിയുവാൻ കഴിഞ്ഞിട്ടുള്ളതു്. ക്ഷയരോഗികൾ വെളിയിൽനിന്നും, നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും അവിടെ വരികയും, ടൌണിലുള്ള ഹോട്ടലുകളിൽ താമസിക്കുകയും, വീടെടുത്തു് താമസിക്കുകയുമാണു് ചെയ്യുന്നതു്. ആ ടൌണിലെ ജീവിതരീതി തിരുവനന്തപുരം പട്ടണത്തിലെപ്പോലെയല്ല. അതു് വില്ലേജ്സിസ്റ്റം ആഫ് ലിവിംഗ് ഉള്ള സ്ഥലമാണു്. എട്ടുപത്തു് വീടു് ഒന്നായി ഒരു സ്ഥലത്തു കാണും. വീടുകൾക്കു് പ്രത്യേകം പ്രത്യേകം കാമ്പൗണ്ടുകൾ ഇല്ല.

അങ്ങിനെയുള്ള സ്ഥലത്തു് രോഗികൾ വന്നു താമസിക്കുന്നുണ്ടു്. അതുകൊണ്ടു് അവിടെ രോഗം വളരെവേഗം പകരുവാൻ ഇടയാകുന്നുണ്ടു്. ഈ സംഗതിക്കായി അവിടെ മുനിസിപ്പാലിററിക്കു് അകത്തുള്ളവരും അ നാട്ടുകാരും ചേർന്നു് വലിയ ഒരു പ്രക്ഷോഭണം ഒരു സമയത്തുണ്ടാക്കി. പ്രക്ഷോഭണംകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലാതെവന്നതുകൊണ്ടു് അതു് നിറുത്തിവയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്. ജനങ്ങൾ തിങ്ങിതാമസിക്കുന്ന സ്ഥലങ്ങളിൽ ക്ഷയരോഗികളെ താമസിക്കുവാൻ അനുവദിക്കുന്നതു് ഒരു വലിയ ക്രിമിനൽ കുററമാണു്. അതു് ദൂരീകരിക്കുന്നതിനുള്ള നടപടി ഗവണ്മെൻറു് ഉടനടി എടുക്കേണ്ടതാണു്. ടി. ബി. ആശുപത്രിയിൽ വരുന്ന ആളുകൾ ടൌണിൽ താമസിക്കുവാൻ പാടില്ലെന്നും ടൌണിൽ താമസിക്കുന്ന ആളുകളെ ഡാക്ടർ ചികിത്സിക്കുകയില്ലെന്നും ഒരു ഏർപ്പാടു് ചെയ്താൽ മതി. ഇതുകൂടാതെ ടി. ബി. ആശുപത്രിയിൽ നിന്നു് പുറത്തുപോകുന്ന രോഗികളെ ടൌണിൽ വരാനും അനുവദിക്കരുതു്. ഈ സുഖക്കേടു് പകരുന്നതിനെ സംബന്ധിച്ചു് തിരുവിതാംകൂർ കൊച്ചിയ്ക്കു് വെളിയിൽനിന്നു വരുന്ന ഏതു ഭ്രാന്തൻ എന്തു പറഞ്ഞാലും അതു് വിദഗ്ദ്ധാഭിപ്രായമായിട്ടാണു് ഈ ഗവണ്മെൻറു് കരുതാറുള്ളതു്. അവർ എന്തൊക്കെ പറഞ്ഞിരുന്നാലും എൻെറ അഭിപ്രായത്തിൽ ഈ സുഖക്കേടു് പകരുന്നതു് പ്രധാനമായി ക്ഷയരോഗികളുടെ സ്ഫുട്ടത്തിൽ നിന്നാണു്. ആ നിലയ്ക്കു് ടൌണിൻെറ മദ്ധ്യത്തിൽ ഈ ആശുപത്രി ഇരിക്കുകയാണെങ്കിൽ ഈ സുഖക്കേടു് പകരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ടൌണിലുള്ള ആളുകളെ ക്ഷയരോഗികളാക്കിത്തീർക്കാതിരിക്കണമെങ്കിൽ ടൌണിൽനിന്നും എട്ടോ പത്തോ മൈൽ ദൂരേക്കു് ഈ ആശുപത്രി മാററണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇപ്പോഴുള്ള ടി. ബി. ആശുപത്രിയെ മെഡിക്കൽ കാളേജായി രൂപാന്തരപ്പെടുത്താവുന്നതുമാണു്.

ശ്രീ. പരീതു റാവുത്തർ : സർ, ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു് ധാരാളം ജനങ്ങൾ ഉള്ള സ്ഥലങ്ങളിൽ മാത്രമേ ഗവണ്മെൻറിൽനിന്നു് ഡിസ്പെൻസറികളും ആശുപത്രികളും അനുവദിക്കുന്നുള്ളു.

വളരെ സഞ്ചാരസൗകര്യം കുറഞ്ഞ സ്ഥലങ്ങളിലാണു് ചില ആശുപത്രികൾ സ്ഥാപിച്ചിരിക്കുന്നതു്. ജനസംഖ്യ കൂടുതൽകൊണ്ടോ, കെട്ടിടത്തിൻെറ സൗകര്യംകൊണ്ടോമാത്രം ഈവക സ്ഥാപനങ്ങൾ രണ്ടും മൂന്നും മൈൽ ദൂരെ സ്ഥാപിച്ചിരിക്കുന്നതു് രോഗികൾക്കു്, വിശേഷിച്ചും ഗർഭിണികളായ സ്ത്രീകൾക്കു് വളരെ അസൗകര്യമായിരിക്കുകയാണു്. ഈവക കാര്യങ്ങളിൽ ഗ്രാമവാസികൾക്കുവേണ്ടി പ്രത്യേകം ചില ആനുകൂല്യങ്ങൾകൂടി ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കേണ്ടതാണു്. ഇപ്പോൾ അവിടെയുള്ള ആശുപത്രിയുടെ കാര്യം പറയുകയാണെങ്കിൽ വളരെ രസകരമാണു്. രോഗികളായ പുരുഷന്മാരെ പരിശോധിക്കേണ്ടിവരുമ്പോൾ ഏതാണ്ടു് അല്പസമയവും, സ്ത്രീകളാണെങ്കിൽ ഏകദേശം ഒരുമണിക്കൂർ സമയവും പരിശോധന നടത്തുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളവും ഓരോ അംഗംതോറും പരിശോധന നടത്തുന്ന ഈ ഡാക്ടർക്കു് സാമാന്യ മര്യാദപോലും ഇല്ലാതാണു് ഈ പ്രവൃത്തി ചെയ്യുന്നതു്. ബഹുമാനപ്പെട്ട പാറശാലമെമ്പർ പറയുകയുണ്ടായി. പണക്കാർക്കു് മാത്രമേ ഡാക്ടറിൽനിന്നും അനുഭാവം ലഭിക്കുകയുള്ളുവെന്നു്. ഞാൻ പറയുന്നതു്

[ശ്രീ. പരീതു റാവുത്തർ]

പണക്കാരായാലുംശരി, അല്ലെങ്കിലുംശരി, കൈമടക്കു് കൊടുക്കുന്നവരെ മാത്രമെ ഡാക്ടർ ശുഷ്കാന്തിയോടുകൂടി ചികിത്സിക്കുകയുള്ളുവെന്നാണു്. ഈ ഡാക്ടരെപ്പററി പല പരാതികളും നാട്ടുകാരുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. പരാതികൾ യഥാർത്ഥമാണെന്നു് അന്വേഷണം നടത്തിയാൽ ബോദ്ധ്യപ്പെടുന്നതാണു്. ഈ വിധത്തിലുള്ള അനാശാസ്യപ്രവൃത്തികൾ ചെയ്യുന്ന ഡാക്ടറന്മാർ സംസ്ഥാനത്തിന്റെ ഏതു ഭാഗത്തു് പ്രവർത്തിച്ചുകൊണ്ടിരുന്നാലും അവരെ ഉടനെ സർവ്വീസിൽനിന്നും പിരിച്ചുവിടണമെന്നാണു് എനിക്കു് പറയാനുള്ളതു്.

മററൊരു കാര്യം മെഡിക്കൽഡിപ്പാർട്ടുമെൻറിന്റെ സർജൻ ജനറലിനും ഡാക്ടർമാർക്കും ശമ്പളം കൂട്ടുന്നതിനെപ്പററിയാണു്. ഗവണ്മെൻറിനു് പണമില്ലാത്ത ഈയവസരത്തിൽ ഡാക്ടർമാർക്കു് ശമ്പളം കൂട്ടുക എന്നുള്ളതു് ഒരിക്കലും ശരിയല്ല. ദൈനംദിനം പൊതുജനങ്ങളിൽനിന്നും ഒരു വലിയ തുക കൈമടക്കായി വാങ്ങിക്കൊണ്ടിരിക്കുന്നഇവർക്കു് ശമ്പളം കൂട്ടാൻ നീക്കിവച്ചിരിക്കുന്ന തുക ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനും, മരുന്നുകൾ വാങ്ങിക്കുന്നതിനുംമററും ഉപയോഗപ്പെടുത്തുകയായിരിക്കും ഉചിതമായിട്ടുള്ളതു്.

രോഗികളിൽ കൂടുതലും സ്ത്രീകളാണെന്നുള്ള സഖാവു് ഗൌരിയുടെ അഭിപ്രായത്തോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. സ്ത്രീരോഗികൾ കൂടുതലുള്ള നമ്മുടെ സംസ്ഥാനത്തു് അതിനുതക്കവണ്ണം ലേഡീ ഡാക്ടർമാരെ നിയമിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. പ്രസവകേസുകളെ സംബന്ധിച്ചിടത്തോളം മിക്ക ആശുപത്രികളിലും ലെഡീഡാക്ടർ ഇല്ലാത്തതുകൊണ്ടു് ആ കാര്യം നിർവ്വഹിക്കുന്നതു് പുരുഷന്മാരായ ഡാക്ടറന്മാരാണു്. സർ, ഇതു് നല്ല രീതിയാണെന്നു് എനിക്കു് തോന്നുന്നില്ല. പ്രസവക്കേസുകൾക്കു് ശുശ്രൂഷിക്കാനുംമററും ലേഡീഡാക്ടറന്മാർതന്നെ ഉണ്ടായിരിക്കേണ്ടതാണു്. സംസ്ഥാനത്തുള്ള ആശുപത്രികളിൽ ലേഡീഡാക്ടർമാർ വളരെ കുറവാണെന്നു് പല മെംബറന്മാരും ഈ അസംബ്ലിയിൽ തന്നെ സൂചിപ്പിക്കുകയുണ്ടായിട്ടുണ്ടു്. അതിന്റെ ഫലമാണെന്നുതോന്നുന്നു, നമ്മുടെ മെഡിക്കൽ കാളേജിൽ ൨൦ സ്ത്രീകൾക്കുമാത്രം പ്രവേശനം നൽകപ്പെട്ടതു്. അതു് വളരെ കഷ്ടമായിപ്പോയി. ൫൦-ൽ അവപതു സീററും സ്ത്രീകൾക്കുതന്നെ കൊടുക്കേണ്ടതായിരുന്നു. അതു ചെയ്യാതെ ൨൦ സീററാക്കി കുറച്ചതു് നിർഭാഗ്യകരമായിപ്പോയി.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ : ൫൦ സീററിൽ പുരുഷന്മാർക്കു് ഒരു സീററും കൊടുക്കരുതെന്നാണോ മെംബറുടെ അഭിപ്രായം?

ശ്രീ. പരീതു റാവുത്തർ : ധാരാളം ഡാക്ടറന്മാർ സംസ്ഥാനത്തുള്ള സ്ഥിതിക്കു്, ലേഡീഡാക്ടറന്മാരുടെ അത്യാവശ്യത്തെ പുരസ്കരിച്ചു അവർക്കു് കൂടുതൽ പ്രോത്സാഹനം നൽകണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. കെ. രാമകൃഷ്ണൻ : സർ, പൊതുജനനന്മയെ ലാക്കാക്കി പ്രതിപക്ഷത്തുനിന്നും ഉണ്ടായിട്ടുള്ള കർശനമായ വിമർശനങ്ങൾക്കു് അതു അർഹിക്കുന്ന വിധത്തിലുള്ള യാതൊരു മറുപടിയും ഗവണ്മെൻറു ഭാഗത്തുനിന്നും കിട്ടിയിട്ടില്ലെന്നുള്ളതു നിസ്തർക്കമാണു്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ ഓരോന്നോരോന്നായി ഈ സഭയിൽ നിരത്തിവച്ചു

മ്പോൾ, അതിനെല്ലാം പണമില്ല പണമില്ല എന്നുള്ള പല്ലവിയാണു ഗവണ്മെൻറ പാടുന്നതു്. വൈദ്യസഹായം ഈ നാട്ടുകാരുടെ പ്രാഥമികാവകാശമായി ഗവണ്മെൻറ കരുതുന്നുവെങ്കിൽ അതിലേക്കു നീക്കിവച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്നു പറയാൻ ഞാൻ ഈയവസരം ഉപയോഗിച്ചുകൊള്ളട്ടെ. സർ, തൊഴിലില്ലായ്മകൊണ്ടും ഭക്ഷണക്ഷാമം കൊണ്ടുള്ള പട്ടിണികൊണ്ടും നാട്ടിലുള്ള ജനങ്ങളെ നിത്യരോഗികളാക്കി ത്തീർത്തിരിക്കുകയാണു്. രാഷ്ട്രീയകാര്യങ്ങൾക്കായും മററും ശിക്ഷിക്കപ്പെട്ട തടവുകാരെ മഹാരോഗികളാക്കിയാണു് പുറത്തിറക്കിവിടുന്നതു്. ഞങ്ങൾ ഈ വക കാര്യങ്ങളെപ്പററി ഈ സഭയിൽ അഭിപ്രായം പുറപ്പെടുവിക്കുമ്പോൾ, പ്രതിപക്ഷത്തുനിന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ഒന്നും നൽകുന്നില്ലെന്നു ഗവണ്മെൻറ മറുപടി പറയുന്നുണ്ടു്. സൃഷ്ടിപരമായ പല നിർദ്ദേശങ്ങളും ഞങ്ങൾ സഭയിൽ വച്ചിട്ടുണ്ടു്, അതുമാത്രമല്ല സൃഷ്ടിപരമായ പല പരിപാടികളും ഞങ്ങളുടെ പാർട്ടിക്കുണ്ടു്. അതിൽ ആദ്യത്തെ പരിപാടിയാണു് ജനങ്ങളുടെ വിശ്വാസം അർഹിക്കാത്ത കാൺഗ്രസ്സ ഗവണ്മെൻറിനെ ആ സ്ഥാനത്തുനിന്നും തുരത്തിക്കളയുക എന്നുള്ളതു്.

Mr. Speaker; What has it to do with the Medical Department ?

ശ്രീ. രാമകൃഷ്ണൻ: സർ, എറണാകുളം ആശുപത്രിയുടെ ദയനീയാവസ്ഥ എനിക്കു മാത്രമല്ല, ആ ആശുപത്രി സന്ദർശിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. സംയോജനത്തിനുമുൻപു സ്തുത്യർഹമായ നിലയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ആ ആശുപത്രി, അടുത്ത കാലത്തു രോഗികളുടെ മുറിവുകൾ വച്ചുകെട്ടാൻപോലും മരുന്നില്ലാത്ത നിലവരെയെത്തി. കഴിഞ്ഞ ജാനുവരി മാസത്തിൽ കേന്ദ്രത്തിലെ ആരോഗ്യവകുപ്പുമന്ത്രി ആ ആശുപത്രി സന്ദർശിക്കുകയുണ്ടായി. അവരെ ബോദ്ധ്യപ്പെടുത്താനാണെന്നു തോന്നുന്നു. പല പി. സി, ആർ. പണികളും ടെൻറർ വിളിക്കാതെ അധികൃതർ ഒരു വലിയ തുകയ്ക്കു ഒരു വ്യക്തിയെ ഏല്പിച്ചു. പണികൾ ടെൻറർ വിളിക്കാതെ ഇപ്രകാരം ഏൾപ്പിച്ചതുകൊണ്ടു് എത്രത്തോളം തുക ഗവണ്മെൻറിനു നഷ്ടം ഉണ്ടായിട്ടുണ്ടെന്നുള്ളതു ചിന്തിക്കേണ്ടതാണു്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കുണ്ടായ അനുഭവം, പൊതുജനങ്ങളുടെ പിൻതുണ എത്രത്തോളം ഉണ്ടെന്നുള്ളതു തെളിയിച്ചുകഴിഞ്ഞു. കഴിഞ്ഞ അസംബ്ളിയിൽ ഒരു ഗോപാലകൃഷ്ണനുണ്ടായിരുന്ന സ്ഥാനത്തു ഇന്നു് നൂ ഫ ഗോപാലകൃഷ്ണന്മാരുണ്ടെന്നു ധരിക്കണമെന്നുകൂടി ഈയവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുന്നു.(ബെൽ)

ശ്രീ. കെ. ജെ. താമസു്: സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു ഇത്തവണ കൊള്ളിച്ചിട്ടുള്ള തുക വളരെ കുറവാണെന്നുള്ള വസ്തുത പല ബഹുമാനപ്പെട്ട മെംബറന്മാരും കണക്കുദ്ധരിച്ചുകൊണ്ടു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത്ര നിസ്സാരമായ ഒരു തുക മാത്രം മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു മാററിവച്ചിട്ടുള്ളതു് സംസ്ഥാനത്തെ പാവപ്പെട്ടവരോടു ചെയ്യുന്ന ഒരു മഹാപാതകമാണെന്നു പറയേണ്ടിയിരിക്കുന്നു. ഗവണ്മെൻറ്, ഈ നിലയിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന രോഗികളുടെ ശുശ്രൂഷയ്ക്കുവേണ്ടി എന്തു നയമാണു തുടരാൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ആവശ്യം സംസ്ഥാനത്തു വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ സ്ഥാപന

[ശ്രീ. കെ. ജെ. താമസ്.]

ങ്ങൾക്കുവേണ്ടി നാട്ടുകാർതന്നെ സ്ഥലവും, കെട്ടിടവും മററു സാമഗ്രികളും കൊടുക്കണമെന്നാണ് ഇതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ ഇപ്പോഴത്തെ നയം. ഇതിൽ ഒരയവു വരുത്തേണ്ടതു് അത്യാവശ്യമാണ്. എല്ലാ നാട്ടുകാർക്കും ഈ വ്യവസ്ഥകൾ മുഴുവൻ പാലിക്കാൻ സാദ്ധ്യമാകുന്നതല്ല. പാവങ്ങൾ തന്നെ നിവസിക്കുന്ന പ്രദേശങ്ങളും ഈ രാജ്യത്തുണ്ടു്. അതുകൊണ്ടു ഈ കെട്ടിടങ്ങൾക്കും മററും വേണ്ട തടി സൗജന്യമായി ഗവണ്മെൻറിൽനിന്നും കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം സിഗ്നാറിറേററ് എന്നു പറയുന്ന കുറഞ്ഞ നിരക്കിനെങ്കിലും കൊടുക്കണം. കൂടാതെ ഗവണ്മെൻറുവക ധാരാളം പുറമ്പോക്കു സ്ഥലങ്ങളുണ്ടു്. അങ്ങനെയുള്ള പുറംപോക്കു സ്ഥലങ്ങളിൽ നാട്ടുകാർക്കു ആശുപത്രി കെട്ടാനുള്ള സൗകര്യം കൂടി ഗവണ്മെൻറു ചെയ്തു കൊടുക്കുന്നപക്ഷം ആവശ്യത്തിനു മതിയാകത്തക്കവണ്ണം നമ്മുടെ സംസ്ഥാനത്തു് ആശുപത്രികൾ ഉണ്ടാകുന്നതാണ്. ഇത്രയുമെങ്കിലും ഗവണ്മെൻറു ചെയ്യുകയാണെങ്കിൽ ഉദാരമതികളായ പല വ്യക്തികളും ഇതിലേക്കുവേണ്ടി വലിയ തുകകൾ സംഭാവനചെയ്യാൻ മുമ്പോട്ടു വരുന്നതാണ്. അങ്ങനെയുള്ളവരിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ ഗവണ്മെൻറു വൃഥാ കളയരുതു്.

എരുമേലിയിലും, മണിമലയിലും ഓരോ ഡിസ്പെൻസറി ഉണ്ടാക്കുന്നതിനു് ഗവണ്മെൻറു അനുവദിച്ചിട്ടുണ്ടു്. അവയ്ക്കുവേണ്ട തടി ഗവണ്മെൻറിൽനിന്നും സൗജന്യമായി നൽകുകയാണെങ്കിൽ ആ കെട്ടിടങ്ങൾ വേഗം തീരുന്നതാണ്. അങ്ങനെ ചെയ്യണമെന്നു് ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. മറെറാരുകാര്യം എനിക്കു പറയാനുള്ളതു്; കോട്ടയത്തുനിന്നും കിഴക്കോട്ടു പോയാൽ ആശുപത്രി എന്നു പറയാൻ ഒരു സ്ഥാപനമുണ്ടെങ്കിൽ അതു് കാഞ്ഞിരപ്പള്ളി ആശുപത്രി മാത്രമാണ്. ഏകദേശം പതിനഞ്ചു മൈൽ ചുററളവുള്ള പ്രദേശത്തെ രോഗികൾക്കുവേണ്ട ആവശ്യങ്ങളെല്ലാം അവിടെയാണ് നിർവ്വഹിക്കപ്പെടുന്നതു്. ദിവസംതോറും അവിടെ തടിച്ചുകൂടാറുള്ള രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തതുകൊണ്ടു പറഞ്ഞയയ്ക്കുകയാണു ചെയ്യുന്നതു്. പല പ്രസവക്കേസുകളും ആ ആശുപത്രിയിൽ വരുന്നുണ്ടു്. പ്രസവക്കേസുകൾ മാത്രമല്ല, മററു പലതരത്തിലുള്ള രോഗികളും അഭയം പ്രാപിച്ചു കൊണ്ടിരിക്കുന്ന ഈ ആശുപത്രിയിലാകട്ടെ, കിടക്കുന്നതിനു ബഡ്ഡുകളില്ല, ഇടമില്ല, പുതയ്ക്കുന്നതിനു പുതപ്പില്ല എന്നുവേണ്ട മററു യാതൊരു സൗകര്യങ്ങളും ഇല്ലാതാണിരിക്കുന്നതു്. സാധുക്കളായ രോഗികൾ കാറെറന്നോ മഴയെന്നോ നോക്കാതെ ആശുപത്രിയുടെ തിണ്ണകളിലാണു കഴിഞ്ഞുകൂടുന്നതു്. ആ ആശുപത്രിയിൽ കിടന്നു മരണമടയുന്ന അനാഥരായ രോഗികളെ അതിനടുത്ത 'ചേമ്പുമ്പാറ' എന്ന തുറസ്സായ ഒരു സ്ഥലത്താണ് അടക്കം ചെയ്യുന്നതു്. തന്നിമിത്തം ഈ മൃതശരീരങ്ങളെ രാത്രികാലങ്ങളിൽ കുറുനരി, പട്ടി മുതലായ ജന്തുക്കൾ തോണ്ടിയെടുത്തു ജനവാസമുള്ള പല സ്ഥലത്തും അവയുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കപ്പെടുന്നു. നാട്ടുകാർക്കു ഇതുമൂലം വലിയ വിഷമമാണ് നേരിട്ടുകൊണ്ടിരിക്കുന്നതു്. ആയതിനാൽ ഈ ശവം മറവു ചെയ്യുന്ന സ്ഥലത്തിനു ചുററും ഒരു മതിൽകെട്ടി അടയ്ക്കേണ്ടതാണെന്നു് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തുള്ള മിക്ക ആശുപത്രികളിലും വിതരണം ചെയ്യുന്ന ഔഷധ

ങ്ങൾ രണ്ടുമൂന്നു മാസത്തേയ്ക്കു മാത്രമെ മതിയാകുന്നുള്ളുവെന്നു പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആദ്യത്തെ രണ്ടുമൂന്നുമാസം കഴിയുമ്പോൾ രോഗികൾക്കു മരുന്നിന്റെ പേരിൽ വിതരണം ചെയ്യുന്നതു നിറം കലർത്തിയ പച്ചവെള്ളമാണ്; സെൻട്രൽജെയിലിലെ കഞ്ഞിപോലെ.

2 P. M.]

The House rose for lunch at 1 p. m., and re-assembled at 2 p. m. with Mr. Speaker in the Chair.

Mr. Speaker : Shri P. S. Nataraja Pillai, the hon. Member will try to finish in five minutes.

Shri P. S. Nataraja Pillai : Sir, it was pointed out that the provision made in the Budget for Medicine is less than what was provided in the last year. But the same is the case for dieting and the same is again the case for purchase of bedding. So, practically, the amounts provided in this Budget for treatment of diseases are less. I know, perhaps, the Government may say that they are making greater provision in the supplementary demand which they are going to make for Medicine. I find a provision for that. For dieting also there is a provision. But, at any rate, when they framed this Budget, they thought that it would be possible to carry on the departmental work with this lesser amount. But there is one thing which I want to say about this Department. Sir, there is a certain amount of demoralisation that has set in our hospitals. I cannot but say that. Inspection is so lacking that when you enter the hospitals you are confronted with the idea that you are not going into a hospital where poor human beings are struggling between life and death, but with the idea that you are going into some market. Every hospital is so overcrowded. That shows that there is greater demand for accommodation. But the Government are not bestowing any attention on that aspect. Everywhere, in every hospital, there is overcrowding and patients are asked to lie on the verandahs exposed to the sun and rain. The Department seems to bestow no attention to this aspect of the matter. The Doctors admit the patients, but they are allowed to lie on the verandahs and other place without any help being given to them, under very deplorable circumstances.

Then, I have to say something about the sense of responsibility of these doctors. Some of the hon. Members were referring to that. If you look at the way in which the patients are treated by the Medical Officers, you will find that it is a kind of mechanical prescription that is given. They are sometimes prescribing at the rate of 10 to 12 prescriptions a minute. It is a kind of mechanical attention given to the patients. I do not want to say anything further about that matter. Though we are maintaining the hospitals, paying doctors, spending nearly 80 lakhs of rupees, real treatment can be obtained for any patient only after payment to the doctors. Or else, it is a mechanical kind of treatment that we can get. Why is it so ?

[Shri P. S. Nataraja Pillai.]

It is because the inspection is so lacking. The morale is not kept up. It was pointed out in this House by hon. Ministers themselves that they visited the hospitals. Sir, what happens is that on those occasions, they are taken to some aspect of the work of the hospital and not to look into the way in which the patients are treated and the way in which the conditions of the patients are looked after by the staff. So, the primary necessity is to improve the morale of these hospitals. A certain control must be exercised on this question.

Then, there is the want of a spirit of service on the part of the doctors. I regret, I have to say that. I find that there is a want of spirit of service on the part of the Medical Officers when they are in charge of such a humanitarian service. It is not a question of payment. The genuine desire for service is really lacking. Sir, it is really unfortunate that the Medical officers here care more for their pay than for the science for which they are paid and for the great humanitarian work which they have undertaken. In every hospital you find that.

Sir, as to the question of labour cases, I find there are hospitals throughout the State with no separate labour wards. That is a kind of arrangement which nobody can tolerate. Therefore, I would request the Government Benches and the Government to do something to improve the morale of the hospitals and to have effective supervision of the hospitals by competent authorities not merely to go into the question of pay, departmental posting, punishment and transfer, but to look to the real working of the department by competent officers so that the primary duty of the Medical Officer is done in a better way. With these words, I conclude.

ശ്രീ. ടി. കെ. ദിവാകരൻ : സർ, നമ്മുടെ രാജ്യത്തെ വളരെയധികം പുരോഗതിയിൽ എത്തിയിരിക്കുന്ന ഒരു ജനതയ്ക്കു് അവരുടെ ആരോഗ്യം നിലനിറുത്തുന്നതിനും രോഗങ്ങളിൽനിന്നു് വിമുക്തിനേടുന്നതിനും ഈ ഗവണ്മെന്റ് നീക്കിവച്ചിരിക്കുന്ന തുകയുടെ അപര്യാപ്തതയെപ്പററി ഒന്നുരണ്ടുകാര്യങ്ങൾ സംസാരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. നമ്മുടെ രാജ്യത്തെ ആശുപത്രികളിൽ പതിനായിരം കിടക്കകൾ മാത്രമാണു് ഉണ്ടാക്കിയിരിക്കുന്നതെന്നുള്ളതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ശുഷ്കാന്തി എത്രമാത്രമുണ്ടെന്നു് നമുക്കു് മനസ്സിലാക്കാവുന്നതാണു്. ഈ ഒരൊററ സംഗതികൊണ്ടുതന്നെ ഈ രാജ്യത്തെ ചികിത്സാസൌകര്യം എത്രമാത്രമാണെന്നു് മനസ്സിലാക്കാവുന്നതാണു്. ആശുപത്രികളിൽ ചെല്ലുന്ന ആൾക്കുംതന്നെ അവിടെനിന്നും ശരിയായ ചികിത്സാസൌകര്യങ്ങൾ കിട്ടുന്നില്ലെന്നു് മാത്രമല്ല മരുന്നുകൾക്കു് ചീട്ടു കുറിച്ചുകൊടുക്കുന്ന ഒരുമാതിരി സ്ഥാപനങ്ങളായി മാത്രം അവ പ്രവർത്തിക്കയാണെന്നും നമുക്കു കാണുവാൻ കഴിയും. അവിടെ പഴയകാലത്തെ സ്റ്റോർ പർച്ചേസ് കമ്മിററിയുടെ അംഗീകരിക്കപ്പെട്ട ഒരു ലിസ്റ്റിൽനിന്നുമാത്രമാണു് ഇപ്പോഴും മരുന്നുകൾ വാങ്ങാറുള്ളതു്. ഈ മരുന്നുകളെ സംബന്ധിച്ചിട

ത്തോളം ഗവേഷണങ്ങൾ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ പണ്ടത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരുന്നുകളല്ലാതെ പുതിയ വിധത്തിലുള്ള യാതൊരു മരുന്നുകളും വാങ്ങാൻ സാധിക്കുന്നില്ലെന്നാണ് അന്വേഷണത്തിൽ എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അനുദിനം പുതിയ പുതിയ കണ്ടുപിടിത്തങ്ങളും തൻമൂലം പുതിയ മരുന്നുകളും ഉണ്ടാകുന്നുണ്ടെങ്കിലും അവ ആശുപത്രികളിൽ ലഭിക്കുവാൻ വിഷമമാണു്. പഴയ ലിസ്റ്റിൽനിന്നുമുള്ള മരുന്നുകൾ മാത്രം വാങ്ങാതെ പുതുതായി കണ്ടുപിടിക്കപ്പെട്ട മരുന്നുകൾ ആശുപത്രികളിൽ വരുത്തേണ്ടതാണു്. അപ്രകാരം ചെയ്യാത്തതുകൊണ്ടാണു് ഇന്നു് ആശുപത്രികളിൽ ചെല്ലുന്ന രോഗികൾക്കു് ചീററനുസരിച്ചു് പുറത്തുനിന്നും മരുന്നു വാങ്ങേണ്ടിവരുന്നതു്. ഇന്നു മിക്ക ആശുപത്രികളിലുംമുള്ള ഡാക്ടറന്മാർ ജനോപകാരപ്രദമായുള്ള സേവനം അനുഷ്ഠിക്കേണ്ടതിനു പകരം സാധാരണ രോഗികളോടു വളരെ മര്യാദഹീനമായ രീതിയിലാണു് പെരുമാറുന്നതെന്നു് എനിക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. രോഗികളോടു വളരെ സൗഹാർദ്ദത്തോടും സ്നേഹത്തോടും പെരുമാറേണ്ട ഡാക്ടറന്മാർ രോഗികളുടെ സാമ്പത്തികമായ അളവുകോലിനെ ആസ്പദമാക്കിയാണു് അവരോടു പെരുമാറി വരുന്നതെന്നു് നമുക്കറിയുവാൻ സാധിക്കും.

അതുപോലെതന്നെ മെഡിക്കൽഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരുടെ നിലയും വളരെ കഷ്ടമാണു്. ൨൪ മണിക്കൂറും ആശുപത്രികളിൽ ജോലി ചെയ്യേണ്ട വാർഡറന്മാർക്കും മററും ഇപ്പോൾ നൽകിവരുന്നതു് ൨൦ രൂപ ഫിക്സഡ് പേയാണു്. കൊച്ചിയിൽ അററൻഡന്മാർക്കു് ൨൦ മുതൽ ൨൫ രൂപ വരെ ശമ്പളസ്കെയിൽ ഉള്ളപ്പോൾ തിരുവിതാംകൂർ വിഭാഗത്തു് അവർക്കു് നൽകുന്നതു് ൨൦ രൂപ മാത്രമാണു്. അവർക്കു് ൨൪ മണിക്കൂറും പണിയെടുക്കേണ്ടതായിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൽ വളരെ അധികം അവശത അനുഭവിക്കുന്ന മറെറാരു വിഭാഗക്കാർ കണ്ടിൻജൻസി സ്റ്റാഫാണു്. പ്യൂൺസ്, ഗാർഡനേഴ്സ് മുതലായവർ ഈ ഇനത്തിൽ ഉൾപ്പെടുന്നു. ഇവർക്കെല്ലാംതന്നെ കേവലം ൨൦ രൂപ മാത്രമാണു് പ്രതിമാസശമ്പളം നൽകിവരുന്നതു്. ഇവരെ സംബന്ധിച്ചിടത്തോളം യാതൊരു ഉദ്യോഗസ്ഥിരതയും ഡിപ്പാർട്ടുമെൻറ് നൽകുന്നില്ല. വളരെ കൊല്ലങ്ങളായി ജോലിചെയ്യുന്ന പല ആളുകളേയും ഡിസ്ട്രിക്ട് മെഡിക്കൽ ആഫീസറന്മാർ പിരിച്ചുവിടുകയും തൽസ്ഥാനത്തു് പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുന്നതായി ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഇതാണു്, ഈ ഡിപ്പാർട്ടുമെൻറിന്റെ ഇന്നത്തെ പ്രവർത്തനം.

പ്രാദേശികമായി പറയുന്നപക്ഷം, അതായതു് കൊല്ലം ആശുപത്രിയുടെ അപര്യാപ്തതയെക്കുറിച്ചു് കഴിഞ്ഞ ദിവസം ഉണ്ടായ സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഏഴു് ഡാക്ടറന്മാരെ അവിടെനിന്നും മാററിയിട്ടു് അവർക്കു് പകരം ഇതുവരെ ആളെ നിയമിച്ചിട്ടില്ല. തൻമൂലം ബസ്സാക്സിഡൻറ് ഉണ്ടായിട്ടു് മുറിവുകൾ വച്ചുകെട്ടാൻപോലും അവിടെ ആരും ഉണ്ടായിരുന്നില്ല. ആ കാരണത്താൽ ആളുകൾ മരിക്കുകയും ചെയ്തു. അതുപോലെതന്നെ വളരെ ദയനീയമായ നിലയിൽ രോഗികളെ കൊണ്ടുചെന്നാലും അതിൽ വേണ്ടവിധം ശ്രദ്ധിക്കാതെ ഒഴിഞ്ഞുനിൽക്കുവാൻ ശ്രമിക്കുന്ന ഒരനുഭവമാണു് നാം ഇന്നു കാണുന്നതു്.

[ശ്രീ. ടി. കെ. ദിവാകരൻ.]

ഈ അടുത്തകാലംവരെ തൊഴിലാളികൾക്ക് അപകടം ഉണ്ടായാൽ അതിനു കാമ്പൻസേഷൻ വാങ്ങുന്നതിനുവേണ്ടി മെഡിക്കൽ സർട്ടിഫിക്കററു വാങ്ങുവാൻ ഫീസ് കൊടുക്കാതെ സാധിക്കുമായിരുന്നു. ഇപ്പോൾ ഇരുപതോ ഇരുപത്തഞ്ചോ രൂപ ഒരു തൊഴിലാളിക്ക് കാമ്പൻസേഷൻ കിട്ടുന്നതിനുവേണ്ടി പതിനഞ്ചു രൂപവരെ മെഡിക്കൽ സർട്ടിഫിക്കററു വാങ്ങുവാൻ കൊടുക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ഒരു നിലയാണ് ഇന്നിവിടെ സംജാതമായിരിക്കുന്നതു്. അതുകൊണ്ടു് ഈ മാതിരി സർട്ടിഫിക്കററുകൾ തൊഴിലാളികൾക്ക് ഫീസുകൂടാതെ ലഭിക്കുന്നതിനു ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കണമെന്ന് എനിക്കപേക്ഷയുണ്ടു്. കൊല്ലത്തിനു സമീപമുള്ള പെരിനാട്ട് ഗതാഗതസൗകര്യം വളരെ കുറവാണ്. അവിടെ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി നിവേദനം നടത്തിയിട്ടുണ്ടു്. എന്നാൽ അവിടെ ഒരു ഡിസ്പൻസറിപോലും സ്ഥാപിക്കാൻ ഇതുവരെ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. കായലോരപ്രദേശമാകയാൽ അവിടെ നിന്നും രോഗികളെ മററു സ്ഥലങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനും വളരെ പ്രയാസം നേരിടുന്നുണ്ടു്. അതുകൊണ്ടു് അവിടെ എത്രയും വേഗം ഒരു ആശുപത്രി സ്ഥാപിക്കണമെന്നു ഞാൻ മെഡിക്കൽവകുപ്പു മന്ത്രിയോട് അപേക്ഷിക്കുന്നു.

ഈ ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിലേയ്ക്കു മരുന്നുകൾ വാങ്ങിക്കുന്നതിനു ആവശ്യമുള്ള അഡൈ്വസ് ലഭിക്കുന്നതിനുവേണ്ടി വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പുതിയതരം മരുന്നുകൾ ആശുപത്രികളിൽ വരുത്തുന്നപക്ഷം രോഗികളെയുംകൊണ്ടു് അവിടെ ചെന്നതിൻെറശേഷം വെളിയിൽനിന്നും ചിററനുസരിച്ചു മരുന്നുകൾ വാങ്ങാതെ കഴിക്കാം.'

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് രോഗികളുടെ ആഹാരക്കുറവിനെസംബന്ധിച്ചാണ്. രോഗികളുടെ ആരോഗ്യസംരക്ഷണത്തിനു സഹായകമായ രീതിയിൽ ഏറക്കുറെ ആഹാരം അവക്കു ലഭിക്കണം. എന്നാൽ അവിടെ യാതൊരു ന്യൂട്രീഷൻ വാല്യുവുമുള്ള ആഹാരവും ഇപ്പോൾ ലഭിക്കുന്നില്ല. ആശുപത്രികളിലെ ഡയററിൽ വലുതായ മാററം വരുത്തേണ്ടിയിരിക്കുന്നു.

ആലപ്പുഴ ഡിസ്ട്രിക്ട് ആശുപത്രി മുൻപു കിടന്നിരുന്ന സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു മാററിയതിൻെറ ശേഷം അവിടെ ലാക്കപ്പു പണിഞ്ഞില്ല എന്ന കാരണത്തിന്മേൽ ആലപ്പുഴ സബ് ജയിലിൽ കിടക്കുന്ന രോഗികളെ ഇപ്പോൾ ആശുപത്രിയിൽ അയയ്ക്കുന്നില്ല. വളരെ അധികം ദേഹോപദ്രവം ഏററു അവിടെ കഴിഞ്ഞുകൂടുന്ന തടവുകാർക്കു രോഗം ഉണ്ടാകുമ്പോൾ ആലപ്പുഴ ആശുപത്രിയിൽ ലോക്കപ്പു പണിഞ്ഞിട്ടില്ലെന്നുള്ള കാരണത്താൽ അങ്ങോട്ട് അയയ്ക്കുന്നില്ല. എൻെറ അന്വേഷണത്തിൽ ലാക്കപ്പ് അവിടെ പണിഞ്ഞുവെന്നും എന്നാൽ അതു മന്ത്രി ഉൽഘാടനം ചെയ്യാത്തതുകൊണ്ടാണു അവിടെ രോഗികളെ അയയ്ക്കാത്തതെന്നും അറിയുവാൻ ഇടയായി. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി എത്രയും വേഗത്തിൽ അതു് ഉൽഘാടനം ചെയ്യണമെന്നു എനിക്ക് അപേക്ഷയുണ്ടു്. അപ്രകാരം ചെയ്തു രോഗികൾക്കു ചികിത്സാ സൗകര്യം ഉണ്ടാക്കികൊടുക്കണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. വി. മാധവൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഈ വിഷയത്തെപ്പററി ഈ സഭയിലുള്ള പല ബഹുമാനപ്പെട്ട അംഗങ്ങളും പല നിർദ്ദേശങ്ങളും ഇവിടെ നൽകിയിട്ടുണ്ടു്. കൂടാതെ ഈ ഡിപ്പാർട്ട്മെൻറിൻെറ ഭരണവിഷയത്തിൽ പല കുറവുകളും ഉള്ളതിനെ ബഹുമാനപ്പെട്ട മെംബറന്മാർ ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുണ്ടു്. ഇതിനെല്ലാംത്തിനും സവിസ്തരമായ ഒരു മറുപടി നൽകുന്നതിനു് ഈ ചുരുങ്ങിയ പതിനഞ്ചു മിനിട്ടുകൊണ്ടു് സാധിക്കുമോ എന്നുള്ളതു് സംശയമാണു്. എൻെറ ദൃഷ്ടിയിൽ മറുപടിക്കു് അർഹമെന്നു് തോന്നിയിട്ടുള്ള ചില കാര്യങ്ങളെപ്പററി മാത്രം ഞാനിപ്പോൾ സംസാരിക്കാമെന്നു് വിചാരിക്കുന്നു.

ഡാക്ടറന്മാരുടെ പെരുമാററത്തെപ്പററി മിക്കവാറും എല്ലാ മെംബറന്മാരും ഇവിടെ സംസാരിച്ചിട്ടുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. ആസ്പത്രികളിൽ സുഖക്കേടായി ചെല്ലുന്ന രോഗികളിൽനിന്നും ഡാക്ടറന്മാർ ഫീസു വാങ്ങിക്കുന്നു എന്നുള്ള ആരോപണം ഇവിടെ വളരെയധികം പൊന്തിവന്നിട്ടുണ്ടു്. ഡാക്ടറന്മാർക്കു് അങ്ങനെ എന്തെങ്കിലും പ്രതിഫലം വാങ്ങുന്നതിനു് നിയമം അനുവദിക്കുന്നില്ലെന്നുള്ളതാണു് എനിക്കു് പ്രധാനമായി സഭയെ അറിയിക്കാനുള്ളതു്. ഈ അടുത്ത അവസരത്തിൽതന്നെ ഡാക്ടറന്മാർ അങ്ങനെയെന്തെങ്കിലും പ്രതിഫലം വാങ്ങാമോ പാടില്ലയോ എന്നുള്ളതിനെ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചു് ഒരു തീരുമാനം ചെയ്യേണ്ട സന്ദർഭം ഉണ്ടായി. ആസ്പത്രികളിൽ ചികിത്സയ്ക്കു വരുന്ന രോഗികളിൽനിന്നും യാതൊരു പ്രതിഫലവും വാങ്ങാൻ പാടില്ലെന്നു് തീരുമാനിക്കുകയും കർശനമായ നിർദ്ദേശം അവർക്കു് കൊടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: വാങ്ങുന്നതു് കുററമാണോ?

ശ്രീ. വി. മാധവൻ: വാങ്ങുന്നതു് കുററമാണെന്നും പറഞ്ഞിട്ടുണ്ടു്. ആസ്പത്രിയിൽ വരുന്നവർ സ്വമേധയാ പണം കൊടുത്താൽ തന്നെയും അതു് വാങ്ങിക്കൂടെന്നു് എല്ലാവർക്കും അറിവു കൊടുത്തിട്ടുണ്ടു്. ബഹുമാനപ്പെട്ട മെംബറന്മാർ വൃഥാ ഇങ്ങനെയൊരാരോപണം കൊണ്ടുവന്നതാണെന്നു് ഞാൻ പറയുന്നില്ല. ഇതിലെല്ലാം വല്ലതും പരമാർത്ഥം കാണുമായിരിക്കും. ഇന്നു ഈ സഭയിലുള്ള അംഗങ്ങൾ ഇത്രയധികം ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഗതിയെപ്പററി സർവീസിലിരിക്കുന്ന ഡാക്ടറന്മാരെല്ലാവരും അറിയുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അവരെല്ലാം വിദ്യാസമ്പന്നന്മാരായ ആളുകളാണു്. ഗവണ്മെൻറിൽനിന്നും ന്യായമായ ഒരു വേതനം അവരുടെ സേവനത്തിനു് ശമ്പളമായി സ്വീകരിച്ചു് ഗവണ്മെൻറിൻെറ നിർദ്ദേശമനുസരിച്ചു് അവർ ചികിത്സാവൃത്തി നടത്തിക്കൊള്ളാമെന്നു് സമ്മതിച്ചു് ഉത്തരവാദത്തോടുകൂടി വന്നിരിക്കുന്ന നിലയ്ക്കു് ഈ മാതിരിയുള്ള അപവാദങ്ങൾക്കു് കാരണമുണ്ടാക്കുന്നതു് ശരിയല്ലെന്നു് അവരെല്ലാവരും ധരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇങ്ങനെയുള്ള ആരോപണങ്ങൾ ഓരോന്നു് ബഹുമാനപ്പെട്ട മെംബറന്മാർ പറയുന്നു എന്നല്ലാതെ മാതൃകാപരമായി ഏതെങ്കിലും ഡാക്ടറന്മാരെ ശിക്ഷിക്കത്തക്കവണ്ണം ഏതെങ്കിലും ഒരു തെളിവുകൊണ്ടുവരുന്നതിനു് ആരും തന്നെ മുമ്പോട്ടു വരുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. യോഗ്യന്മാരിൽനിന്നും

[ശ്രീ. വി. മാധവൻ.]

വിശ്വസിക്കത്തക്കവരിൽനിന്നും പരാതികൾ ലഭിക്കുന്നില്ല. പേരുവച്ചും വയ്ക്കാതേയും ചിലപ്പോൾ ചില ഹർജ്ജികൾ ഗവണ്മെൻറിൻെറ മുമ്പിൽ വരുന്നുണ്ട്. അങ്ങനെയുള്ള ഹർജ്ജികളെപ്പററി അന്വേഷിക്കുമ്പോൾ ഹർജ്ജി അയച്ചിട്ടുള്ളവരിൽ ചിലക്ക് മേൽവിലാസം ഉള്ളതായിപ്പോലും കാണുന്നില്ല. പേരുവച്ചിട്ടുള്ള ഹർജ്ജികളെ അടിസ്ഥാനപ്പെടുത്തി തെളിവു തരുന്നതിന് നിങ്ങൾ ഇന്ന സ്ഥലത്തു് ഹാജരാകണമെന്നു് അറിയിച്ചാൽ അതിൽ മേൽവിലാസക്കാരായിക്കാണുന്ന ആളുകളുടെ പേരോ വീടോ അന്വേഷിച്ചതിൽ ആ പേരുകൾ സ്ഥലത്തില്ലെന്നു പറഞ്ഞു പോസ്ററ മാൻമാർ പലപ്പോഴും മടക്കി അയയ്ക്കുന്നതായി കാണുന്നുണ്ട്. വല്ലപ്പോഴും പേരുകാരനെ കണ്ടുപിടിച്ചാൽ തന്നെയും ഞാനറിഞ്ഞതല്ല ഇതൊന്നും, എൻെറ പേരുവച്ച് വേറെ ആരോ ഹർജ്ജി അയച്ചിട്ടുള്ളതാണെന്നും പറഞ്ഞു വരുന്നുണ്ട്. അതുകൊണ്ട് ഈ പരാതികളെ ആസ്പദമാക്കി ഗവണ്മെൻറിന് കുററവാളികളാരെന്നു കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിനുള്ള തെളിവില്ലാതെ എന്തെങ്കിലും കേട്ട് പൊതുജനസേവനം അനുഷ്ഠിക്കുന്നഡാക്ടറന്മാരെ ശിക്ഷിക്കണമെന്ന് ഒരിക്കലും എന്നെ ബഹുമാനപ്പെട്ട മെംബറന്മാർ ഉപദേശിക്കയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. പരാതികളുടെ പോക്കു് ഞാൻ മുമ്പു പറഞ്ഞതരത്തിലാണ്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണം ഏററവും ശുദ്ധിയോടുകൂടി നടക്കണമെന്നാഗ്രഹിക്കുന്നവരും ഭരണം ഭംഗിയായിട്ടു പോകണമെന്നു് വിചാരിക്കുന്നവരും ഉത്തരവാദിത്വമുള്ളവരുമായ ഈ സഭയിലെ അംഗങ്ങൾ അങ്ങനെ എന്തെങ്കിലും ഒരു ദൃഷ്ടാന്തം കണ്ടാൽ യാതൊരു ദാക്ഷിണ്യവും കൂടാതെ ഗവണ്മെൻറിനെ അറിയിക്കുന്നപക്ഷം അതനുസരിച്ചു ഗവണ്മെൻറ നടപടിയെടുക്കുന്നതിന് എന്തെങ്കിലും വൈമുഖ്യം കാണിക്കുന്നുണ്ടെങ്കിൽ അതു് ഗവണ്മെൻറിൻെറ പേരിൽ ഒരാരോപണമായി കൊണ്ടുവരേണ്ട ന്യായമുണ്ട്. ഗവണ്മെൻറ് കേഴ്‌വിയെ അടിസ്ഥാനമാക്കിയാണെങ്കിലും വേണ്ടിടത്തോളം നിർദ്ദേശങ്ങൾ ഡാക്ടറന്മാക്ക് കൊടുത്തുകൊണ്ടിരിക്കയാണു്. ഇന്നു ഡാക്ടറന്മാരെ പ്രതിനിധീകരിച്ചു് എനിക്കു് സമാധാനം പറയേണ്ടിവന്ന ചുററപാടുകളെപ്പററി ഡാക്ടറന്മാർ എല്ലാവരും ശരിയായി ധരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ആർ. കേശവൻ നായർ: രോഗികളോടു് കുറച്ചു് ശ്രദ്ധയ കാണിക്കണമെന്നു് ഡാക്ടറന്മാരെ നിർദ്ദേശിച്ചാൽ കൊള്ളാം.

ശ്രീ. വി. മാധവൻ: ഡാക്ടറന്മാർ സേവനത്തിനുവേണ്ടി വന്നിട്ടുള്ളവരാണ്. അവർ ആ ഉത്തരവാദിത്വം ശരിയായി നിർവഹിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അവർ രോഗികളോടു് ശ്രദ്ധയ കാണിക്കുന്നില്ല എന്നുള്ളതിനു് ഒരു തെളിവു കിട്ടുന്നതുവരെ അങ്ങനെ ഒരാക്ഷേപം പറയാൻ നിവൃത്തിയില്ല.

ശ്രീ. ഒ. സി. നൈനാൻ: ഹർജ്ജി അയച്ചിട്ട് ഹർജ്ജിക്കാർ ഹാജരായി തെളിവു കൊടുത്തില്ലെങ്കിലും ഹർജ്ജിയിൽ പറയുന്ന സംഗതികൾ യഥാർത്ഥമാണോ എന്നു് ഗവണ്മെൻറ് അന്വേഷിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ : ഹജ്ജി വരുന്നതു് തിരുവനന്തപുരത്തിരിക്കുന്ന സർജ്ജൻജനറലിനാണു്. തിരുവല്ലായിൽനിന്നു് വരുന്ന ഒരു ഹജ്ജിയെപ്പററി സർജ്ജൻജനറലോ മന്ത്രിയോതന്നെ അവിടെ ഒരന്വേഷണത്തിനു ചെന്നാൽ തെളിവു തരുന്നതിനും കാര്യങ്ങൾ ഞങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും ഹജ്ജിക്കാർ തയാറാകുന്നില്ല. അങ്ങനെയല്ലാതുള്ള ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കാൻ കഴിയുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. ഓ. സി. നൈനാൻ : ഹജ്ജിക്കാർ തയാറില്ലെങ്കിലും ആ രോഗിയോട് അതിനെപ്പററി ചോദിക്കാൻ പാടില്ലേ ?

ശ്രീ. വി. മാധവൻ : ചോദിച്ചുകൂടെന്നില്ല. ദൃഷ്ടാന്തമായി എന്റെ സ്നേഹിതൻ എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നപക്ഷം ചോദിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനു് സമാധാനം പറയാം. ഒരു രോഗി ആസ്പത്രിയിൽ ചെന്നു് എന്തെങ്കിലും ഡാക്ടർക്കു കൊടുത്തു് രോഗം ഭേദപ്പെട്ടു് വെളിയിലിറങ്ങിയശേഷം ആ രോഗി ഇന്നത്തെ സ്ഥിതിക്കു് ഡാക്ടർക്കു് പണംകൊടുത്തു എന്നു പറയാൻ മടിക്കും. അതുകൊണ്ടു് ഒരു രോഗിയിൽ നിന്നും തെളിവുകിട്ടുമെന്നോ അതുമുഖേന ഡാക്ടറന്മാരെ ശിക്ഷിക്കാമെന്നോ എനിക്കു് വിശ്വാസമില്ല. അങ്ങനെ എതെങ്കിലും ഒരു രോഗി പറയുകയാണെങ്കിൽ അതൊരു അസാധാരണ സംഭവമാണു്.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ : പണമുള്ള രോഗിയുടെ രോഗത്തെ മനഃപൂർവ്വം ഇട്ടു് ദീർഘിപ്പിക്കുന്നതായി പരാതിയുണ്ടായിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അങ്ങനെയൊരു പരാതി വന്നിട്ടില്ല. ഊഹാപോഹങ്ങളെ ആസ്പദമാക്കി പറയുന്ന എന്നല്ലാതെ തെളിവില്ലാത്ത കാര്യങ്ങളിൽ എന്തെങ്കിലും നടപടിയെടുക്കണമെന്നു് ഒരഡ്വക്കേററായ എന്റെ സ്നേഹിതൻ പറയുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. എ. താണുപിള്ള : നിർബ്ബന്ധമായ റൂളുകൾ നടപ്പിൽ വരുത്തി ഒരു ഡാക്ടറെക്കൊണ്ടു് ചികിത്സിപ്പിക്കാൻ സാദ്ധ്യമല്ലെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. വി. മാധവൻ : അതിൽ കുറെ കാര്യമുണ്ടെന്നുതന്നെ എനിക്കും സമ്മതിക്കേണ്ടിവരും. ഗവണ്മെൻറിനു് ചെയ്യാവുന്നതെല്ലാം ചെയ്തു കഴിഞ്ഞാൽ പൗരന്മാർക്കുള്ള ധർമ്മം അവരും നിറവേററണം. ബഹുമാനപ്പെട്ട മെംബറെപ്പോലുള്ള മാന്യന്മാർ അഴിമതിക്കു് വിധേയരാകുന്ന ഡാക്ടറന്മാരെ കാണിച്ചു തന്നാൽ ഗവണ്മെൻറു് എന്തു ചെയ്യുമെന്നു് അപ്പോൾ അറിയാവുന്നതാണു്. ആരെങ്കിലും ഒരു സംഗതി വ്യക്തമായി ചൂണ്ടിക്കാണിച്ചാൽ അതു് പാഴാക്കിക്കളയാൻ ഗവണ്മെൻറു് തയ്യാറാവുകയില്ല.

ശ്രീ. എ. താണുപിള്ള : ഞാൻ ഉദ്ദേശിച്ചതിന്റെ വിപരീതഫലമാണുണ്ടായതു്. ഞാൻ ഡാക്ടറന്മാരെല്ലാം അഴിമതിക്കാരാണെന്നു പറഞ്ഞില്ല.

ശ്രീ. വി. മാധവൻ : ഞാൻ മൊത്തത്തിലുള്ള കാര്യം പറയുകയാണു് ചെയ്തതു്.

[ശ്രീ. വി. മാധവൻ]

ററി. ബി. ആശുപത്രിയെപ്പററി ഇവിടെ ചില ആരോപണങ്ങൾ ഉന്നയിക്കയുണ്ടായി. ററി. ബി. ആശുപത്രിയെപ്പററിയുള്ള ഒരു ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ പരിപൂർണ്ണമായ സജ്ജീകരണങ്ങളോടുകൂടിയതാണ് നാഗർകോവിൽ ററി. ബി. ആശുപത്രി എന്നു ഗവണ്മെൻറ തന്നെ അഭിമാനിക്കുന്നില്ലെന്ന് പറഞ്ഞിട്ടുള്ളതാണ്. അവിടെ സാനിട്ടറി അറേൻജ്മെൻറ് ഒട്ടുമുക്കാലുമായിട്ടുണ്ട്. ബാക്കിയുള്ളതു ചെയ്തുവരികയാണ്. അതെല്ലാം തീർന്നിട്ടേ അവിടെ ചികിത്സ ആരംഭിക്കുകയുള്ളു എന്നു വിചാരിക്കുന്നതു നല്ലതാണെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ററി. ബി. ആശുപത്രി വളരെ മോശമായ നിലയിലാണെന്ന് ഗവണ്മെൻറിന് വിചാരമില്ല. അവിടെ സജ്ജീകരണങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കയാണ്. ഇപ്പോൾ അവിടെയുള്ള സ്ഥലക്കുറവും പരിഹരിക്കുന്നതിന് ഗവണ്മെൻറ് നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

ശിശുമരണം വളരെ വർദ്ധിച്ചുവരുന്നതായും, അതും ഈ ഡിപ്പാർട്ടുമെൻറിന്റെ നോട്ടക്കുറവുകൊണ്ടാണുണ്ടാകുന്നതെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതും ഗവണ്മെൻറ് മനസ്സിലാക്കുന്നുണ്ട്. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ഉള്ളൂർ ആശുപത്രിയിൽ ൧൨൦ ബെഡ്ഡുകൾ തയാറാക്കിവരികയാണ്. ഇങ്ങനെ ആവശ്യമനുസരിച്ച് ചെയ്യുക അല്ലാതെ ഗവണ്മെൻറിന് മററു നിവൃത്തിയില്ല.

ലേഡീഡാക്ടറന്മാരെ ധാരാളം നിയമിക്കുന്നില്ലെന്നും ഒരാരോപണം ഇവിടെ ഉണ്ടായിട്ടുണ്ട്.

ഞാൻ പറയുന്നതു് ഈ സ്ഥാപനങ്ങൾക്കുവേണ്ടി ലേഡീഡാക്ടർമാരായാലും പുരുഷഡാക്ടർമാരായാലും ആവശ്യമുള്ളതു് കൊടുക്കുവാൻ ഇപ്പോൾ സാദ്ധ്യമല്ലെന്നാണ്. ഇവിടെ ഒരു മെഡിക്കൽ കാളേജ് സ്ഥാപിച്ചിട്ടുണ്ട്. നാലഞ്ചു വർഷത്തിനകം ആവശ്യമുള്ള ഡാക്ടർമാർ ഇവിടെത്തന്നെ ആ കാളേജിൽനിന്നു ലഭിക്കുന്നതാണ്.

ശ്രീ. ഏ. താണുപിള്ള : സർ, ഒരു ചോദ്യം. ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽ തിരുവനന്തപുരത്തെ ഫാർമസിയിൽനിന്ന് ൨൧,൨൦൦ രൂപ നഷ്ടവും, തൃശ്ശൂർ ഫാർമസിയിൽനിന്ന് ൫൦,൦൦൦ രൂപ ലാഭവുമാണ് മരുന്നുണ്ടാക്കുന്നതിൽനിന്നും ബഡ്ജററിൽ പ്രതീക്ഷിക്കുന്നതു്. ഇങ്ങനെയുള്ള വ്യത്യാസം എന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : ഇവിടത്തെ ആശുപത്രിയിൽ മരുന്ന് രോഗികൾക്ക് വിലയ്ക്കുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതല്ല. ആശുപത്രിയോടുകൂടി ചേർന്നാണ് അതു് നിൽക്കുന്നതു്. തൃശ്ശൂരിലാണെങ്കിൽ എസ്സ്. കെ. വി. എന്നൊരു ഫാർമസി ഈ ബിസിനസു മാത്രമാണ് നടത്തുന്നതു്. അതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടാകുന്നതു്.

ശ്രീ. ഏ. താണുപിള്ള : എന്നാലും ആശുപത്രിക്ക് ചെലവാകുന്ന മരുന്നും കണക്കിൽ വരികയില്ലേ ?

ശ്രീ. വി. മാധവൻ : കണക്കിൽ വരും, എങ്കിലും വാസ്തവത്തിൽ നമുക്ക് അതു് കിട്ടുകയില്ല.

Mr. Speaker : The time for this demand is over.

The motions moved by Shri R. Gangadharan, Dr. N. S. Pillai and Shri P. Govinda Pillai were, by leave, withdrawn.

The question that a sum of Rs. 58,82,100 be granted under Demand XIX—Medical was put and carried.

The grant was made.

DEMAND XXII—Rural Development.

Shri K. Kochukuttan: I move for a grant of Rs. 18,10,000 under Demand XXII—Rural Development.

Shri Panampilli Govinda Menon : I second it.

Mr. Speaker : Motion No. 7 standing in the name of Shri K. P. Prabhakaran, No. 30 in the name of Shri P. S. Nataraja Pillai, and No. 86 in the name of Shri A. Thanu Pillai may be moved.

Shri K. P. Prabhakaran : I move to reduce the allotment of Rs. 67,300 for Direction by Re. 1.

സർ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു് പ്രത്യേകിച്ചും, എന്നെ അനുവദിക്കുകയാണെങ്കിൽ, കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചും അവയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സംസാരിക്കാനാണു്. ഒന്നാമതായി ഈ രാജ്യത്തെ കുടിൽ വ്യവസായങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ അതായതു് അതിനെ പരിപോഷിപ്പിച്ചു് വളർത്തുന്ന കാര്യത്തിൽ ഗവണ്മെൻറു് കുററകരമായ ഒരു അനാസ്ഥയാണു്, കൃത്യവിലോപമാണു് കാണിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാനായി ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. കുടിൽ വ്യവസായങ്ങൾക്കു വേണ്ടി ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ നോക്കിയാൽ ഈ വാസ്തവം വിളിച്ചുപറയുന്നുണ്ടു്. ൧൯൫൧-൫൨-ൽ ൧൧ ലക്ഷത്തോളം രൂപ കുടിൽവ്യവസായങ്ങൾക്കുവേണ്ടി നീക്കിവെച്ചിരുന്നുവെങ്കിൽ ൧൯൫൨-൫൩-ലെ ബഡ്ജററിൽ അതു് വെറും ൪,൫൯,൦൦൦ രൂപ മാത്രമാണു്. കഴിഞ്ഞകൊല്ലംതന്നെ ഈ ൧൧ ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ടായിരുന്നെങ്കിലും അതിൽ എത്രമാത്രം ചെലവാക്കിയെന്നുള്ളതു് ഈ ബഡ്ജററ എസ്റ്റിമേററിൽനിന്നും കാണുവാൻ സാധിക്കുന്നില്ല. Works and Contributions എന്ന ഐററത്തിൽ മൊത്തത്തിൽ കാണിച്ചിരിക്കുന്നുവെങ്കിലും ഇതിനായി ചെലവാക്കിയിട്ടുള്ളതു് എന്താണെന്നു് കാണിച്ചിട്ടില്ല. ഇതിൽതന്നെ ൪,൨൫,൦൦൦ രൂപ ൧൯൫൧-൫൨-ൽ എസ്റ്റിമേററ ചെയ്തിട്ടുള്ളതിൽ ൩,൧൯,൯൦൦ രൂപ മാത്രമാണു് ചെലവാക്കിയിട്ടുള്ളതു്. അതും ഈ കൊല്ലത്തിൽ കുറച്ചിട്ടുള്ളതായിട്ടാണു് കാണുന്നതു്. ൧൧ ലക്ഷം രൂപാ കഴിഞ്ഞ കൊല്ലം അനുവദിച്ചിരുന്നതിൽനിന്നും എത്ര തുക ലാപ്സായി പോയെന്നു കാണുവാൻ സാധിക്കുന്നില്ല. ഇപ്പോൾ ഇവിടെ കുടിൽവ്യവസായബോർഡു് എന്നൊരു ബോർഡു് പ്രവർത്തിക്കുന്നുണ്ടു്. ആ ബോർഡിൻെറ പ്രവർത്തനത്തിൻെറ ഫലമായി ചില ശുപാർശകൾ ഗവണ്മെൻറിലേക്കു് ലഭിച്ചിട്ടുണ്ടു്, അതു

[Sri. K. P. Prabhakaran.]

നുസരിച്ച് എന്തെങ്കിലും കാര്യമായി പ്രവർത്തിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഫലപ്രദമായ പ്രവർത്തനം നടത്തിയിട്ടുള്ളതായി കാണുന്നില്ല. സർ, കുടിൽ വ്യവസായങ്ങളുടെ സംരക്ഷണത്തിന് ആവശ്യമുള്ള തുകയിൽ കുറവു ചെയ്തിട്ടുള്ളത് ഇവിടത്തെ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തിയതിനുശേഷമാണെങ്കിൽ അതായത് ആ ആവശ്യത്തിലേക്ക് ഇനി ചെലവു ചെയ്യേണ്ട ആവശ്യമില്ലെന്ന് ബോദ്ധ്യം വരുന്ന സമയത്തിലാണെങ്കിൽ അത് സമ്മതിച്ചുകൊടുക്കാമായിരുന്നു. എന്നാൽ അതല്ല ഇവിടത്തെ സ്ഥിതി. ദിവസം ചെല്ലുന്തോറും കുടിൽ വ്യവസായങ്ങൾ കൂടുതൽ കൂടുതൽ അധഃപതിച്ചുവരുകയാണെന്നുള്ള വസ്തുത മററു പല അംഗങ്ങളും ഇതിനെക്കുറിച്ച് പരാമർശിച്ചതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. പ്രത്യേകിച്ച് നെയ്ത്ത്, കയർ ഈ വ്യവസായങ്ങൾക്കുള്ള അധഃപതനത്തെ സംബന്ധിച്ച് ഇവിടെ ധാരാളം വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഈ വ്യവസായങ്ങളുടെ പ്രാധാന്യത്തെപ്പററി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് പ്രത്യേകിച്ച് കയർ വ്യവസായത്തെ സംബന്ധിച്ചാണ്. ഇതിനെപ്പററി പല വിമർശനങ്ങളും പരാമർശങ്ങളും ഇവിടെ നടന്നിട്ടുണ്ടെങ്കിലും അതിൽ ഒരു കാര്യം വിട്ടുപോയിട്ടുണ്ട്. പ്രത്യേകിച്ചും കൊച്ചിയിലെ പല ഭാഗങ്ങളിലും അതായത് തീരപ്രദേശങ്ങളിൽ എല്ലാംതന്നെ കയർ വ്യവസായം ഒരു കുടിൽ വ്യവസായമായി നടത്തിവരികയാണ്. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ കൊച്ചിയിലെ ഏററവും പ്രധാനപ്പെട്ട കയർ ഉല്പാദനകേന്ദ്രമാണ് കണ്ടക്കടവ്. അത് മററു പ്രദേശങ്ങളെപ്പോലെയല്ല പച്ചത്തൊണ്ടു മേടിക്കുക, അത് വെള്ളത്തിലിട്ട് അഴുകിക്കുക. പിന്നീട് അതിനെ ചവിട്ടി ചകരിയാക്കുക, പിന്നീട് കയറായി പിരിക്കുക ഇവയെല്ലാം കൈകൊണ്ടു തന്നെ അവിടെ നടത്തുകയാണ് ചെയ്യുന്നത്. ആ പ്രദേശത്തു ഏകദേശം ൫൦൦൦-ത്തോളം തൊഴിലാളികൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതായി കാണാം. ഇന്നത്തെ ചകരിയുടെ വിലയിടിവു നിമിത്തം തീരപ്രദേശത്തുള്ള ഈ ൫൦൦൦ തൊഴിലാളികളും പട്ടിണിയിലാണ്. അവിടെനിന്നും തെക്കോട്ട് മാറിയാൽ കൊടുങ്ങല്ലൂർ, ചിറായി മുതലായ പ്രദേശങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. അഴുക്കുതൊണ്ട് വിലയ്ക്കു വാങ്ങി അതിനെ തല്ലി ചകരിയാക്കി വിൽക്കുകയാണ് അവിടെ ചെയ്യുന്നത്. ആയിരക്കണക്കിലുള്ള തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അവരുടെ സ്ഥിതിയും വളരെ വളരെ അധഃപതിച്ചിട്ടുണ്ട്. അതിന് പ്രത്യേകിച്ച് ഒരു കാരണമുണ്ട്. ഈ തൊണ്ടു മുഴുവൻ കൈ അടക്കി വച്ചിരിക്കുന്നത് ചില കുത്തക മുതലാളിമാരാണ്. തൊഴിലാളികൾ പിരിച്ചുണ്ടാക്കുന്ന കയർ വാങ്ങുന്നതു ഏതാനും കുത്തകക്കച്ചവടക്കാരാണ്. അവരാണു വില നിശ്ചയിക്കുന്നത്. അതു ശരിയായ മാർക്കററ് റെയിററിൽനിന്നു എത്രയോ താഴ്ന്ന നിരക്കാണു താനും. അവർ ഇങ്ങനെ വിൽക്കുന്ന കയറിനും ചകരിക്കും തമ്മിൽ, വിലയ്ക്കു വലിയ വ്യത്യാസം ഇല്ലാത്തതുകൊണ്ട് കയർ പിരിക്കുന്നതിൽനിന്നും കിട്ടുന്ന ലാഭം വളരെ കുറവാണ്. ഈ പരിതഃസ്ഥിതി മാററണമെങ്കിൽ ഒന്നാമതായി പച്ചത്തൊണ്ടിന്റെയും അഴുക്കുതൊണ്ടിന്റെയും വില ഗവണ്മെൻറ നിയന്ത്രിക്കണം. അതുമാത്രമല്ല, ഈ തൊഴിലാളികൾ പിരിച്ചുണ്ടാക്കുന്ന കയർ ഒരു നിശ്ചിതവിലയ്ക്കു വാങ്ങിക്കുന്നതിനുള്ള

ഏർപ്പാടു ചെയ്യണം. അങ്ങനെയാണെങ്കിൽ ഈ തൊഴിലാളികൾക്ക് വൻകിട കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും പിടിയിൽനിന്നും രക്ഷ കിട്ടുന്നതാണു്. ആ നിലയ്ക്കു കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമെ കയർ തൊഴിലാളികൾക്ക് ജീവിക്കുവാൻ സാധിക്കുകയുള്ളു. അവിടെ കയർ കോഓപ്പറേറ്റീവ് സൊസൈററികൾ ഉണ്ടു്. പക്ഷെ ആ സൊസൈററികൾ യഥാർത്ഥത്തിൽ തൊഴിലാളികളുടെ താല്പര്യത്തിനു വേണ്ടിയല്ല പ്രവർത്തിക്കുന്നതു്. മുതലാളിമാരുടെ സ്ഥാപനമായി പരിണമിച്ചിരിക്കുകയാണു്. ആ സ്ഥിതി മാററി യഥാർത്ഥ തൊഴിലാളികൾ നടത്തുന്ന സംഘടനയായി മാററണം. അതുപോലെതന്നെ ചക്കര ചെത്തു തൊഴിലും. ചക്കരചെത്തു തൊഴിലാളികളും ഇപ്പോൾ വളരെ കഷ്ടപ്പെടുന്നവരായിട്ടാണ് കാണുന്നതു്. പ്രത്യേകിച്ചു് മദ്യവർജ്ജനം നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ വാസ്തവത്തിൽ, അവക്ക് ഇന്നു് ജീവിക്കാൻ യാതൊരു മാർഗ്ഗവും ഇല്ല. ഒരു റാത്തൽ ചക്കരയ്ക്കു മൂന്നര അണയാണു് കിട്ടുക. എന്നാൽ ചക്കര ഉരുക്കുന്നതിനും മററും അവക്ക് മൂന്നണയോളം വിറകിന്നു ചെലവാകുന്നുണ്ടു്. അതുകൊണ്ടു് യാതൊരു വിധത്തിലുള്ള ലാഭവും കിട്ടാതെ ഈ തൊഴിലാളികൾ അധഃപതിച്ചുകിടക്കുകയാണു്. ശാസ്ത്രീയമായ രീതിയിൽ ചക്കര പാകം ചെയ്യുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതായാൽ അതു് വെളിയിൽ കൊണ്ടുപോയി നല്ല ലാഭത്തിൽ വിൽക്കാവുന്നതാണു്. അങ്ങിനെയുള്ള ഒരു ഏർപ്പാടു നടത്തുന്നതിനു മുമ്പായിട്ടു താൽക്കാലികമായും അടിയന്തിരമായും ചക്കര ചെത്തു തൊഴിലാളികൾക്കു ഒരു കൺസെഷൻ റെയിററിൽ വിറകു കൊടുക്കാൻ ഏർപ്പാടു ചെയ്യേണ്ടതാണു്. അവർ ഉണ്ടാക്കുന്ന ചക്കര പുറത്തു നല്ല വിലയ്ക്കു പോകുന്നില്ലെങ്കിൽ ചക്കരയുണ്ടാക്കുവാനുള്ള അദ്ധ്വാനംകൊണ്ടു യാതൊരു ഫലവും ആ തൊഴിലാളികൾക്കു കിട്ടുന്നതല്ല. ഈ തരത്തിൽ ഇവിടെയുള്ള കയററു വ്യവസായം, ചക്കര ചെത്തു വ്യവസായം, മത്സ്യത്തൊഴിൽ വ്യവസായം എന്നിവയെല്ലാം ഗവണ്മെൻറിൽനിന്നും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണം.

സർ, ഇവിടെ ഒരു കാട്ടേജു് ഇൻഡസ്ട്രീസ് ബോർഡു് ഗവണ്മെൻറ ഏർപ്പെടുത്തുകയും ആ ബോർഡു് ഒരു ഇൻററിം റിപ്പോർട്ടു സമർപ്പിക്കയും ചെയ്തിട്ടു ഒന്നരക്കൊല്ലമായി. ഈ വ്യവസായങ്ങളെ ഉദ്ധരിക്കുന്നതിനുള്ള പല അടിയന്തിരനിർദ്ദേശങ്ങളും ആ റിപ്പോർട്ടിൽ സമർപ്പിച്ചിട്ടുണ്ടു്. അതിലൊന്നുപോലും ഇന്നേവരെ ഈ ഗവണ്മെൻറ നടപ്പാക്കിയിട്ടുണ്ടോ? ഈ നിലയിലാണെങ്കിൽ പൊതുമുതൽ ചിലവഴിച്ചു ഇങ്ങിനെ ഒരു കമ്മിററിയെ പ്രവർത്തിപ്പിക്കുന്നതിൻെറ പ്രയോജനം എന്താണ്? അവർ സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാം യോജിക്കാൻ സാധിക്കാത്ത കാര്യങ്ങളുണ്ടെങ്കിലും ശരി, അവർ പ്രസ്താവിച്ചിട്ടുള്ള അടിയന്തിരനിർദ്ദേശങ്ങൾ ഉടനടി നടപ്പാക്കണമെന്നു ഞാനീ അവസരത്തിൽ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു.

കുടിൽ വ്യവസായങ്ങൾ അധഃപതിച്ചുവരുന്നതിന്നു മൌലികമായി രണ്ടു കാരണങ്ങളുണ്ടു്. ഒന്നാമതായി തൊഴിലാളികൾക്കു "റാമെററീരിയൽസ്" മിതമായ വിലയ്ക്കു ലഭിക്കുന്നില്ല. രണ്ടാമതു ഉൽപാദിപ്പിക്കുന്ന സാധനങ്ങൾക്കു ന്യായമായി വിലകിട്ടാനുള്ള മാർക്കററിങ്ങ സൌകര്യമില്ല." ഈ മൌലികപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിൽക്കൂടിമാത്രമേ കുടിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താനാവൂ.

Shri P. S. Nataraja Pillai: Sir, I move:

To reduce the allotment of Rs. 2,54,000 for Village Committees by Re. 1.

Sir, the budget allotment under this demand is for Rs. 27,10,000 for this year. Last year, that is, the budget estimate for 1951-52, it was over Rs. 45 lakhs. In the revised estimate, we see that the Government was able to spend only Rs. 35,92,000. I have only to repeat what I had to observe when I had occasion to discuss the other demands. As far as this House is concerned, we are utterly in the dark about the activities of this Department during the last year. It is not revealed even in the budget. Under Works and Contributions, the budget estimate is Rs. 17·08 lakhs. The accounts for 1950-51 under this sub-head show a sum of Rs. 16 lakhs. Though apparently, it is only a difference of about a lakh of rupees, we do not know whether the budget allotment under each item was spent for that item or not. For example, there is an allotment of Rs. 5 lakhs under "Communications", as estimated for 1951-52. In the revised estimate column, we find it is only Rs. 2,15,000. We do not know how much was spent on communications last year. It is page 190 of the Budget that I am referring to. Under Public Works, the estimate for 1951-52 was Rs. 9½ lakhs. We do not know how much of this sum was spent during last year. The aggregate in the revised estimate for 1951-52 is shown as Rs. 16,54,000, but the details are not given. So, we are completely in the dark.

In the same way, I can prove in respect of other sub-heads. Under "Contributions", a sum of Rs. 22·75 lakhs is mentioned in the budget estimate for 1951-52. In the revised estimate, it has dwindled into Rs. 14,55,000. There was a lapse of Rs. 8 lakhs. Under which item it lapsed, we do not know. Under development of Cottage Industries, the estimate for last year was Rs. 11 lakhs. Did the Government spend anything for development of cottage industries? If they did not, for what other items was it diverted? We are given some figures without furnishing any details under them. Without a knowledge of the details, how did the Department progress last year, we do not know. Thus, Sir, we are unable to say whether the amounts included in the budget for the next year are necessary. We cannot make any comment on the figures. So, I say that it is all absolutely some imaginary figures as far as we are concerned. For example, take Public Works again. A sum of Rs. 9 lakhs is provided under it. Is it for original work? Is it for works in progress? Has the work begun last year been completed? For what purpose is this Rs. 9 lakhs included, we do not know. Similarly, you can take any sub-head under this demand, such as Irrigation, Communications, etc. We do not know what kind of work has been done and what amount is required to complete that work during the course of this year. If we had known that we can make relevant criticisms as to whether the amounts provided in the budget are sufficient or not. Now, we are in the dark to make

any comment on the figures. Yet, Member after Member sitting on the Treasury Benches says, "we do not get any constructive criticism." What criticism is possible, what constructive suggestions can be given with these facts, I do not know. After all, it is considered that the Ministers are responsible to the House. Do they realize that after all, they are responsible to this House? Are we transacting business in this House on the basis of that principle? There is provision here saying: For Development; Rs. 4 lakhs; "Experimental and Demonstration centre for Cottage Industries, Rs. 2 lakhs; Lump sum provision for the Schemes not yet finalized by the Cottage Industries Board, Rs. 2 lakhs." How do they come to this House with these figures? What will be the probable cost? Who knows it? Why put these figures, Sir? They can move for a token grant for sanctioning that item of activity. Then prepare a budget making a specific provision and stating before the House the work they are going to undertake. Why should they not do it in this way? Is it the attitude with which the Treasury Benches aught to carry on these schemes? Yet they will say that they do not get any constructive suggestions from this House. Is it just, I ask. Is it reasonable, I ask. Then it is only to save themselves that they give these figures.

Turning to another aspect of the Demand, Sir, I would like to point out that under "Works and Contributions," there is a provision of Rs. 17 lakhs. The actual establishment and supervision charges come to nearly Rs. 5·4 lakhs. So, the actual reconstruction work has to be done with about Rs. 10 lakhs. For works requiring Rs. 17 lakhs, they want a supervisory and establishment charge of nearly Rs. 5 lakhs, which is nearly one-third of the total cost. So, to spend Rs. 100 in the country, they want something like Rs. 33 by way of establishment and supervision charges. Is it a reasonable allotment? How can that be done, and under what principle can it be justified, I do not know. After all, if it is only a kind of ornamental department and it is a good point for advertisement, I can understand it. Then they say "we are providing half a crore of rupees for rural reconstruction." What is the rural reconstruction that is being done? If it is village reconstruction, the village must be selected and a planned development must be effected. What is the use of spending a thousand rupees in this village, five-hundred rupees in another and three thousand rupees in a third village? The money thus spent sporadically in different villages is a waste. The planned development of rural area must be taken up. We must continue it for a consecutive number of years to produce results. If in this year, you are spending for communication, next year, you will have to put further money to complete that scheme in that particular area. What is the use of providing some money and doing it at random? So I say that development of a rural area must be planned and carried on for a number of years till completion.

Then, Sir, with your permission, I should like to make a few remarks on the provision of Rs. 50,000, for handloom develop-

[Shri P. S. Nataraja Pillai]

ment scheme. I am sorry, Sir, that my hon. Friend the Minister in charge of controls is not here. Yet my remarks would be relevant in this connection, and I shall confine these observations to the handloom industry. It was the subject matter, in this House, of a number of questions by various Members, and I had my quota in them. It was also a subject matter of the short discussion under Rule 26. It was then admitted by the hon. Minister that great difficulties are experienced in this matter. The difficulties that face the handloom industry today are many. There is surplus of yarn. There is surplus of handloom cloth. Yet, the weavers are unemployed. How to solve the problem? That is the question. We have the information supplied by the official Benches that yarn is selling at a rate less than the controlled rate. Yet we enforce control. We are controlling the import of yarn and quantity allotted for Travancore-Cochin is not being regularly imported or received. In Madras and Bombay States, the mills are allowed to sell freely. Here we have no agency to import the free yarn that is being sold by the mills in Madras and Bombay. Our weavers are not able to get yarn at competitive rates. In reply to an interpellation it was said that there was a difference of nearly Rs. 8 per bundle between the free yarn rate and the rate of controlled yarn. Therefore, unless the control orders are so modified as to make the free sale of yarn of the mills available in this country, this high price for yarn will have to stand. The handloom weaver here pays the ex-mill price plus 12½ per cent to get yarn from the distributing agency. On the other hand, weaving mills are getting yarn at the ex-mill price. Weaving mills are getting yarn at a price less than the rate at which the handloom weaver is getting. Unless, therefore, we can make provision to see that the handloom weaver is also able to get the yarn at the same rate as the weaving mills, the handloom industry cannot thrive.

Another aspect of the question is, unless we allow unrestricted import of yarn from Madras and Bombay the industry here cannot become prosperous. Another point is rates. Handloom cloth has a great fillup in foreign markets. Unless, therefore, we move the Central Government to allot a particular quota for Travancore-Cochin for export to foreign countries, our handloom industry cannot become prosperous. The whole quantity produced here cannot be consumed within our own country. Therefore, Government will have to revise their control policy.

3 p.m.

We have elaborate control orders of yarn and they must be so revised as to give benefit to the hand-loom weavers. In that connexion I wish to submit, Sir.

Shri N. P. Varghese: May I know whether the Member is suggesting complete de-control?

Shri P. S. Nataraja Pillai: I want the policy followed in Madras to be adopted here. That is partial control.

Shri N. P. Varghese: Is it practicable ?

Shri P. S. Nataraja Pillai: I will give details as regards that. Apart from fixing the maximum price on yarn the quota allotted to this State must be imported by the importers and wholesale dealers under the licensing system. The other point is, we are entitled to purchase free sale yarn from certain places and sell the same here at competitive price Yarn the distribution is conducted by retail licensees. By subsidizing co-operative organisations, we must see to the distribution of yarn as far as possible to the handloom weavers at Ex-Mill Rates. There are one or two handloom Co-operative......

Shri Anthonie Andrew Daniel Luiz: Does the Member know what is prevailing in Madras in respect of this matter ?

Shri P. S. Nataraja Pillai: Being a deficit area in yarn without adequate production certain factors have to be reckoned with. I am of the view that we have to fix up a maximum ceiling price. At the same time we must get the quota fixed by the Government of India for the yarn that is produced in Madras and Bombay Presidencies. Import quota was fixed on the basis of population. I do not think there is any difficulty on the matter. These are points which I place for consideration by this House and the Treasury Benches so as to make provision for import of free sale yarn.

Shri Anthonie Andrew Daniel Luiz: Does the Member know that there is no market for consuming the stocks there ?

Shri P. S. Nataraja Pillai: That is because the price is so high. There is a difference of Rs. 7 between the prices. In the circumstances how can you expect them to consume the yarn? The position is, you have to export and find a market for handloom cloth. At the same time you must reduce the price of yarn. These are the two aspects and they go hand in hand. We must get permission to export our handloom cloth make provision for the import of free sale mill-yarn under a free market sale through wholesale dealers. It should be our attempt to eliminate free exmill plus rate in this business so as to secure the commission allowed to the Mills for our use. Subsidize the well established co-operative societies to purchase handloom cloth as is being done in Madras. Arrangements may also be made for dyeing yarn and unless it is done the handloom industry cannot thrive. Five grant in aid and make arrangements for getting the quota from Government of India.

Mr. Speaker: Is there plenty of free sale yarn available in the country?

Shri P. S. Nataraja Pillai: In Madras there is plenty.

Mr. Speaker: Then what about our place ?

Shri P. S. Nataraja Pillai: Here there is absolutely no free sale yarn because there is no license to import it. People here are getting free sale yarn in black market. But our licensed Importers are not getting down the stock allowed for this country. Permission should be given to wholesale dealers to import free yarn at lesser rate and sell it in the free market. The licensed importers are making profit by importing free yarn and selling it at controlled rates.

Shri Anthonie Andrew Daniel Luiz: But they have to find their own market for selling it.

Shri P. S. Nataraja Pillai: It is not the consumer's market. There is a market in Madras Presidency which is one of the biggest markets.

